


മഹാത്മാഗാന്ധി.

UNIVERSITY LIBRARY
14 SEP 1948
MADRAS

ഓം

# അരുണോദയം.

പുസ്തകം 2. } 1103 കൎക്കിടകം { ലക്കം 3.

## രാജയോഗിനി.

പ്രഥമഖണ്ഡം.

(അന്നനട).

---

1. പരമപാവന ചരിതരാം മുനി
വരരരുളിന ഭരതമേദിനി
ചിരായ കേവലം പരാഭവധ്വനി
വരാതെവൎത്തിച്ചു സദാചാരാധ്വനി.
പ്രവഹിച്ചീടുന്നുണ്ടിവിടെ സ്വർധുനി
ഭുവനപാവനി സുജനാഹ്ലാദിനി.
ഉപനിഷദ്രത്ന നിചയത്തിൻ ഖനി
യപരമല്ലിതേ തപോധനാവനി.
ഭഗവദ്ഗീതയ്ക്കുമിവിടെത്താൻ ജനി
നിഗമപ്പൂമണം കിളൎന്നിടും വനി.
ഭരണദൈവതം നഗേന്ദ്രനന്ദിനി
സ്മരവിമാഥിതൻ ഹൃദയാനന്ദിനി.
മഹിമവേണ്ടതെന്തിതിലും മേലിനി
മഹീജനനി നീ സുകൃതശാലിനീ.

2. മഹിമകളേവമിണങ്ങുമീ മന്നിൽ
മഹിമകൾതൊട്ടു മഹിളാരത്നങ്ങൾ
മഹിതാദർശങ്ങൾക്കുദാഹരണങ്ങൾ
മഹിതൻ മംഗല്യമണിപ്പുതങ്ങൾ
പ്രഭവിച്ചാർ മുന്നം ശുഭസതീവ്രത
പ്രഭവിതറിടും കനകദീപങ്ങൾ!
അവൎണ്ണനീയമാ മവർതൻവൈഭവം

സുവർണ്ണദീപ്രമാം സുവർണ്ണമാലയിൽ
ഭുവനഭിത്തിമേൽ വിളങ്ങുന്നുണ്ടിന്നും
വിവർണ്ണമായിട്ടില്ലതിൻെറ വൈശദ്യം.

3. തനതിസ്ലാംമത മതന്ദ്രഭക്തിയാ
ന്നനഘശീലനായനുഷ്ഠിക്കുമ്പോഴും
സനാതനധർമ്മപരായണന്മാരി
ലനാദരമേതു മിയന്നിടാതെയും
സമാനഭാവനച്ചരടിനാൽ ഹിന്ദു-
സമാജവുമിസ്ലാം സമാജവുമൊന്നായ്
ഇണക്കിക്കോർത്തു മുൽബണപ്രതാപനായ്
ഗുണജ്ഞനാമക്ബർറവനി വാഴുന്നാൾ
പരന്തപൻ മീവാർ പുരേന്ദ്രനാം നൃപൻ.
പുരന്ദരോപമ നമന്ദവിക്രമൻ
ചിരന്തനോന്മിഷൽ സ്വാതന്ത്ര്യഭാവത്താൽ
കരംകൊടുത്തീലാ മുഗിളർകോനുമേ.
പുകൾപെരുകുമപ്പുരിതന്മംഗല്യ
ത്തികവായ് രാജന്യകുലതിലകമായ്
സകലസൽഗുണ മണിനിലയമായ്
അകന്മഷപ്രേമ വികാസരംഗമായ്
മലർമകളുടെ നവാവതാരമായ്
വിലസീറാണതൻ മഹിഷി 'മീരാബായ്'.

4. പ്രതാപശാലിതൻ പ്രണയിനീപദം
നിതാന്തമേവർക്കും കൃതാർത്ഥതാസ്പദം.
ഭരണച്ചെങ്കോലും കരഗതമെങ്കിൽ
പറയണോ പിന്നെപ്പുരസ്ത്രീതന്മദം?
ധൃതാദരം വാഴ്ത്തും കൃതകഭക്തനെ
സ്മിതാർപ്പണത്തിനാൽ കൃതാർത്ഥനാക്കാനും
കൃതാപരാധനെ ഭ്രുകുടിഭംഗത്താൽ
കൃതാന്തഗേഹത്തിലതിഥിയാക്കാനും
നിപുണമാണല്ലോ നൃപ രമണിതൻ
വിപുലവൈഭവമിയന്നിടും പദം!

5. കൃപാരഹിതമായ് പരാർത്ഥനത്തിനാ
യുപകരിച്ചിട്ടുമുപായമായല്ലാ
നൃപകുലവധൂ ലലാമം കല്പിച്ച
തപാരമായതന്നപാരതന്ത്ര്യത്തെ.
സ്വരാജഭോഗത്തിൽ വിരാഗഭാവവും

വരാങ്ഗനാധമ്മ പരായണത്വവും
പരാപകാരത്തിൽ പരാങ്മുഖത്വവും
പരാൽപരങ്കലത്യുദാരഭക്തിയും.
വരാഘമീരയിൽ തെളിഞ്ഞു കാണായീ
പുരാണനായികാ മണികളിൽപോലെ.

6. അരമനചൂഴ മലർവനികയിൽ
കരാംകവരുന്ന പരിസരങ്ങളിൽ
പരമരമ്യമായൊരാലയം നിമ്മി
ച്ചരനിമിഷവും പിരിഞ്ഞിടാതതിൽ
കരിമുകിൽവർണ്ണൻ തിരുവടിയുടെ
ദുരിതഹാരിയാം മറിയ വിഗ്രഹം
പരിചരിച്ചുംകൊണ്ടിരുന്നാളന്നിളാ
പരിവൃഢാഗ്രണി വരിച്ച പെണ്മണി.

7. കിനാവിലുമന്യ നിനവവൾക്കില്ലാ
വിനാഴികനേരം വിനോദവുമില്ല.
കനകഭൂഷകളണിയുമാറില്ലാ
വിനയത്തിന്നേതു മിളപ്പവുമില്ലാ.
വഴിയും പ്രേമമത്തൻ പൊഴിയും ശ്രീമുഖം
മൊഴിയുമാറില്ലാ വഴിയൊരിക്കലും.
കടലൊളിവർണ്ണനുടയ ലാവണ്യ
ഛടയിലാറാടി സ്പഷ്ടകുതൂഹലം
വിളയാടീടുന്നോക്കിതരകാര്യത്താ
ലിളകുമാറുണ്ടോ കരളൊരിക്കലും?

8. തിരുമുടികെട്ടിൽ വിരുതെഴുംമട്ടിൽ
തിരുകിന പീലിത്തിരുളകളോടും
നിടിലദേശത്തിൽ പരിലസിച്ചീടും
കടിലകുന്തളച്ചുരുളുകളോടും
വളർപുരികങ്ങൾക്കിടയിലായ് തൊട്ട
കളഭകുങ്കമത്തൊടുകുറിയോടും
ഗളതടത്തിങ്കൽ തെളുതെളെച്ചിന്നി
ത്തിളങ്ങുംകൌസ്തുഭദ്യുതിതതിയോടും
കലിതകൌതുകം കഴുത്തിൽചാർത്തിയ
പുലിനഖകാന്തിപ്പൊലിമകളോടും
വിരിവേറുംമാറിൽ പരിണതാഭമായ്
സ്ഫുരിക്കും ശ്രീവത്സത്തിരുമറുവോടും

അരഞ്ഞാണിൽ ഞാലുമരമണിയോടും
ചരണത്തളിരിലെച്ചിലമ്പുകളോടും
ഉടലിലെങ്ങുമേ വഴിഞ്ഞൊഴുകീടും
വിടൎന്നകായാവിൻ മലരൊളിയോടും
അദയമാഭീര ഹൃദയകോരകം
വിദളിതമാക്കും മുരളികയോടും
അയതനമാരെയും മയക്കിയാനന്ദ
കയത്തിലാഴ്ത്തിടും മൃദുസ്മിതത്തോടും
വിളങ്ങുംഗോകുല തിലകവിഗ്രഹം
വളൎന്നിടും ഭക്തിത്തികവൊട്ടനഘം
വളൎത്തിപ്പോന്നാളക്കലസ്ത്രീരത്നമു-
ക്കളത്തിലുമുപവനഗൃഹത്തിലും.

പാലക്കാട്. വി. ഉണ്ണികൃഷ്ണൻ നായർ ബി. ഏ.

# ജീവിതതത്വനിരൂപണം.

ഈശ്വരസൃഷ്ടിയിൽ ജീവിതത്തെക്കുറിച്ച് ചിന്തിപ്പാനുള്ള ശക്തി മനുഷ്യന്നു മാത്രമേയുള്ളൂ. മററു ജന്തുക്കൾക്ക്, 'ജീവൻ എന്നുള്ളതെന്താണ്? അതെവിടെനിന്നുത്ഭവിച്ചു? അതിൻെറ ആന്തരാൎത്ഥമെന്തായിരിയ്ക്കും?, എന്നെല്ലാമുള്ള വിശേഷബുദ്ധിയുടെ ഫലമായ വിചാരം ഉണ്ടാവുന്നുണ്ടെന്നു പറവാൻ തരമില്ല. ജന്മത്തിൻെറ ഉദ്ദേശ്യം ഉത്ഭവസ്ഥാനം, അതിന്റെ പ്രഭാവത്തിൽ കടന്നുപോകുന്ന വിവിധപദ്ധതികൾ, തുടങ്ങിയ സൂക്ഷ്മകാൎയ്യങ്ങളെ സംബന്ധിച്ച് എന്നും എവിടേയുമുള്ള തത്വജ്ഞന്മാർ ദീൎഘചിന്തനം ചെയ്തിട്ടുണ്ട്. "ജീവിതം സുഖപൂൎണ്ണമാണ്; അതുകൊണ്ട് അത് ഒരനുഗ്രഹം തന്നെ' എന്നു ചിലരും— 'അല്ല, അത് ദുഃഖമയമാണ്. അതിൽ ക്ലേശവും നിരാശയും രോഗവും മാത്രമേയുള്ളൂ, എന്നുതന്നെയല്ല, അത് മരണത്തോടുകൂടി അവസാനിയ്ക്കുന്നതുമാണ്" എന്ന് മററുചിലരും പ്രബലമായ് പ്രസ്താവിയ്ക്കാറുണ്ട്. വ്യാവഹാരികജീവിതത്തിൽ അനേകം അരിഷ്ടങ്ങൾ ഉണ്ടായിരിയ്ക്കുമെന്നുള്ളതു് സമ്മതിയ്ക്കത്തക്കതുതന്നെ. എന്നാൽ, അടിയിൽചുഴിഞ്ഞുനോക്കാൻ കെല്പും അവധാനവുമില്ലാത്തവർ മാത്രമേ ജീവിതം നിരൎത്ഥകമാണെന്നും മരണത്തോടുകൂടി സൎവ്വവും നശിച്ചുപോകുമെന്നും നിശ്ശങ്കം അഭിപ്രായപ്പെടുകയുള്ളൂ.

ഇരുട്ട് വെളിച്ചത്തിൻെറയെന്നപോലെ ജീവിതം മരണത്തിൻെറ വിപരീതഭാവമാകുന്നു. 'ഉണ്ടായിരിയ്ക്ക'യെന്നതും 'ഇല്ലാതാവുക' എന്നതും ഒന്നിൽതന്നേ സ്ഥിതിചെയ്വാൻ തരമില്ലല്ലോ. അതുകൊണ്ട്

ജീവിതം പരമാൎത്ഥമാണെങ്കിൽ, തദ്വിപൎയ്യയം അയഥാൎത്ഥമാവുകതന്നെ വേണം. "നാസ്തോ വിദ്യതേഭാവഃ നാഭാവോ വിദ്യതേ സതഃ—" എന്ന ഗീതാവചനം ഒരു ശാശ്വതതത്വമാകുന്നു. മരണരഹിതമായ ആത്മാവ് അവിനാശിയും ജന്മരഹിതവുമാണെന്ന് ഇത്രയുംകൊണ്ട് അനുഗതമാവുന്നുണ്ട്. അത് മരണത്തിന്ന് വശംവദമാണെങ്കിൽ, അവിഭാജ്യപദാൎത്ഥമെന്നൊരിയ്ക്കലും വരുന്നതല്ല. അനാദ്യന്തവും അവികാരിയുമായ ഒന്ന് അസാപേക്ഷവുമായിരിയ്ക്കേണ്ടതാണ്. അത് സൎവ്വത്തിന്നും ചൈതന്യത്തെ നൽകുന്നതും സൎവ്വചൈതന്യത്തിന്നും കേന്ദ്രവും, സജീവമായ സകലത്തിന്നും നിദാനവുമായിരിയ്ക്കയും ചെയ്യും. ആ ശക്തി വൃക്ഷലതാദികളിലും മൃഗങ്ങളിലും മനുഷ്യരിലും—അതായത് സൂക്ഷ്മമായ ജീവാണുമുതൽ മനുഷ്യൻവരെയുള്ള സൎവ്വത്തിലും വ്യാപിച്ചിരിയ്ക്കുന്നുണ്ട്. അത് സനാതനവും ഏകവുമാകുന്നു. വിദ്യുച്ഛക്തിയെന്ന ഒരേ ശക്തി, ചൂട്, വെളിച്ചം, ചലനം ഇത്യാദി വിവിധഭാവത്തെ ആശ്രയിച്ചുകൊണ്ട് യന്ത്രങ്ങളിൽ വൎത്തിയ്ക്കുന്നതായ് നാം കാണുന്നുണ്ട്. അതേവിധംതന്നെ, നിഖിലജീവസാരമായ ഈ ചൈതന്യവും നാമരൂപാശ്രയിത്വത്താൽ അനേകമാണെന്നു വ്യവഹരിയ്ക്കപ്പെടുന്നു. നമ്മുടെ ജീവിതം ആനന്ദാഭിധമായ ഒരു യഥാൎത്ഥജീവിതത്തിന്റെ ഭാവമാകയാൽ മരണം അതിന്റെ അന്തമോ പരമോദ്ദേശ്യമോ അല്ലെന്ന് സയുക്തികം സ്ഥാപിയ്ക്കാവുന്നതാണ്. ആദിശക്തിയുടെ പ്രതിഫലനമായ ഭാവം (Expression) ദേശകാലോപാധികളെ ആശ്രയിയ്ക്കുന്നതും വിശിഷ്യവികാരിയുമാകയാലാണ് ഭിന്നഭിന്നത്വേന ഓരോരുത്തരിൽ കാണ്മാനിടയാകുന്നത്. അതുകൊണ്ട് ജീവാത്മാവ് പരിസരങ്ങളേയും മററും അനുസരിച്ച് വികസിയ്ക്കുന്നതും ക്രമത്തിൽ ഉൽകൎഷം പ്രാപിച്ച് ബന്ധനങ്ങളിൽനിന്ന് വിമുക്തമാകുന്നതുമാണ്. ദേശകാലാവൎത്തിന്നമല്ലാത്ത പരമാത്മാവിന്നുള്ള മാഹാത്മ്യം ജീവാത്മാവിലും അന്തർല്ലീനമായിരിയ്ക്കുന്നുണ്ട്. എന്നാൽ പരിസരാദിപ്രഭാവംകൊണ്ട് അത് സ്വത്വ(Selfishness)മായ് പരിണമിയ്ക്കുന്നുവെന്നേ പറവാൻ തരമുള്ളൂ.

മൂലശക്തിയിൽനിന്ന് വ്യത്യസ്തമായതാണ് ജീവാത്മാവെന്നുള്ള ഭാവന ദുഃഖകാരണമാകുന്നു. ആത്മാവിന്നു വികാസശക്തിയുണ്ടെന്നും, ജീവിതം, ഉപാധികളിൽനിന്നും വിമുക്തികിട്ടാനുള്ള അതിന്റെ പ്രയത്നം—അല്ലെങ്കിൽ, പരിസരങ്ങളോടുള്ള നിരന്തരസമരമാണെന്നുമാണ് വേദാന്തം നമ്മെ പഠിപ്പിയ്ക്കുന്നത്. ഈ തത്വത്തെ വിസ്മരിയ്ക്കുന്ന പരിണാമവാദികൾ ജഗൽസൃഷ്ടിയുടെ ഭിന്നഭിന്നസ്വരൂപത്തേയും അതിന്റെ വൈപരീത്യത്തേയും വിശദമായ് വ്യാഖ്യാനിപ്പാൻ അശക്തരായ് കാണപ്പെടുന്നു. സൎവ്വനിയന്ത്രിയായ ശക്തിയ്ക്ക് സ്വരൂപമായി, വ്യക്തിയെ പ്രാപിയ്ക്കുവാനുള്ള സാധനമാണ് നമ്മുടെ ശരീരമെ

ന്നുള്ള ജ്ഞാനം ഉണ്ടാവാതിരിയ്ക്കുന്നതുവരെ, ദുഃഖം അടിയ്ക്കടിയ്ക്ക് ആവിർഭവിയ്ക്കതന്നെ ചെയ്യും.

നാം കാമക്രോധാദിവികാരങ്ങൾക്ക് വശംവദരാണെങ്കിലും പലപ്പോഴും സ്വതന്ത്രചിത്തവൃത്തികളാണെന്ന് ഭാവിയ്ക്കാറുണ്ട്. ഈ അഹംബുദ്ധി നമ്മെ വിട്ടുപിരിയാതിരിയ്ക്കുന്നതുകൊണ്ട് കേവലം സ്വതന്ത്രമായ ഒരവസ്ഥയുണ്ടെന്നുള്ളതുതന്നെ നമുക്ക് യുക്തിവിരോധമാണെന്ന് തോന്നിപ്പോവുന്നു. ഇനി ഒരു പക്ഷേ, പെട്ടെന്ന് ആ സ്ഥിതി അനുഭവിപ്പാൻ ഇടയായാൽകൂടി നമുക്കതു് ദുഃഖകരമാവാനും സംഗതിയുണ്ട്. നമ്മുടെ മനഃസ്ഥിതി അത്രയും നീചമായ് കഴിഞ്ഞിരിയ്ക്കുന്നു! ഒരിയ്ക്കൽ, സ്വാതന്ത്ര്യം അനുവദിച്ചുകിട്ടിയ ചില തടവുപുള്ളികൾ തങ്ങളുടെ ചിരന്തനവാസസ്ഥലമായ ജേൽമുറിതന്നെ മതി; അതുപോലെ മററവിടേയും സുഖം തോന്നുന്നില്ലെന്ന് പറഞ്ഞ കഥ ഇവിടെ പ്രത്യേകം സ്മരണീയമാകുന്നു. ഇപ്രകാരംതന്നെ ഈ ജീവിതം സുഖപൂൎണ്ണമാണെന്നുള്ള വിശ്വാസത്തോടുകൂടി പുതിയ പുതിയ ആശകളെ നമ്മുടെ ചിത്തവൃത്തി പിന്തുടൎന്നുപായുന്നു. അടുക്കംതോറും പ്രകൃതിഭേദം കൈക്കൊള്ളുന്ന അതു് പെട്ടെന്നുമറഞ്ഞു്, ആകൎഷികസൌന്ദൎയ്യത്തോടെ ദൂരത്തായ് പ്രത്യക്ഷപ്പെട്ടു് നമ്മെ വീണ്ടും വശീകരിയ്ക്കുന്നു. ഇങ്ങിനെ വഞ്ചകസ്വഭാവത്തോടുകൂടിയ ആഗ്രഹങ്ങളുടെ സ്വരൂപമോ അവയെ സ്വാധീനമാക്കാനുള്ള മാൎഗ്ഗമോ മനസ്സിലാവാതെ മനുഷ്യൻ സുഖാന്വേഷിയായ്ത്തന്നെ കാലം കഴിയ്ക്കുന്നു. എന്നാൽ അസ്വതന്ത്ര ചിത്തവൃത്തിയായ അവന്ന് സുഖം എങ്ങിനെയുണ്ടാവും? സുഖം യഥാൎത്ഥസ്വാതന്ത്ര്യത്തിന്റെ പൎയ്യായഭേദമല്ലയോ?

ഇനി ചിന്തിപ്പാനുള്ളതു്, നാം വികാരങ്ങളുടെ ആജ്ഞയെ അനുസരിയ്ക്കുന്ന അടിമകളായിരിപ്പാനുള്ള കാരണമെന്തായിരിയ്ക്കുമെന്നാണ്. ദൈവം ഇപ്രകാരം ഒരു കാലത്തും നിശ്ചയിച്ചിരിപ്പാൻ ന്യായം കാണുന്നില്ല. ഇതിനുള്ള ഹേതു, പരമാൎത്ഥത്തിൽ നാംതന്നെയാണ്; നമ്മെത്തന്നെയാണ് കുററപ്പെടുത്തേണ്ടതും. എന്തെന്നാൽ, ഈ സ്ഥിതി തീൎച്ചയായും പൂൎവ്വകൎമ്മഫലത്തെ ആശ്രയിച്ചിരിയ്ക്കുന്നതാണ്. എന്നുതന്നെയല്ല, നമ്മുടെ ഭാവി ഇപ്പോഴുള്ള കൎമ്മത്തിന്റെ ഫലത്തെ അനുസരിച്ച് വ്യവസ്ഥാപിതവുമായിരിയ്ക്കും. ലൌകികവിഷയങ്ങളിലുള്ള വാസനയാണ് ഈ ലോകത്തിൽ ജന്മമുണ്ടാകുവാനുള്ള കാരണം. ഇത്തരം അനേകജന്മങ്ങൾകൊണ്ട് നാം ശുദ്ധസത്വസ്വഭാവരാകുകയും നമ്മുടെ ഉള്ളിലുള്ള ദിവ്യശക്തി പൂൎണ്ണവികാസത്തെ പ്രാപിച്ച്, കേവലചൈതന്യമാകുന്ന ബ്രഹ്മത്തോട് ഐക്യം പ്രാപിയ്ക്കുകയും ചെയ്യുന്നു. എന്നിപ്രകാരമുള്ള സൂക്ഷ്മതത്വമാണ് വേദാന്തം പ്രതിപാദിയ്ക്കുന്നതു്. മററു ചില മതസ്ഥന്മാർ, ഈ ജന്മത്തിൽ എന്തു് കുത്സിതപ്രവൃത്തികൾ

ചെയ്താലും മരണശേഷം നമുക്ക് പൂൎണ്ണസുഖം ലഭിയ്ക്കുമെന്ന് വിശ്വസിയ്ക്കുന്നുണ്ട്. ഇതു് ഒരിയ്ക്കലും ശരിയാവുന്നതല്ല. മരണത്തിന്നുമുമ്പ് നിൎമ്മുക്തനാവാത്ത ഒരാൾ മരണാനന്തരം അങ്ങിനെയാവുമെന്ന് പറയുന്നതു് യുക്തിചൎച്ചയ്ക്ക് യോജിച്ചതാണോ? നമുക്കുണ്ടാവുന്ന സുഖദുഃഖാനുഭവങ്ങളെ തീൎച്ചപ്പെടുത്തുന്നതു് നമ്മുടെ കൎമ്മങ്ങളെ അനുസരിച്ചല്ല; പ്രത്യുത, അങ്ങിനെ ചെയ്യുന്നതു് നമ്മുടെ കൎമ്മങ്ങൾതന്നെയാകുന്നു. ഇതാണ് നാം ഗ്രഹിയ്ക്കേണ്ടതു്. ഈ ശാശ്വതതത്വമാണ് വേദാന്തമതത്തിൻെറ സുസ്ഥിരമായ അസ്ഥിവാരം.

താത്തമംഗലം എം. സുന്ദരേശമേനോൻ, ബി. ഏ.

---

ദ്രോണവധത്തിൽ

## ശ്രീകൃഷ്ണയുധിഷ്ഠിരന്മാരുടെ

### വഞ്ചന (അസത്യവാദം) പ്രക്ഷിപ്തമാണ്.

(തുടൎച്ച)

സ്ത്രീപൎവ്വത്തിലേ 23-ാം അദ്ധ്യായത്തിൽ, ദ്രോണരുടെ ഭാൎയ്യ യുദ്ധക്കളത്തിൽ നിന്നും സ്വഭൎത്താവിൻെറ ശരീരം എടുത്തുകൊണ്ടുപോയി സംസ്കാരം ചെയ്തു എന്നും, ദ്രോണപൎവ്വത്തിലെ 191-ാം അദ്ധ്യായത്തിലെ പ്രക്ഷിപ്തഭാഗത്തു്, ദ്രോണർ മരിച്ചശേഷം അദ്ദേഹത്തിൻെറ ദേഹം യുദ്ധാംകണത്തിൽ തിരഞ്ഞെടുത്തതിൽ കണ്ടുകിട്ടിയില്ലെന്നും പറഞ്ഞിരിക്കുന്നു.

നാം പ്രക്ഷിപ്തമെന്നു പറയുന്നഭാഗം മുഴുവൻ യഥാൎത്ഥവും, യഥാൎത്ഥമെന്നു പറയുന്ന ഭാഗമെല്ലാം പ്രക്ഷിപ്തവുമാണെന്ന് ചിലർ പറയും. എന്നാൽ, മഹാഭാരതത്തിൽ പൂൎവ്വാപരസാമഞ്ജസ്യം കാണുന്നില്ല. അതിനാൽ, ആദ്യമായി മഹാഭാരതമഞ്ജരിയിലെ ദ്രോണപൎവ്വം, പിന്നീട് ഈ പ്രബന്ധവും വായിക്കുന്നതായാൽ ഈ സംശയത്തിനിടവരികയില്ല.

ആദിപൎവ്വം രണ്ടാമദ്ധ്യായത്തിൽ പൎവ്വസംഗ്രഹമുണ്ട്. അതിൽ, ദ്രോണവധത്തിൻെറ പ്രധാനസംഗതി പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ, അസത്യഭാഷണം ചെയ്യുന്നതിലേക്കുള്ള ശ്രീകൃഷ്ണൻെറ പ്രേരണയേയും, ഭീമയുധിഷ്ഠിരന്മാരുടെ മിഥ്യാഭാഷണത്തേയും അല്പംപോലും സൂചിപ്പിച്ചിട്ടില്ല. നിശ്ചയമായും അതു് ദ്രോണവധത്തിൻെറ പ്രധാനകാരണമായിരുന്നുവെങ്കിൽ ആദിപൎവ്വത്തിൽ പ്രസ്താവിക്കുമായിരുന്നു.

ഈ പൎവ്വസംഗ്രഹത്തിൽ കാണുന്നതു്, ദ്രോണപൎവ്വത്തിൽ ആകെ, 8909 * ശ്ലോകങ്ങളാണുള്ളതു് എന്നാണ്. ഇപ്പോഴത്തെ ഗണ

---

* ആദിപൎവ്വം ൨,

നയിൽ 9417 ശ്ലോകങ്ങൾ കാണുന്നുണ്ട്. അപ്രകാരമാണെങ്കിൽ, ദ്രോണപർവ്വത്തിൽ 508 ശ്ലോകങ്ങൾ പ്രക്ഷിപ്തമാകുന്നു. മദ്രാസിൽ അച്ചടിച്ചിട്ടുള്ള സംസ്കൃതമഹാഭാരതത്തിലെ ദ്രോണപർവ്വത്തിൽ, മുൻപു പറഞ്ഞതിലും അധികം ശ്ലോകങ്ങൾ കാണുന്നുണ്ട്. × ഇതു വളരെ ആശ്ചര്യമായിരിക്കുന്നു. ഇപ്പോഴുള്ള മുദ്രാലയങ്ങളിൽനിന്ന് ദിവസന്തോറും പണ്ഡിതന്മാരായ ഹിന്ദുക്കൾക്കു ഹിന്ദുശാസ്ത്രങ്ങളെ രചിച്ച് പ്രചരണം ചെയ്യിക്കാമെങ്കിൽ സ്മരണാതീതമായ ആ പുരാതനകാലത്ത്— മഹാഭാരതം ഗ്രന്ഥരൂപത്തിലാകാതെ മുഖസ്ഥമായിരുന്ന കാലത്ത്— ഓരോരുത്തർക്കും, അവരവരുടെ ഇഷ്ടംപോലെ, എഴുതിച്ചേർക്കുന്നതിൽ ഒരു പ്രയാസവും ഉണ്ടായിരിക്കാനിടയില്ല.

ഇനിയും, നാലാമത്തെ പ്രമാണം ഉദ്ധരിച്ച് പ്രക്ഷിപ്തപ്രമാണത്തെ കുറിയ്ക്കുന്നു. മഹാഭാരതം ആദ്യംമുതൽ അവസാനംവരെ, ശ്രീകൃഷ്ണനേയും പാണ്ഡവന്മാരെയും, ഏതേതുവർണ്ണത്തിൽ ചിത്രീകരിച്ചിരിക്കുന്നു എന്നു നോക്കാം.

മഹാഭാരതത്തിൻെറ ആദ്യഭാഗത്തു കാണുന്നത് ഇപ്രകാരമാണ്. "ഈ മഹാകാവ്യത്തിൽ മഹർഷി വേദവ്യാസൻ പഞ്ചപാണ്ഡവന്മാരുടെ "സത്യനിഷ്ഠ" യേയും, ധാർത്തരാഷ്ട്രന്മാരുടെ ദുർവൃത്തതയേയും വർണ്ണിച്ചിരിക്കുന്നു. =

പാണ്ഡവന്മാർ ആ കാലത്ത് ജനിച്ചിട്ടുപോലുമില്ല. മഹാഭാരതത്തിൽ "കുന്തിയും മാദ്രിയും പുണ്യവാന്മാരായ സൽപുത്രന്മാരെ പ്രസവിക്കുമെന്നു സിദ്ധമഹർഷിമാർ പറഞ്ഞിരിക്കുന്നു. ●

ഈ പുത്രൻ, സത്യവാനും ധാർമ്മികനുമായ പുരുഷശ്രേഷ്ഠനായിത്തീരും എന്ന് യുധിഷ്ഠിരൻ ജനിച്ചപ്പോൾ ആകാശവാണിയുണ്ടായതായി മഹാഭാരതത്തിൽ പറഞ്ഞിരിക്കുന്നു. *

ധർമ്മനിഷ്ഠനായ ഭീഷ്മർ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "പാണ്ഡവന്മാർ അഞ്ചുപേരും ധർമ്മപഥാവലംബികളാണ്". *

യുധിഷ്ഠിരൻ യുവാവായപ്പോൾ, പ്രജകൾ, സംഘംചേർന്നും വഴികളിൽ കൂട്ടംകൂടിയും, രാജ്യപ്രാപ്തിക്കു യുധിഷ്ഠിരനുള്ള യോഗ്യതകളെ വർണ്ണിച്ചും, സത്യനിഷ്ഠനും, ദയാനിധിയുമായ ധർമ്മജനെ ഞങ്ങൾ രാജാവാക്കുമെന്ന് പറഞ്ഞുതുടങ്ങി. *

മഹാത്മാവായ വിദുരൻ, "യാതൊരുവൻെറ ഉള്ളിൽ ഒരിടത്തു പരാക്രമവും, മറെറാരിടത്തു ദയ, ക്ഷമ, ധൈര്യം, സത്യം ഇവയും

× ആദിപർവ്വം ൧ ൧൦൧. = ആദിപർവ്വം ൧൨൦. ൭൦. ● കൽക്കട്ടയിലും മദ്രാസിലും അച്ചടിച്ച മഹാഭാരതങ്ങൾ നോക്കുക.

* ആദിപർവ്വം ൧൧൯, * ആദിപർവ്വം ൨൦൩. * ആദിപർവ്വം ൧൪൧.

സ്ഥിരപ്രതിഷ്ഠയെ പ്രാപിച്ചിരിക്കുന്നു, അപ്രകാരമുള്ള യുധിഷ്ഠിരനെ അതിക്രമിക്കാൻ ആരുതന്നെ ശക്തനാകും. * എന്നു പറയുന്നു.

ധൃതരാഷ്ട്രരാജാവ് ദുര്യോധനനോടു പറയുന്നു, "യുധിഷ്ഠിരൻ കപടം പ്രവർത്തിക്കാൻ അറിഞ്ഞുകൂടാത്തവനും ആരോടും ദ്വേഷമില്ലാത്തവനുമാകുന്നു. അവനേക്കുറിച്ച് നിങ്ങൾ വിരോധപ്പെടുന്നത് യുക്തമല്ല." x

വൃദ്ധനായ രാജാവ് വീണ്ടും പറയുന്നു, "ധർമ്മജാതനായ യുധിഷ്ഠിരൻ ഒരിക്കലും "പാപകർമ്മം" ചെയ്കയില്ല". +

പാണ്ഡവന്മാർ വനവാസം ചെയ്തപ്പോൾ, അവരുടെ വിസ്തൃതമായ ഇന്ദ്രപ്രസ്ഥം, ദുര്യോധനൻ അധികാരം പ്രയോഗിച്ച് കയ്യടക്കിയെങ്കിലും അദ്ദേഹത്തിന്റെ ദുശ്ചിന്തകൾ കുറഞ്ഞില്ല. അപ്പോൾ പാണ്ഡവന്മാരുടെ ജന്മശത്രുവായ ശകുനി ദുര്യോധനനോട് ഇപ്രകാരം പറഞ്ഞു. "പാണ്ഡവന്മാരെല്ലാവരും സത്യപരായണന്മാരാണ്" ത്രയോദശവത്സരം കഴിയാതെ അവർ വരികയില്ല. ഇനിയും, നിന്റെ അച്ഛൻ അവരുടെ രാജ്യം അവക്കുതന്നെ തിരികെ കൊടുത്താലും അവർ അതു സ്വീകരിക്കയില്ല. ●

യുധിഷ്ഠിരനും സോദരന്മാരും, ദ്രൗപദിയോടുകൂടി വനവാസദുഃഖമനുഭവിച്ചപ്പോൾ, സത്യത്തിനു ഭംഗം വന്നാലും വേണ്ടില്ല, പരാക്രമംകൊണ്ടെങ്കിലും, ഈ ദുഷ്ടന്മാരുടെ കയ്യിൽനിന്ന്, സ്വദേശത്തെ വീണ്ടെടുക്കേണമെന്ന്, സതീരത്നമായ ദ്രൗപദി തന്നെ, എത്ര ഉദ്ദീപനവാക്യങ്ങളാണ് പറഞ്ഞത്! മഹാബലവാനായ വൃകോദരൻ അ അപ്രകാരമെന്നു സമ്മതിച്ചെങ്കിലും ഇവയൊന്നുകൊണ്ടും ലേശംപോലും ചലിതനാകാതെ യുധിഷ്ഠിരൻ ഇപ്രകാരം പറഞ്ഞു. "രാജ്യം, പുത്രൻ, യശസ്സ്, ഐശ്വര്യം ഇവയൊന്നും സത്യത്തിന്റെ പതിനാറിൽ ഒരംശത്തിനു തുല്യമല്ല." =

അതിനുശേഷം പാണ്ഡവന്മാരുടെ വനവാസദുഃഖത്തിൽ അനുശോചിച്ചുകൊണ്ട് ശ്രീകൃഷ്ണനും ബലരാമപ്രഭൃതികളായ യാദവന്മാരും അവരെ കാണുന്നതിനായി വന്നു. അപ്പോൾ മഹാവീരനായ സാത്യകി എല്ലാവരുടേയും മുമ്പിൽനിന്നുകൊണ്ട് മററുള്ളവരുടെ പ്രതിപുരുഷനെന്ന ഭാവത്തിൽ യുധിഷ്ഠിരനോടു പറഞ്ഞു, "ഞങ്ങൾ തന്നെ യുദ്ധംചെയ്ത് ദുര്യോധനാദികളെ നിഗ്രഹിച്ച് നമ്മുടെ അഭിമന്യുവിനെ രാജാവാക്കും. പതിമൂന്നു സംവത്സരം കഴിഞ്ഞു് അവിടുന്ന് അഭിമന്യുവിന്റെ വക്കൽനിന്ന് രാജ്യത്തെ സ്വീകരിച്ചുകൊള്ളണം. സാത്യകിയുടെ ഈ വാക്കുകേട്ട് യുധിഷ്ഠിരമഹാരാജാവ് ഇപ്രകാരം ഉത്തരം

* ആദിപർവ്വം ൨൦൫. + സഭാപർവ്വം ൭൮. + വനപർവ്വം ൨൩൫.
● വനപർവ്വം ൭. = വനപർവ്വം ൩൪.

പറഞ്ഞു. ഹേ! സാത്യകി! നീ യാതൊന്നു പറയുന്നു, അതുചെയ്യാൻ നീ സമർത്ഥൻ തന്നെ, സംശയമില്ല എന്നാൽ, ഞങ്ങളെ സംബന്ധിച്ചിടത്തോളം, സത്യം തന്നെയാണ് രക്ഷിക്കേണ്ടതു്, രാജ്യമല്ല. അതു കൊണ്ട് നിങ്ങളുടെ വാക്കിനെ സമ്മതിക്കാൻ ഞാൻ ശക്തനല്ല. *

യുധിഷ്ഠിരൻെറ വനവാസദുഃഖത്തേയും ക്ലേശങ്ങളേയും കണ്ടിട്ട്, യക്ഷൻ എന്തെങ്കിലും വരം വരിച്ചുകൊള്ളുന്നതിന് ധർമ്മപുത്രരോട് അപേക്ഷിച്ചു. ശത്രുക്കളാൽ പീഡിതനായി രാജ്യഭ്രംശവും വന്ന് യാതൊന്നുമില്ലാതെയിരിക്കുന്ന രാജാവ് ഏതുവരമാണപേക്ഷിക്കുക? അദ്ദേഹമാകട്ടെ, ശത്രുനാശത്തിനോ സ്വരാജ്യത്തേ ഉദ്ധരിക്കുന്നതിനോ വേണ്ടി യാതൊന്നും അപേക്ഷിച്ചില്ല. മഹാത്മാവേ! ഞാൻ ഏതൊന്നു കൊണ്ടു് എല്ലായ്പ്പോഴും ക്രോധലോഭമോഹങ്ങളേ ജയിക്കാൻ ശക്തനാകുമോ, അതുപോലെ, എൻെറ മനസ്സ് ഏതൊന്നുകൊണ്ടു് എല്ലാനേരവും, സത്യം തപസ്സ് ദാനം ഇവയിൽ അനുരക്തമായിരിക്കുമോ അപ്രകാരമുള്ള വരത്തേ പ്രദാനം ചെയ്താലും? എന്നാണദ്ദേഹമപേക്ഷിച്ചതു് ഉടനേ യക്ഷൻ നീ സ്വതേന്നെ ഈ സകലഗുണങ്ങൾക്കും അധികാരിയാണ്, നീ സാക്ഷാൽ ധർമ്മംതന്നെയാകുന്നു. അതിനാൽ, നീ യാതൊന്ന് ആഗ്രഹിക്കുമോ അതു സാധിക്കും × എന്നുപറഞ്ഞു.

പരമശത്രുവായ ദുര്യോധനൻ ഗന്ധർവ്വരാജാവിനാൽ ബന്ധിക്കപ്പെട്ടപ്പോൾ, ഹസ്തിനപുരം ഇന്ദ്രപ്രസ്ഥം ഈ രണ്ടുഭൂഭാഗങ്ങളും കൈവിട്ടു വനവാസിയായ യുധിഷ്ഠിരന് വീണ്ടെടുക്കുവാനുള്ള സുവർണ്ണാവസരം ഉപഗതമായി എങ്കിലും, യുധിഷ്ഠിരൻ സത്യത്തേ പാലിക്കുന്നതിനായിട്ടു് 13 വർഷം വനവാസദുഃഖത്തേ സഹിക്കുന്നതിനുതന്നെ നിശ്ചയിച്ചു. ദുര്യോധനനേ ഗന്ധർവന്മാരുടെ കയ്യിൽനിന്നും മോചിച്ച്, ആ രണ്ടു രാജ്യങ്ങളും മുൻപോലെ അനുഭവിച്ചുകൊള്ളുന്നതിന് അനുവദിക്കയും ചെയ്തു. ഇപ്രകാരമൊരു മഹാമനസ്കതയ്ക്കു് മറെറാരു ദൃഷ്ടാന്തം കാണ്മാൻ കഴിയുമോ?

## കുരുക്ഷേത്രത്തിലേ യുദ്ധത്തിനുമുൻപ്.

പാണ്ഡവന്മാരുടെ അജ്ഞാതവാസത്തിൻെറ കാലം അതീതമായി. ദുര്യോധനൻ പലയിടങ്ങളിലും ചാരന്മാരേ അയച്ചന്വേഷിച്ചിട്ടും അവരുടെ യാതൊരു വർത്തമാനവും അറിയാനിടയായില്ല. അതു കേട്ടിട്ടു്, സത്യനിഷ്ഠനും ധർമ്മപരായണനുമായ ഭീഷ്മർ, യുധിഷ്ഠിരൻെറ ഏതാദൃശമായ ചരിത്രചിത്രത്തേ കൌരവസഭയിൽ പ്രദർശിപ്പിച്ചു.

പാണ്ഡവന്മാരെല്ലാവരും 'സത്യവ്രതപരായണ'രായ മഹാപുരുഷന്മാരാണ്. യുധിഷ്ഠിരരാജാവ് എവിടെ വസിക്കുന്നു എന്നറിവാൻ പ്രയാസമില്ല. എവിടെ യുധിഷ്ഠിരരാജാവിരിക്കുന്നു, അവിടെ രാജാക്ക

* വനപർവ്വം ൧൮൦, × വനപർവ്വം ൩൧൩,

ന്മാൎക്ക് അമംഗളമുണ്ടാകയില്ല. അവിടെ എല്ലാവരും ജിതേന്ദ്രിയന്മാരും, ധൎമ്മനിഷ്ഠന്മാരും, സന്തോഷവും സത്യനിഷ്ഠയുമുള്ളവരുമായിരിക്കും. എവിടെ യുധിഷ്ഠിരൻ ഇരിക്കുന്നുവോ അവിടെ ആരും അന്യന്റെ ഗുണത്തിൽ ദോഷാരോപം ചെയ്കയില്ല, പരശ്രീയിലസൂയപ്പെടുകയില്ല; അന്യോന്യം മത്സരമുള്ളവരായിരിക്കയില്ല; ഒരുവനും യാതൊരുവിധമായ ഭയവും ഉണ്ടായിരിക്കയില്ല. എവിടെ യുധിഷ്ഠിരരാജാവിരിക്കുന്നുവോ അവിടെ മേഘങ്ങൾ വേണ്ടവിധം വൎഷിക്കും; സസ്യങ്ങൾക്ക് സമൃദ്ധി ഉണ്ടാകും; വൃക്ഷങ്ങൾ ധാരാളം ഫലപ്രദാനം ചെയ്യും; പുഷ്പങ്ങൾ സുഗന്ധത്തെ വിതരണം ചെയ്യും; വായു സുഖസ്പൎശനായി സഞ്ചരിയ്ക്കും; സ്വാദുള്ളവയും സ്വാസ്ഥ്യകരങ്ങളുമായ ദധിഘൃത-ദുഗ്ദ്ധാദികൾ ധാരാളമായി വൎദ്ധിയ്ക്കും; ഭക്ഷണപാനീയങ്ങളെല്ലാം സ്വാദുകരങ്ങളും സുഖപ്രദങ്ങളുമായിരിക്കും. യുധിഷ്ഠിരരാജാവ് എവിടെ ഇരിക്കുന്നുവോ അവിടെ ശബ്ദസ്പൎശരൂപരസഗന്ധങ്ങളായ സകല ഗുണങ്ങളാലും ശോഭിതങ്ങളായിട്ട് സമസ്ത ദൃശ്യവസ്തുക്കളും സന്തോഷപ്രദങ്ങളായിരിക്കും. അവിടെ എല്ലാ മനുഷ്യരും പരസ്പരം സ്നേഹബദ്ധരായും സദാ സന്തുഷ്ടചിത്തരായും ധൎമ്മപരായണരായും പരോപകാരനിരതന്മാരായുമിരിക്കും. ഏതൊരു അസാധാരണ പുരുഷനിൽ, സത്യം, സരളത, കീൎത്തി, ശാന്തി, ക്ഷമ, ദയ ദാനം, തേജസ്സ് ഇവ സ്ഥിരപ്രതിഷ്ഠയേ പ്രാപിച്ചിരിക്കുന്നു—ഏതൊരുവനേ മഹാജ്ഞാനികളായ ബ്രാഹ്മണശ്രേഷ്ഠന്മാർ പോലും അറിയാൻ ശക്തരാകുന്നില്ല. അദ്ദേഹത്തെ കേവലം അജ്ഞന്മാരായ ദൂതന്മാർ എങ്ങിനെ അറിയും?*

മനുഷ്യൻ ഇതിലധികമായ പ്രശംസയ്ക്ക് എങ്ങിനെ ശക്തനാകുന്നു.

ആ സമയം ദ്രോണർ, കൌരവസഭയിൽ ഇപ്രകാരം പറഞ്ഞു. "പാണ്ഡവന്മാരെല്ലാവരും വീൎയ്യശൌൎയ്യസമ്പന്നന്മാരും വിദ്യാനിഷ്ണാതന്മാരും, ബുദ്ധിമാന്മാരും ജിതേന്ദ്രിയന്മാരും, തപഃപ്രഭാവമുള്ളവരും, സത്യപരന്മാരും പാപലേശമില്ലാത്തവരും, ധൎമ്മജ്ഞന്മാരും, സകലസംഗതികളിലും ദൃഢവ്രതന്മാരുമാകുന്നു. യുധിഷ്ഠിരൻ സത്യധൎമ്മപരായണനായ ധൎമ്മരാജാവാകുന്നു". +

സഞ്ജയൻ, കുരുക്ഷേത്രയുദ്ധത്തിൽ കുറേദിവസങ്ങൾക്കുമുൻപ്, യുധിഷ്ഠിരന്റെ ഈ അപൂൎവ്വഗുണഗാഥയേ ധൃതരാഷ്ട്രരാജാവിന്റെ സന്നിധിയിൽ കേൾപ്പിച്ചു. യുധിഷ്ഠിരൻ വളരെ ധൎമ്മിഷ്ഠനാണ്. അഹിംസയും ദയയും അദ്ദേഹത്തിന്റെ പ്രധാനധൎമ്മങ്ങളാകുന്നു. കോപം, ഭയം, ലോഭം ഇവയൊന്നും അദ്ദേഹത്തിനില്ലെന്നുമാത്രമല്ല യാതൊ

* വിരാടപൎവ്വം ൬൮-ാമദ്ധ്യായം + വിരാടപൎവ്വം ൭൦-ാമദ്ധ്യായം.

രുകാരണത്താലും അദ്ദേഹം ഒരിക്കലും സത്യത്തെ പരിത്യജിക്കയില്ല; അദ്ദേഹം ധാമ്മികപ്രവരനും ധമ്മത്തിന്റെ ആദശ്രൂപവുമാകുന്നു. *

ധൃതരാഷ്ട്രരാജാവു് കുരുക്ഷേത്രയുദ്ധത്തിനുമുൻപായി, ദുര്യോധനനോട്ട് ഇപ്രകാരം പറഞ്ഞു. "യുധിഷ്ഠിരൻ ധമ്മാത്മാവും സവ്വഗുണഭൂഷിതനുമായ പുരുഷശ്രേഷ്ഠനാകുന്നു." +

കുരുക്ഷേത്രത്തിൽ ഭയങ്കരമായ യുദ്ധമാരംഭിച്ചപ്പോൾ ദുര്യോധനൻ, അപാരസ്നേഹമയിയായ പ്രിയജനനിയുടെ സന്നിധിയിൽ ചെന്നിട്ട് യുദ്ധത്തിൽ ജയം ലഭിക്കുന്നതിന് വേണ്ടി അതിദീനഭാവത്തിൽ പിന്നെയും പിന്നെയും ആശീവ്വാദത്തെ അഭ്യത്ഥിച്ചു. ഇതിന്നു് കുറേ ദിവസംമുൻപ്, ജനനിബിഡമായ കൌരവസഭയിൽ പാണ്ഡവന്മാർ സത്യപരായണന്മാരും ധമ്മനിഷ്ഠന്മാരുമാകുന്നു എന്നുപറഞ്ഞ ആ മനസ്വിനിയായ ഗാന്ധാരീദേവി ഇപ്പോൾ, "എവിടെ ധമ്മമുണ്ടോ അവിടെ ജയമുണ്ടാകുന്നു" ± എന്നാണ് മറുപടി പറഞ്ഞത്.

ദ്രോണവധത്തിനുമുൻപു്

ദുര്യോധനൻ, ദ്രോണവധത്തിന് അഞ്ചുദിവസംമുൻപു് "യുധിഷ്ഠിരൻ സത്യപ്രതിജ്ഞനും ധമ്മരാജാവുമാണെന്നു പറഞ്ഞു." =

ദ്രോണർ, കുരുക്ഷേത്രത്തിൽ യുദ്ധം ആരംഭിച്ചസമയം യുധിഷ്ഠിരനേ "നിഷ്പാപ"നെന്നു പറഞ്ഞു. | അതിനുശേഷം അദ്ദേഹത്തിന്റെ വധത്തിന് അഞ്ചുദിവസംമുൻപു്, യുധിഷ്ഠിരൻ സത്യധമ്മപരായണനാണെന്ന് ദുര്യോധനനോടുപറഞ്ഞു. അദ്ദേഹം, സ്വനിധനത്തിന്റെ പൂവ്വരാത്രിയിലും "പാണ്ഡവന്മാർ സത്യധമ്മങ്ങളിൽ അത്യന്തം നിഷ്ഠയുള്ളവരാണെന്ന് ദുര്യോധനനോടു പറഞ്ഞു ●

ദ്രോണരുടെ സ്യാലനും ബന്ധുവുമായ കൃപാചാൎയ്യർ, ദ്രോണവധത്തിന്റെ പൂവ്വരാത്രിയിൽ ഇപ്രകാരം പറഞ്ഞു. "ധമ്മനന്ദനനായ യുധിഷ്ഠിരൻ, ബ്രഹ്മനിഷ്ഠനും, സത്യവാദിയും, ജിതേന്ദ്രിയനും അത്യന്തം ധമ്മനിഷ്ഠനുമാകുന്നു. അദ്ദേഹത്തിന്റെ ഭ്രാതാക്കളും ധമ്മതല്പരന്മാർതന്നെ. ×

കൎണ്ണൻ പലപ്പോഴും പാണ്ഡവന്മാരോടു വളരെ ശത്രുത്വം പ്രവൎത്തിച്ചിട്ടുണ്ടു്. പാണ്ഡവവൈരിയായിട്ട് കൎണ്ണനോപ്പോലെ ഒരാൾ കൌരവപക്ഷത്തുണ്ടായിരുന്നില്ല. അങ്ങിനെയാണെങ്കിലും, ദ്രോണവധത്തിന് അഞ്ചുദിവസംമുൻപു് ഇപ്രകാരമാണ് പറഞ്ഞത്. "യുധിഷ്ഠിരരാജാവു് ധമ്മനിഷ്ഠനും സത്യസന്ധനുമാകുന്നു" ÷ കൃപാചാൎയ്യരുടെ

* ഉദ്യോഗപവ്വം ൨൨-ാമദ്ധ്യായം. + ഉദ്യോഗപവ്വം ൧൩൮-ാമദ്ധ്യായം.
± ഉദ്യോഗപവ്വം ൧൨൯-ാമദ്ധ്യായം. = സ്ത്രീപവ്വം ൧൪ ാമദ്ധ്യായം
| ദ്രോണപവ്വം ൧൧-ാമദ്ധ്യായം. ● ഭീഷ്മപവ്വം ൪൩-ാമദ്ധ്യായം
× ദ്രോണപവ്വം ൧൧-ാമദ്ധ്യായം. ÷ ദ്രോണപവ്വം ൧൫൯-ാമദ്ധ്യായം.

പാണ്ഡവപ്രശംസ കേട്ടിട്ട് ദ്രോണവധത്തിൻെറ പൂർവ്വരാത്രിയിൽ അദ്ദേഹത്തോടും ഇപ്രകാരം പറഞ്ഞു. പാണ്ഡവന്മാരേക്കുറിച്ച് അങ്ങുപറയുന്നതെല്ലാം സത്യംതന്നെ. എന്നാൽ അങ്ങ് അവരുടെ ചില ഗുണങ്ങളെപ്പററി പുകഴ്ത്തുന്നു. അവർ പല ഗുണങ്ങൾക്കും അധികാരികളാണ് *

ദ്രോണവധത്തിനുശേഷം.

ദ്രോണവധാനന്തരം, സഞ്ജയൻ, ധൃതരാഷ്ട്രരാജാവിനെ ശോകവൃത്താന്തമറിയിക്കുന്നതിനായിട്ട് ഹസ്തിനപുരിയിൽ ചെന്ന് അന്ധരാജാവിനോട് ഇപ്രകാരമറിയിച്ചു. പ്രഭോ! വീരാഗ്ര്യനായ ദ്രോണർ, പാണ്ഡവസേനയെ ശതം ശതമായി സംഹരിച്ച് ഒടുവിൽ ധൃഷ്ടദ്യുമ്നൻ പ്രയോഗിച്ച ശരത്താൽ നിഹതനായി. ഹേ, ഭാരത! ദ്രോണരുമായുണ്ടായ സംഗരത്തിൻെറ അഞ്ചാം ദിവസം വീരഭടന്മാർ പലരും ക്രൂടി ബലം പ്രയോഗിച്ചു ദ്രോണരേ തോല്പിച്ചു. ×

ധൃതരാഷ്ട്രമഹാരാജാവ് ഇതുകേട്ടു വിലപിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു യുധിഷ്ഠിരൻ സത്യനിഷ്ഠനും ധൈര്യശാലിയും ബഹുപൂജ്യനുമായ പുരുഷശ്രേഷ്ഠനാകുന്നു. അവൻ, മഹാബാഹുവും അക്ഷയധനുർദ്ധരം വിജയശ്രീലാളിതനുമാകുന്നു. അവൻ ഏകനായിത്തന്നെ മററനേകവീരന്മാരേ അതിക്രമിക്കാൻ ശക്തനാണ്. അവൻ ഉഗ്രമായിട്ടൊന്നുനോക്കിയാൽതന്നെ ദുര്യോധനൻെറ സകല സൈന്യവും ഭസ്മമായിപ്പോകും. അവൻ ദൃഷ്ടിപാതംകൊണ്ടു മാത്രം സൃഷ്ടിനാശം ചെയ്വാൻ ശക്തനാണ്. ●

ദ്രോണർ ഏകനായിട്ടു രഥത്തിൽ ധനുസ്സുപേക്ഷിച്ചിരുന്നപ്പോൾ, ധൃഷ്ടദ്യുമ്നൻ അധർമ്മമായിട്ട് അദ്ദേഹത്തേ വധിച്ചു. ഹേ സഞ്ജയ! ഇനിയും ജയിക്കാമെന്നു ഇച്ഛയ്ക്ക് അവകാശമില്ല" –

യുധിഷ്ഠിരൻ, അല്പമെങ്കിലും ചതിപ്രയോഗിച്ച് ദ്രോണവധം സാധിച്ചുവെങ്കിൽ ധർമ്മനിഷ്ഠനായ സഞ്ജയൻ അത് ധൃതരാഷ്ട്രനോടു പറഞ്ഞില്ലെന്നുവരുമോ? അപ്രകാരമായാൽതന്നെ എന്താണ് പറഞ്ഞത്? വീരന്മാർ അദ്ദേഹത്തേ ഏകാകിയാക്കിയിട്ടു ബലം പ്രയോഗിച്ച് വധിച്ചു. ഈ ഭാഗം, വായനക്കാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രക്ഷിപ്തമായ ഭാഗത്തേ അനുസരിച്ച് ദ്രോണരുടെ വധം സമയത്ത് സഞ്ജയൻ അവിടെനിന്നിരുന്നു, വീണ്ടും സഞ്ജയൻെറ മുഖത്തുനിന്നും ദ്രോണരേ വധിച്ച വർത്തമാനം കേട്ടശേഷവും വൃദ്ധരാജാവ്, യുധിഷ്ഠിരൻെറ—തൻെറ പരമശത്രുവിൻെറ—ഗുണഗണങ്ങളേ കരഞ്ഞുകൊണ്ടു

* ദ്രോണപർവ്വം ൧൯൬-ാമദ്ധ്യായം × ദ്രോണപർവം ൧൯൨.

● ദ്രോണപർവ്വം ൯൦. – ആദിപർവ്വം ൧.

സ്തുതിക്കുമോ? അദ്ദേഹത്തിന് അസംഖ്യം സൈന്യങ്ങളുള്ളപ്പോൾ ആ സൈന്യങ്ങളുടെ മദ്ധ്യത്തിൽനിന്നു ദ്രോണരേ ഏകനാക്കി വധിച്ചു എന്നു വിലപിക്കുമോ?

മഹാഭാരതത്തിൽ മററൊരു ന്യായവും ഇല്ലാതിരുന്നാൽപോലും ധൃതരാഷ്ട്രരാജാവിൻെറ ഈ വാക്കുകളാൽ അനുമാനിക്കേണ്ടതു്, യുധിഷ്ഠിരൻ ഒരിക്കലും അസത്യം പറഞ്ഞ് ദ്രോണവധം സാധിച്ചിട്ടില്ല. ആരോ ഇപ്രകാരമൊരു സംഗതി മഹാഭാരതത്തിൽ ചേർത്തതായിരിക്കണം എന്നാകുന്നു.

ഇനി മററുചില പ്രമാണങ്ങളെ ഉദ്ധരിക്കാം.

ദ്രോണവധം കഴിഞ്ഞ് ചില ദിവസങ്ങൾക്കുശേഷം, ഗാന്ധാരീ ദേവി പറഞ്ഞു. "യുധിഷ്ഠിരൻ ധർമ്മജ്ഞനും ധർമ്മരാജാവുമാകുന്നു" പാണ്ഡവന്മാർ യാതൊരപരാധവും ചെയ്തയില്ല. ❀

ദുര്യോധനൻ, ദ്രോണവധം കഴിഞ്ഞ് മൂന്നാമത്തേ ദിവസത്തിൽ പറയുന്നു. "പാണ്ഡവന്മാരെല്ലാവരും ബലിഷ്ഠന്മാരും സത്യവിക്രമന്മാരും മഹാത്മാക്കളുമാകുന്നു" *

വീണ്ടും ചോദിക്കുന്നതു്. ഭീമയുധിഷ്ഠിരന്മാർ, മിഥ്യാവാദംചെയ്തു വഞ്ചിച്ച് ദ്രോണനിധനം സാധിച്ചുവെങ്കിൽ, അതിൻെറ മൂന്നാംദിവസംതന്നെ ദുര്യോധനൻ ആ ശത്രുക്കളെ ഈ വിധം സ്തുതിക്കുമോ?

പ്രക്ഷിപ്തമായ അംശമനുസരിച്ച്, ദ്രോണരുടെ വധസമയത്ത് ദുര്യോധനൻ, കർണ്ണൻ മുതലായി പലരും അദ്ദേഹത്തിൻെറ അടുത്തുണ്ടായിരു എന്നുള്ളതു് പ്രത്യേകം സ്മരണീയമാണു്.

ദ്രോണരുടെ പുത്രനും മഹാപരാക്രമിയുമായ അശ്വത്ഥാമാവ് എന്താണ് ചെയ്തതു്? തൻെറ പ്രാണാധികപ്രിയനായ പിതാവിൻെറ മരണത്തിന്നുശേഷം—മൂന്നാമത്തേ ദിവസം—യുധിഷ്ഠിരനുമായി സന്ധി ചെയ്യുന്നതിന് ദുര്യോധനനോട് നിർബ്ബന്ധിച്ചു. യുധിഷ്ഠിരൻ ജനഹിതത്തിൽ അതിതാല്പര്യമുള്ളയാളാണെന്നും ധരിപ്പിച്ചു. |

യുധിഷ്ഠിരൻ വഞ്ചിച്ചു ദ്രോണരേ വധിച്ചു എങ്കിൽ അതിൻെറ മൂന്നാംദിവസം പുത്രനായ അശ്വത്ഥാമാവ് ആ യുധിഷ്ഠിരനോട് സന്ധിചെയ്യുന്നതിനും, അദ്ദേഹത്തിന് അർദ്ധരാജ്യം കൊടുക്കുന്നതിനും ദുര്യോധനനോട് നിർബ്ബന്ധിച്ചതെന്തുകൊണ്ട്? ചതിപ്രയോഗത്താൽ പ്രിയപിതാവിൻെറ ശിരച്ഛേദം ചെയ്തവരേ ഏതുവിധമെങ്കിലും സാന്ത്വനം ചെയ്ത്, അവൎക്കുവേണ്ടി പ്രാണൻ കളഞ്ഞും പ്രവർത്തിക്കാൻ ഏതൊരു പുരുഷൻ വിചാരിക്കും?

❀ സ്ത്രീപർവ്വം ൨൧. * കർണ്ണപർവ്വം ൭൩-ാമദ്ധ്യായം. | സൌപ്തികപർവ്വം ൧-ാമദ്ധ്യായം

അശ്വത്ഥാമാവ് പ്രതികാരചിന്ത ഉണ്ടാകാത്തയാളല്ല. അദ്ദേഹം, പ്രതികാരബുദ്ധിയുടെ പ്രേരണയാൽ പിതൃഹന്താവായ ധൃഷ്ടദ്യുമ്നന്റെ ശിബിരത്തിൽ, നിശാകാലത്തു കടന്നുചെന്ന് നിദ്രാവിഷ്ടനായ ധൃഷ്ടദ്യുമ്നനെ നിഗ്രഹിച്ചു. അവന്റെ പക്ഷത്തിലുള്ളവരും നിദ്രാവശന്മാരുമായ എത്ര നിരപരാധികളെ വധിച്ചു? ന്യായരഹിതവും ജ്ഞാനശൂന്യവുമായ ഈ അധമ്മകൃത്യത്തിന് അവൻ പ്രേരിതനായത് പ്രതികാരേച്ഛയുടെ തീക്ഷ്ണതകൊണ്ടു മാത്രമാകുന്നു. *

ദ്രോണരുടെ സ്യാലനും ബന്ധുവുമായ കൃപാചാര്യൻ ദ്രോണവധത്തിന്റെ മൂന്നാംദിവസം, പാണ്ഡവന്മാർ സദ്വൃത്തന്മാരും ഗുണശാലികളുമാണെന്ന് പറഞ്ഞിരിക്കുന്നു.

ദുര്യോധനന്റെ ഊരുഭാഗത്തിനു പിൻപ്, ഭീമൻ, സകലജനങ്ങളുടേയും മുൻപിൽ വച്ച് ഇപ്രകാരം പറഞ്ഞു. "ശത്രുക്കളെ ജയിക്കുന്നതായിട്ട് ഞങ്ങൾക്ക്, അഗ്നിയേയോ ചൂതിനേയോ ആശ്രയിക്കേണ്ടതായി വന്നിട്ടില്ല. ഒരുവിധത്തിലുള്ള വഞ്ചന പ്രയോഗിച്ചിട്ടില്ല. ഞങ്ങൾ വെറും ബാഹുബലംകൊണ്ടു മാത്രം ശത്രുസംഘത്തെ പരാജിതരാക്കി. —

മിഥ്യാവാദം ചെയ്യുന്നവനോ വഞ്ചകനോ ലോകസമക്ഷം ഇത്ര ധീരതയോടെ പറയാൻ കഴിയുമോ?

(തുടരും) പി. ശേഷാദ്രി അയ്യർ ബി. ഏ. ബി. എൽ.

---

# ശ്രീകൃഷ്ണവിലാസം

(പാന) (തുടർച്ച)

[ഒരു പഴയകൃതി പകൎപ്പുപ്രകാരം]

---

ക്രൂരിരുട്ടും മഴയുമിടികളും
പാരമുള്ളോരു പാതിരനേരത്ത്
വാരിജാക്ഷനെക്കൊണ്ടു പുറപ്പെട്ടു
വീരനാം വസുദേവനും സംശയാൽ.
സർപ്പനായകൻ തന്റേ ഫണംകൊണ്ടു
ശില്പമായിക്കുടയും പിടിച്ചുടൻ
തല്പദാംഭോജസേവ തുടങ്ങിനാൻ.
അല്പമല്ലോരു ഭാഗ്യം ജഗത്തിന്റെ.
ഓളംതള്ളിത്തടത്തിലടിക്കുന്ന
കാളിന്ദീജലം മുട്ടിൽ കവിഞ്ഞീല

* ശല്യപർവ്വം ൭-ാമദ്ധ്യായം. — ശല്യപർവ്വം ൬൦-ാമദ്ധ്യായം.

അമ്പാടിതന്നിൽ ചെന്നു പതുക്കവേ
അമ്പോടാശ്ശു യശോദാസമീപത്ത്
ഉണ്ണിക്കണ്ണനെയങ്ങു ശയിപ്പിച്ചു
പെണ്ണിനേയുംകൊണ്ടിങ്ങുപോന്നീടിനാർ.

ഈററില്ലത്തിലെബ്ബാലസ്വരംകേട്ടു
ഈററുപാമ്പിനെപ്പോലെയക്കംസനും,
ചെന്നു,പെണ്ണിൻെറ കാലുപിടിപെട്ടു,
ഒന്നുയർത്തിപ്പിടിച്ചു കടുക്കനെ
കല്ലുതന്മേലടിപ്പാൻ തുടങ്ങുമ്പോൾ
കന്യകാ മെല്ലെ മേല്പോട്ടുയന്നുപോയ്.
"കംസ! നീയെൻെറ കാലുപിടിക്കയാൽ
ഹിംസചെയ്യില്ല നിന്നെയറിഞ്ഞാലും,
അമ്പാടിതന്നിലുണ്ടൊരു ബാലകൻ
വമ്പനാം നിന്നെസ്സംഹരിച്ചീടുവാൻ"
എന്നീവണ്ണം പറഞ്ഞൊരുകന്യകാ
മന്ദമങ്ങുമറഞ്ഞോരനന്തരം
മന്ദബുദ്ധിയായ് കംസൻ പുരിപുക്കു
അന്നേരംതന്നെ ചിന്തയും വർദ്ധിച്ചു.

---

അമ്പാടിതന്നിലക്കാലം ഗോവിന്ദൻ
ഇമ്പമോടേ വളരുന്ന കാലത്ത്
പൂതന ചെന്നു ഗോപികളെപ്പോലെ
പൈതലെച്ചെന്നു വാരിയെടുത്തുടൻ
"എന്മകനെന്നൊടൊന്നു ചിരിച്ചാലും
അമ്മിഞ്ഞത്തരാ"മെന്നു പറഞ്ഞവൾ
ശങ്കകൂടാതെ പങ്കജനേത്രനു
കൊങ്കനൽകിനാളന്നേരം ബാലനും
പാണികൊണ്ടു പിടിച്ചു, കുടിച്ചുടൻ
പ്രാണവായു വലിച്ചുതുടങ്ങിനാൻ.
ക്ഷീണമെന്നിയേ പൂതനേയും കൊന്നു
ക്ഷോണിതന്നിൽ പതിപ്പിച്ചുഗോവിന്ദൻ.
ചക്രപാണിക്കു സങ്കടമൊന്നേകാൻ
വിക്രമിച്ചാൽ ഫലിക്കുമോ ദൈവമേ!

---

ഉണ്ണികൃഷ്ണനും ശ്രീബലഭദ്രരും
ഉള്ളംചേരുന്ന ഗോപക്കിടാങ്ങളും

ക്രടിമേളിച്ചു കേളീരസംപൂണ്ട
മോടികോംകരമ്പൊളെത്ര മനോഹരം!

കണ്ണനന്നേരം കണ്ണഞ്ചിരട്ടയിൽ
മണ്ണു കോരി നിറച്ചു പിടിച്ചുടൻ
കണ്ണുകുത്തിത്തുള ച്ചങ്ങതിൽക്കൂടെ
മണ്ണു വീഴുന്നകണ്ടു രസിക്കയും,
പൂഴികൊണ്ടോരം കറികളുമുണ്ടാക്കി
ഘോഷിച്ചോരോരോ സദ്യ കഴിക്കയും
പച്ചപ്പോളകരംകൊണ്ടു പലതരം
പിച്ചയുണ്ടാക്കി വട്ടംതിരിക്കയും,
മുററത്തോരോരൊ രൂപം വരക്കയും,
പററത്താണ്ടടൻ പാടിക്കളിക്കയും,
മുററം താൻ ചെന്നൊരേടത്തൊളിക്കയും
മററുള്ളോർകര തിരഞ്ഞു പിടിക്കയും,
കൊട്ടപ്പാലം തിരിഞ്ഞു തലതിരി-
ഞ്ഞൊട്ടുനേരമൊരേടത്തിരിക്കയും,
ഉണ്ണിതാനൊരു മദ്ദളം ചെണ്ടയും
ഉണ്ണിത്തണ്ടുകൊണ്ടുണ്ടാക്കി മെല്ലവേ
കൊട്ടിത്താനേ തലയും കുലുക്കിക്കൊ-
ണ്ടിട്ടിൽതോറും നടന്നു കളിക്കയും,
ആനയായിട്ടൊരുത്തനെക്കല്പിച്ചു
താനതിന്മേൽ കരേറിയിരിക്കയും,
ആനപ്പാപ്പാനായിട്ടൊരു ബാലകൻ
താനത്രേ വീരനെന്നു നടിക്കയും.

ഊഴിതന്നിൽക്കിടന്നു കളിക്കയാൽ
പൂഴിയാത്തൊരു പീലിക്കാർ കുന്തലും
പൊന്നുടഞ്ഞാണരം പൊന്നിൻമണികളും
മിന്നും താലിയും മാലയും ശീലയും
എന്നിതെല്ലാമഴിഞ്ഞു കിഴിഞ്ഞുടൻ
തമ്മിൽ ചുററിപ്പിണഞ്ഞതു കാണ്കയാൽ
അമ്മ വേഗേന ചെന്നെടുത്താദരാൽ
അമ്മിഞ്ഞയും കൊടുത്തു, പതുക്കവേ
നീലക്കാർക്കുന്തൽ കെട്ടിയുറപ്പിച്ചു,
പീലി നാലഞ്ചെടുത്തു തിരുകിച്ചു,
ബാലകൃഷ്ണന്റെ നല്ല തിരുമേനി
ശീലകൊണ്ടു തുടച്ചു വിളങ്ങിച്ചു

കിങ്ങിണി മണി മോതിരമെന്നിവ
ഭംഗിയോടേയണിയിച്ചെശോദയും
അങ്ങിനേതന്നെ രാമനേയും തദാ
മംഗലാംഗി ചമയിച്ചു ചൊല്ലിനാൾ
ഉണ്ണിമക്കളെ! നിങ്ങൾക്കൊരിക്കലും
ഉണ്ണേണമെന്നും കൂടെ മനസ്സില്ലെ?
അയ്യൊ! പാരം വിശക്കുന്നതില്ലയോ?
കയ്യും കാലും തളരുന്നുമില്ലയൊ?
അന്തിയായതറിഞ്ഞീലയോ നിങ്ങ-
ളെന്തിനിങ്ങിനേ കാട്ടു തുടങ്ങുന്നു?
ഒട്ടും വൈകാതെ ചങ്ങാതിമാരെല്ലാം
വീട്ടിൽപോവാനയച്ചാലും മക്കളെ!
ഒട്ടുനേരം കളിച്ചാലതിങ്കലും
ഒട്ടു തൃപ്തിയും വേണ്ടെ ശിശുക്കളെ!
"ഉണ്ണിക്കണ്ണുടെ വന്നോരുറക്കവും
ഉണ്ണിവായുടെ വന്നോരുറക്കവും
ഉണ്ണി ബാബാ ഉറക്കം വരുന്നതേ
ഉണ്ണി രോരോ ഉറക്ക"മെന്നിങ്ങിനെ
നന്ദപത്നി യശോദാ പതുക്കവെ
നന്ദനന്മാരെ ലാളിച്ചുറക്കിനാൾ.

പിറെറന്നാളും പുലച്ച് തുടങ്ങുമ്പോൾ
മുററത്തോരോരോ ഘോഷം തുടങ്ങിനാർ.
കണ്ണിനാനന്ദമെല്ലാ ജനത്തിനും
ഉള്ളോരായിച്ചമഞ്ഞു ദിനേ ദിനേ.

(തുടരും)

---

## പഴഞ്ചൊൽകഥകൾ. (തുടച്ച്)

"തുടച്ചാംപോൽ നക്ക്യാംപോൽ തനിക്കെന്തെടോ ചാക്യാർകയ്യാ!"

പണ്ട് തെക്കൻദിക്കിൽ ഒരമ്പലത്തിൽ ചാക്യാർ കൂത്തുണ്ടായിരുന്നു. ചാക്യാർ ഒരുദിവസം കളിപ്പാൻ അമ്പലക്കുളത്തിൽ പോയി, പല്ലുതേക്കാൻ അല്പം ഉമിക്കരി അന്വേഷിച്ചുകൊണ്ടു അടുത്തുള്ള വാരിയത്ത് കയറിച്ചെന്നു. ചാക്യാർ ചെന്ന സമയം അവിടത്തെ ഒരു വാരസ്യാക്ക അടുക്കളയിൽ വെപ്പുപണിയായിരുന്നു. വെപ്പുകഴിഞ്ഞ് വാരസ്യാക്ക് കൂട്ടാൻ ഇളക്കിയപ്പോൾ അതിൻെറ വാസനയും നിറവും

ചൊടിയും മററും ഏററപ്പോൾ ക്ഷമ നില്ക്കാതെ അതിൽനിന്നു് അപ്പാടുതന്നെ കുറച്ചെടുത്തു് സ്വയംരുചി നോക്കി. പുറത്തുവന്നപ്പോൾ കണ്ടതു് ഉമിക്കരി ചോദിച്ചുകൊണ്ടുനില്ക്കുന്ന ചാക്യാരെയാണ്. വാരസ്യാർക്കു് തൻെറ ഈ ആർത്തി ചാക്യാർ അടുക്കള അഴിയിൽക്കൂടെ കണ്ടുവോ എന്ന ശങ്കയുണ്ടായിരുന്നു എങ്കിലും ഒന്നും നടിക്കാതെ വേഗം ഉമിക്കരിയുംകൊണ്ടുക്കൊടുത്തു് ചാക്യാരെ പറഞ്ഞയച്ചു. ചാക്യാർ വാസ്തവത്തിൽ ഇതൊന്നും കണ്ടിട്ടുണ്ടായിരുന്നില്ല.

അമ്പലത്തിൽ അന്നേദിവസവും ഉച്ചതിരിഞ്ഞതിനു ശേഷം പതിവിൻപടി ചാക്യാർക്കൂത്തുണ്ടായിരുന്നു. കാണ്മാൻ പലരും വന്ന കൂട്ടത്തിൽ രാവിലത്തെ വാരസ്യാരുമുണ്ടായിരുന്നു. ചാക്യാർ കൂത്തു പറഞ്ഞിരുന്ന കഥ അമൃതമഥനമായിരുന്നു. ചാക്യാർ തലേദിവസം പറഞ്ഞു നിർത്തിയിരുന്നതിൻെറ തുടർച്ചയായി ശ്ലോകം ചൊല്ലി ചമൽക്കാരത്തോടെ പറവാനും തുടങ്ങി. അമൃതകുംഭം അസുരസദസ്സിലെത്തിയ ഭാഗമായിരുന്നു വർണ്ണിച്ചിരുന്നതു്. ഉടനെ എല്ലാവരും വന്നു് കുംഭത്തിൻെറ നാലുപാടും വളഞ്ഞുകൂടിയെന്നും പ്രസ്താവിച്ചുവെച്ചു്, അമൃതിൻെറ സ്വാദോർത്തു് വായിൽ വെള്ളംവന്ന ചില കൊതിയന്മാരുടെ സ്ഥിതികൾ വർണ്ണിപ്പാൻ തുടങ്ങി. "ആ പാത്രത്തിലുള്ള വസ്തുവിൻെറ നിറം, അതിൻെറ ഗന്ധം മുതലായവ കണ്ടപ്പോൾ നിന്നില്ല ചിലർക്കു കൊതി. കുറേക്കൂടെ അടുത്തുചെല്ലട്ടെ എന്നോർത്തൊരുവൾ പാത്രത്തിന്നടുത്തെത്തി. കൺകുളുർക്കെ നോക്കുവാൻ തുടങ്ങി. പോരാ, ഒരു ചട്ടുകവുമെടുത്തു് കുമ്പിട്ടുനിന്നു് ഒന്നിളക്കുവാൻ തന്നെ പുറപ്പെട്ടു. അപ്പോൾ ആ ഗന്ധമെടുത്തപ്പോൾ സഹിച്ചില്ല. ഒരുവൾ കൊതി സഹിക്കാതെ ആ തവിയിൽ നിന്നുതന്നെ ആർത്തിയോടെ എടുത്തു് എടുക്കലും നക്കലും!" എന്നു പറഞ്ഞു തീർന്നപ്പോഴക്കും, ഇതുവരേയും പറയുന്നതു മുഴുവൻ തൻെറ രാവിലത്തെ പ്രവൃത്തിയെപ്പററിയൊ എന്നു സംശയിച്ചുകൊണ്ടിരുന്ന നമ്മുടെ വാരസ്യാർ ഇത്രയും കേട്ടപ്പോൾ സംശയം തീർന്നതിനാൽ ക്ഷമനില്ക്കാതെ രോഷാകുലയായി പറഞ്ഞതാണ് മേലെഴുതിയ പഴഞ്ചൊൽ. "തുടച്ചാംപോൽ നക്യാംപോൽ തനിക്കെന്തെടോ ചാക്യാർകയ്യാ! ഇതൊക്കെ നോക്കിനില്ക്കാനായിരുന്നുവല്ലെ രാവിലെ വാരിയത്തു് ഉമിക്കരിക്കു വന്നതു്? ഞാൻ ആ ചക്ക വെച്ചപ്പോൾ കുറച്ചെടുത്തു തിന്നു കയ്യ് നക്കിത്തുടച്ചതിന്നു് തനിക്കു് എന്താ നഷ്ടം? അതൊ ഈ പലരും നിറഞ്ഞ സദസ്സിൽ പറഞ്ഞവമാനിക്കേണമെന്നുണ്ടോ എന്നുചോദിച്ചു കയർത്തടുത്തു. ചാക്യാർ അപ്പോൾ തന്നെ * മുടിയഴിക്കയും ചെയ്തു. ചാക്യാർ വാസ്തവത്തിൽ വാരസ്യാർ

* ചാക്യാർക്കൂത്തു പറയുമ്പോൾ വല്ലവരും എതിർത്തു പറഞ്ഞാൽ ഉടനെതന്നെ മുടിയഴിച്ചുകൊള്ളണമെന്നും പിന്നെ ആ സ്ഥലത്തു് കൂത്തു പാടില്ലെന്നുമാണ് നിയമം. അന്നുമുതൽ ആ അമ്പലത്തിൽ ചാക്യാർക്കൂത്തു് പതിവില്ലപോൽ.

ചെയ്ത കഥയൊന്നും അറിഞ്ഞിട്ടല്ല കഥ പറഞ്ഞതു്. താൻ പതിവുപോലെ ചമല്ക്കാരത്തോടുകൂടി കൃത്ത് പറഞ്ഞു പോയതാണ്. ആ സദസ്സിൽ കൂടിയിരുന്ന ആരുംതന്നെ മേൽ പ്രസ്താവിച്ച വാരസ്യാരുടെ കഥയും അപ്പോഴക്കപ്പോഴേ അവർതന്നെ ചൂണ്ടിയെടുത്ത് വിസ്തരിച്ചിട്ടില്ലെങ്കിൽ അറിയുമായിരുന്നില്ലെന്നു സ്പഷ്ടമാണല്ലോ. ഇനി ഇത്ര വളരെ വ്യാഖ്യാനിച്ച് തനിക്ക് പിണഞ്ഞ വിഡ്ഢിത്തം മുഴുവനും പറഞ്ഞിട്ടില്ലായിരുന്നുവെങ്കിൽകൂടി, വാരസ്യാരുടെ അപ്രകൃതമായ കോപത്തിന്നെന്തായിരിക്കും കാരണം എന്ന് ജനങ്ങൾ ആരാഞ്ഞു തുടങ്ങീട്ടെങ്കിലും കാര്യം മനസ്സിലാകുമായിരുന്നു. അതിനാൽ അല്പം കഥയുള്ളവരാരും തങ്ങൾക്കു വല്ല അബദ്ധവും വന്നുപോയിട്ടുണ്ടെങ്കിൽ അതിനെ സൂചിപ്പിച്ചു വല്ലവരും പറയുന്നതു കേട്ടാൽകൂടി—വാസ്തവത്തിൽ വക്താവ് തന്നെ ഉദ്ദേശിച്ചായാൽകൂടി—അതിന്നു ചൂണ്ടിയെടുത്തുത്തരം പറഞ്ഞു് തന്റെ അബദ്ധപ്പഞ്ചാംഗങ്ങൾ കെട്ടഴിക്കാതിരിക്കയാണുത്തമം. അല്ലെങ്കിൽ വാരസ്യാരുടെ അമളി പുറത്തായ കൂട്ടത്തിൽ വല്ലായ്മകളെല്ലാം പുറത്തു വരുന്നതാണ്.

### ആ ദേഷ്യം മാറും മുമ്പെ കൂട്ടാനും!

ഒരിക്കൽ ഒരു വഴിപോക്കൻ ഊൺ കഴിപ്പാനായി ഒരു ഹോട്ടലിൽ ചെന്നു കയറി. ഊണിന്നുള്ള നിരക്കുപണം ആദ്യം വാങ്ങിയ ഹോട്ടലുടമസ്ഥ, ഉണ്ണാനിരുന്നപ്പോൾ വളരെ പിശുക്കി മാത്രമായിരുന്നു വിഭവങ്ങൾ വിളമ്പിയതു്. ചെന്ന ആൾ ഒരു വയറനുമായിരുന്നു. ഹോട്ടൽക്കാരി മൂന്നുനാലുവട്ടം വിളമ്പീട്ടും ഊണുകാരന്നു വിശപ്പടങ്ങിയില്ല. പക്ഷെ വിളമ്പിയെന്നു നടിക്കയല്ലാതെ ചോറ് ഇലയിലേക്കു വീഴുന്നുമില്ല. എങ്കിലും കിട്ടിയതു കിട്ടിയതുൺകഴിച്ച് ഇരിക്കുന്ന രസികൻ ഒഴിക്കാതെ വീണ്ടും വീണ്ടും പിശകുവാനും തുടങ്ങി. ഒടുവിൽ ദേഷ്യംവന്ന ഹോട്ടൽക്കാരി വെച്ച പാത്രമാകെ കൊണ്ടുവന്ന് ഇലയിൽ കൊട്ടി. ഉടനെ ഉണ്ണുന്ന രസികൻ ചമ്രം പടിഞ്ഞിരുന്നു പറഞ്ഞ വാക്കാണ് മേലെഴുതിയ "ആ ദേഷ്യം മാറുംമുമ്പ് കൂട്ടാനും" എന്ന പഴമൊഴി ഇങ്ങിനെ തങ്ങൾ കൊടുക്കേണ്ടതൊന്നും ക്രമപ്രകാരം കൊടുക്കാത്ത ചില പ്രഭുക്കളുടെ അടുത്തുചെല്ലുന്ന ചില കുററിപിരിവുകാരുടെ, വീണ്ടും വീണ്ടുമുള്ള "പാടിരിക്കൽ" കണ്ടു മുഷിഞ്ഞു് ഒടുവിൽ ഉള്ളേടത്തോളം പണം പരിഭവിച്ച് മടിശ്ശീല കുടഞ്ഞു് കൊടുക്കുമ്പോൾ ചില രസികന്മാർ "ആ ദേഷ്യം മാറും മുമ്പ് കൂട്ടാനും" എന്ന് തങ്ങൾക്ക് ഇനിയും കിട്ടുവാനുള്ള ബാക്കി സംഖ്യയെ ഉദ്ദേശിച്ച് പിറുപിറുത്ത് പോകുന്നതു് ഈയുള്ളവൻ കണ്ടിട്ടുണ്ട്.

(തുടരും) വി. ടി. ശങ്കുണ്ണിമേനോൻ.

# ഒരുകൂട്ടം ഗ്രന്ഥങ്ങൾ.

ഉച്ചക്കുസുഖമായ ഊണുംകഴിഞ്ഞു് ഒന്നുമുറുക്കികൊണ്ടു്, ചാരുകസാലയിൽ മലൎന്നു് കിടന്നു് വീശി ആനന്ദിക്കുമ്പോൾ, മനസ്സു് ഓരോകാൎയ്യത്തിൽ തങ്ങിയും നീങ്ങിയും അലസമായി പ്രവൎത്തിച്ചുതുടങ്ങി. ക്രമേണ, അതു്—ആ മാസത്തിൽ പുറത്തിറക്കേണ്ട മാസികയുടെ സംഗതിയിൽ ചെന്നുപററി. അക്കാൎയ്യം അല്പം ഗൌരവതരമായി വിചാരിച്ചിരിക്കയാൽ, അവിടെ ബുദ്ധി ഉണൎന്നു വ്യാപരിച്ചു. അതിൻ്റെ ചില തീൎച്ചകൾ മനസാ കല്പിച്ചു. അങ്ങിനെ ഇരിക്കുമ്പോൾ, വടക്കേമുറിയുടെ വാതൽ അടക്കുന്നശബ്ദംകേട്ടു്, തല ആവശത്തേക്കു ചരിച്ചു് നോക്കിയിട്ടു്, ദൃഷ്ടി പിൻവലിച്ച കൂട്ടത്തിൽ. മേശയുടേ വക്കിൽ ചാരിവച്ചിരിക്കുന്നതും, വെട്ടപ്പായി ബയൻറുചെയ്തു് സ്പഷ്ടമായ അക്ഷരങ്ങളിൽ പേരു അച്ചടിച്ചിട്ടുള്ളതും ആയ ഒരു ഗ്രന്ഥം കണ്ണിൽപെട്ടു. അപ്പോൾ ഞാൻ വല്ലാതെ ഒന്നു കുണ്ഠിച്ചു. ഇങ്ങിനെ അവിടെ സ്ഥലംപിടിച്ചു്, ഏകദേശം ഒരുമാസമായി—എന്നെ കൂടെ കൂടെ കുഴക്കാറുള്ള ഈ ഗ്രന്ഥത്തിൻെറ പേർ എന്താണെന്നു പറയുന്നതിന്നു്, യോഗ്യന്മാരായവർ ആരും നിൎബ്ബന്ധിക്കയില്ലെന്നു വിശ്വസിക്കുന്നു. ഈപുസ്തകത്തിൻെറ പേർമാത്രമല്ല, ഈവൎഗ്ഗത്തിൽപെട്ട ഇതരഗ്രന്ഥങ്ങളുടെയുംപേർ ഈ അവസരത്തിൽ വിളിച്ചുപറയുന്നതു് അത്രമൎയ്യാദയല്ല. ഗ്രന്ഥത്തിൻെറപേർ ഞാൻ പറയുകയാണെങ്കിൽ, നിങ്ങളിൽ ചിലരെങ്കിലും അതുതേടിപ്പിടിച്ചേക്കാം. ആസമയം, അതെഴുതിയ ആളുടെപേരും, ഇരട്ടപ്പേരും, വീട്ടുപേരും, നാട്ടുപേരും മററും പുറത്തുകാണും അപ്പോൾ ഒരുപക്ഷെ അതൊന്നുവായിച്ചുകളയാമെന്നുകൂടി ഭ്രമം അനന്യസാധാരണമായി വല്ലവരിലും ഉണ്ടായിപോയാൽ, ഗ്രന്ഥകൎത്താവിനും, പാരായണകൎത്താവിനും, സാഹിത്യോദ്ദേശത്തിനും എല്ലാം ഞാൻമൂലം അപരാധമുണ്ടാക്കി തീൎത്തു എന്നുവരും. അതൊക്കെ മോശം, അതിനാൽ ഇതൊരു തൎജ്ജിമ 'നോവൽ' ആണെന്നു മാത്രം തൽക്കാലം പറയാം.

ഈ ഗ്രന്ഥം പരിശോധനക്കായി എനിക്കയച്ചിട്ടുള്ളതാണു്. പുസ്തകം കിട്ടിയിട്ടു് ഏകദേശം ഒരു മാസമായി. ഈ നോവൽ അവിടെ മയങ്ങുന്നതു കാണുമ്പൊളൊക്കെയും, അതിനു് അഭിപ്രായം എഴുതേണ്ട സംഗതി എൻെറ ഓൎമ്മയിൽ വിലാപം തുടങ്ങും. ആ സമയം പരമാൎത്ഥം പറയുകയാണെങ്കിൽ എൻെറ കാൎയ്യം വളരെ മോശത്തിലാണു്. ഇതാണു് ഞാൻ, വല്ലാതെ വീണ്ടും കുഴങ്ങിയെന്നും കുണ്ഠിച്ചു എന്നും മററും പറഞ്ഞതു്.

കൃത്യനിഷ്ഠയുള്ള ഒരു പത്രാധിപരും, നല്ലതുപോലെ സുഖക്കേടു പിടികൂടിയ ഒരുവനും ഒന്നു നോക്കുന്നപക്ഷം സമാവസ്ഥയിൽ അടിപെട്ടവരാണെന്നു എനിക്കു ചില സമയം തോന്നാറുണ്ടു്. ഒരാൾ ക

ഷായം കുടിക്കുന്നതും, മറ്റെയാൾ ഗുണശൂന്യങ്ങളായ ഗ്രന്ഥങ്ങൾ വായിക്കുന്നതും ഒട്ടും സമ്മതമുള്ള ഒരു പണിയല്ല. ഗത്യന്തരമില്ലായ്കയാൽ ഇരുകൂട്ടരും അവരവരുടെ ദുർവ്വിധിക്കു കീഴടങ്ങാം. പക്ഷെ, ഒരു കാര്യത്തിൽ ഇവർ തമ്മിൽ അന്തരമുണ്ടു്. രോഗിക്കു് അയാളുടെ രോഗം ശമിക്കും; എന്നാൽ പത്രാധിപക്കു തന്മൂലമുണ്ടാകുന്ന നാനാതരത്തിലുള്ള അസ്വാസ്ഥ്യം ഊഹാപോഹശക്തി മാത്രം അറിയട്ടെ. സത്, എന്നും അസത് എന്നും ബ്രഹ്മത്തിന്നുതന്നെ രണ്ടു വിഭാഗം ഉണ്ടുപോലും. അത് എങ്ങിനെ ആയാലും, സാഹിത്യഗ്രന്ഥങ്ങളിൽ സദ്ഗ്രന്ഥങ്ങൾ എന്നും ദുർഗ്രന്ഥങ്ങൾ എന്നും രണ്ടിനം ഉണ്ടെന്നു സമ്മതിച്ചേതീരൂ. ഇതിൽ രണ്ടാമത്തെ ജാതിയിൽ പെട്ട ഗ്രന്ഥങ്ങൾ ഏതദ്ഗ്രന്ഥകാരന്മാർ ഉള്ളലിവശേഷമില്ലാതെ പരിശോധനക്കും പ്രസിദ്ധീകരണത്തിന്നും മററുമായി അയച്ചുതന്നാൽ ധർമ്മസങ്കടത്തിൽ പെടുകയേ ഉള്ളൂ. ആളും, അങ്ങോട്ടും ഇങ്ങോട്ടും പുറം ചൊറിഞ്ഞു സുഖിക്കണമെന്നു ആശയില്ലാത്തവരാണെങ്കിൽ അവരുടെ കാര്യം വളരെ പരുങ്ങലിൽതന്നെയാണ്. ഉദ്ദേശമാഹാത്മ്യം; അതിന്റെ സ്ഥാപനത്തിനുള്ള താല്പര്യം, അതോടൊത്തുവരുന്ന ആശയസൌഷ്ഠവം, ഇവയല്ലെങ്കിൽ രചനാരീതി വാചകഗുണം, പദപ്രയോഗചാതുര്യം മുതലായവ, ഇതിൽ ഏതെങ്കിലും ഒന്നു ഒരുമാതിരി എങ്കിലും ഇല്ലാത്ത ഗ്രന്ഥങ്ങളുടെ അഭിപ്രായം എഴുതുന്നതു് വളരെ പ്രയാസമേറിയ ഒരു ജോലിയാണ്. ഒരു ഗ്രന്ഥത്തെ പററി എഴുതുമ്പോൾ, വശംതോറും കുറവുകളും ഖണ്ഡികകൾതോറും ആശയത്തിനു വിസ്പഷ്ടത അന്യോന്യവൈരുദ്ധ്യം ഇവയും, വാചകങ്ങൾ തോറും ശൈഥില്യാദിബാഹ്യമായും അപ്രസാദാദി ആന്തരമായും ഉള്ള ദോഷങ്ങളും, പദംതോറും പ്രയോഗദോഷങ്ങളും മാത്രം ചൂണ്ടിക്കാണിക്കുന്നതു നമുക്കു് അത്ര യോജിക്കുന്നില്ല. എന്നാൽ അവിടെ മധുരിക്കുന്നു, ഇവിടത്തെ പുളിയും കയ്പും രുചിയുള്ളതാണ് എന്നൊക്കെ ഉണ്ടാക്കിപ്പറയുന്നതിന് എന്റെ അന്തഃകരണം അത്രക്കു കഠിനവും അല്ല. ഈ കാരണങ്ങൾ എല്ലാംകൊണ്ടും ഇക്കാലത്തു് പുറത്തിറങ്ങാറുള്ള ചില തർജ്ജിമനോവലുകൾക്കു്, അഭിപ്രായം എഴുതി, യശസ്സുകൊതിച്ചോ, വീട്ടുകാര്യങ്ങൾ കുറെ കഷ്ടിയായിട്ടോ, വെറുതെ ഇരിക്കുന്നവരെ ഉപദ്രവിക്കണമെന്നു മനഃപൂർവ്വം കരുതിയോ, സാഹിതീദേവിയുടെ ഉദരം വീപ്പിക്കുന്ന അവിവേകികളെ മുഷിപ്പിക്കുവാൻ ഞാൻ ആളല്ല. എല്ലാവർക്കും കൂടി ഉള്ളതാണ് ഈ ഭൂമിയും അതിലുൾപ്പെട്ട സകലതും. എല്ലാവരും കഴിച്ചുകൂടിക്കൊള്ളട്ടെ. മനുഷ്യരല്ലെ, ഹിതവും അഹിതവും, ആഗ്രഹവും, അലംഭാവവുംമററും ഏവർക്കുമുണ്ടു്. വിചാരപ്രസ്രവണം ഇങ്ങിനെ ഒരു മാതിരി വേദാന്തത്തിൽ ഉറഞ്ഞു്, കൃശമായി കൃശമായി സുഖകരമായ ഒരു മദ്ധ്യാഹ്നനിദ്രയിൽ ചെന്നു വീഴാൻ തുടങ്ങിയ ഉടൻ അരികിൽ കാൽപെരുമാററം കേട്ടു്, കണ്ണുതുറന്നു

നോക്കിയപ്പോൾ തപ്പാൽ ശിപായി എഴുത്തുകൾ എല്ലാം കസേരയുടെ കയ്യിന്മേൽ കൊണ്ടുവന്നുവച്ചു. ഞാൻ അവ ഓരോന്നായി എടുത്ത് നോക്കി. ആ കൂട്ടത്തിൽ, ഞാൻ അല്പംമുൻപ് ഉള്ളിലിട്ടിളക്കിമറിച്ചു കൊണ്ടിരുന്ന വിഷയത്തോട് ഏറെക്കുറെ അടുപ്പമുള്ള ഒരു കത്തും ഉണ്ടായിരുന്നു. ഇത്രയും പറഞ്ഞതിൻെറ പൂർണ്ണിമക്കായി അതും ചുവടെ ചേക്കുന്നു.

ശ്രീ.

മാന്യരെ!

ആട്ടക്കഥ കണ്ടപ്പോൾ, ആട്ടക്കഥ എഴുതണമെന്നായി, തുള്ളൽ കഥ കണ്ടസമയം തുള്ളിത്തുടങ്ങി. ചിലർ ഒന്നുരണ്ടു നാടകങ്ങൾ തർജ്ജിമചെയ്തപ്പോൾ അതിൻെറ പിറകിനു നാടകങ്ങളുടെ ഒരു ബഹളം; ശേഷിയുള്ളവർ ഒന്നോ രണ്ടോ ആഖ്യായികകൾ ചമച്ചപ്പോൾ, മക്കടപ്രകൃതി ജൃംഭിച്ചു, ആ തോതിൽ ചിലതു തല്ലിക്കൂട്ടിപ്പണ്ണിത്തുടങ്ങി. ഖണ്ഡകൃതികളായപ്പോൾ, പാടങ്ങളിൽ പുഴക്കൾ വദ്ധിക്കുന്നതുപോലെ അതിൻെറ ബഹളം. എന്നുവേണ്ട ഒരുതർത്തിലും ഇരിക്കപ്പൊറുതി ഇല്ലെന്നായി. നല്ലവണ്ണം മലയാളം പറയുന്ന വർഗ്ഗക്കാക്ക്, ഹിതമായ പണി ഉദ്യോഗം, അതു കഴിഞ്ഞാൽ കൃഷി, കൃഷിയിൽതന്നെ 'സ്വതന്ത്രവൃത്തി'യും ആണല്ലൊ. എന്നാൽ ഇതൊന്നിനും തരമില്ലാത്തവരും, ഒന്നുകൊണ്ടും ഗുണമൊട്ടുമില്ലാത്തവരുമായ ചിലർ, അവരെ നോക്കുക പോലും ചെയ്യാതെ ഒരൊഴിഞ്ഞ കോണിൽ പതുങ്ങുന്ന 'കൈരളീമഹിള'യുടെനേക്ക്, 'ചങ്കരൻ' 'ചക്കിയുടെ'നേക്കെന്നവണ്ണം കൊഞ്ചിക്കുഴഞ്ഞുകൊണ്ടു ചാടുന്നു. ആ സ്ത്രീയെ കഴിയുംവേഗത്തിൽ തടിപ്പിക്കണം എന്നാണ് ഇവർ ആപ്പുവിളിക്കുനാത്. ഇതിന്—ഉള്ള എല്ലും, തോലും, ചപ്പും, ചവറും വികൃതമായി പുറമെ വച്ചുകെട്ടുകയാണ് ഇവരുടെ പോഷണത്തിൻെറ സമ്പ്രദായം.

ഇപ്പോൾ നടപ്പിലുള്ള സാഹിത്യശ്രമത്തിൽ പ്രധാനമായ ഒന്ന് ആഖ്യായിക തർജ്ജിമചെയ്യ, എന്നുള്ളതാണെന്നു തോന്നുന്നു. ഇതൊരു സാംക്രമികരോഗംപോലെ സാഹിത്യസാമ്രാജ്യത്തിൽ വ്യാപിച്ചു പലരേയും അലട്ടുന്നുണ്ട്. പ്രാപ്തിയുള്ളവരിൽ ചിലർ, ചില ഗ്രന്ഥങ്ങൾ മലയാളഭാഷയുടെ ജീവനുള്ള അംശമാകത്തക്കവണ്ണം, ഔചിത്യത്തോടെ ഭംഗിയായി തർജ്ജിമചെയ്തിട്ടുണ്ട്. അതിൻെറ പിറകെ 'തസ്കരസാഹിത്യകാരനും, പ്രേതങ്ങൾകണക്കെ വിരൂപികളായ കുറെ 'തർജ്ജിമനോവലുകൾ' തുരുതുരെ ആവാഹിച്ചയക്കുന്നു. ഈ 'തസ്കരവിജൃംഭണം' കണ്ടാൽ നിങ്ങളെപ്പോലെ വളരെ ക്ഷമയുള്ളവക്കെ ഉരിയാടാതെ ഇരിക്കുവാൻ സാധിക്കയുള്ളൂ. 'തസ്കരം' ഗ്രന്ഥം ചമക്കുന്ന സമ്പ്രദായം അല്പമൊന്നു വിവരിക്കാതിരിപ്പാൻ എനിക്കു നി

വ്യാഘമില്ല. തർജ്ജിമ അധികവും ഇംഗ്ലീഷിൽനിന്നാണ്. ഇതിൽ പല നേരംപോക്കുകളും ഉണ്ട്. ഇംഗ്ലീഷും മലയാളവും 'തപക്സാരം' പുറമെ ഒന്ന തൊട്ടുപുരട്ടിയിട്ടെ ഉള്ളു എന്ന കാൎയ്യം ആരും മറക്കരുത്. ശൈലികൊണ്ടും ആശയംകൊണ്ടും തീരെ പ്രയാസമില്ലാത്തതും, ആരും കേൾക്കാതെ കിടക്കുന്നതുമായ വല്ല കഥകളും, ബങ്കാളിയിലെയൊ, മററു വല്ലയിടത്തെയുമൊ, പെൺകുട്ടികളൊ ആൺകുട്ടികളൊ, അല്ലെങ്കിൽ ആശയത്തിലും അനുഭവപ്രതിപാദനത്തിലും അപ്രകാരമുള്ളവരൊ, എഴുതിയിട്ടുണ്ടെങ്കിൽ 'തപക്സാരം' അതു തിരഞ്ഞെടുക്കും. ഇതൊന്നും കിട്ടിയില്ലെങ്കിൽ ഈ രീതിയിൽതന്നെ പാശ്ചാത്യരാരെങ്കിലും എഴുതിയിട്ടുള്ള അപ്രസിദ്ധഗ്രന്ഥങ്ങളുണ്ടെങ്കിൽ അതു തപ്പി എടുക്കും. ഏതു ഭാഷയിലും കാശിനുകൊള്ളരുതാത്ത പുസ്തകങ്ങൾ അനവധി കാണുമല്ലൊ. പിന്നീട് അതു തർജ്ജിമചെയ്യുവാനുള്ള ശ്രമമായി. എന്റെ സ്നേഹിതന് 'ഗുണ്ടർട്ട്'ം മററും എഴുതിയ, ഇംഗ്ലീഷുമലയാളനിഘണ്ടുക്കളെ ആശ്രയിക്കാതെ തരമില്ലെന്നുള്ളതു സ്പഷ്ടമാണ്. ഇവയിൽ ഒന്നിനെയൊ, രണ്ടിനെയൊ, പിടിച്ചു മേശപ്പുറത്തു ചാരി ഇരുത്തും. പടം പ്രതിയായും മററും പണിയും തുടങ്ങും. ഈ തരത്തിലുള്ള പരിഭാഷയുടെ ഫലമായിട്ടാണ് പല ഗ്രന്ഥങ്ങളിലും 'ബൈബിൾഭാഷ' നല്ലവണ്ണം ചുവക്കുന്നതായി ഇയ്യിടെ തോന്നുന്നത്. ഇതു ഏതു ഗ്രന്ഥത്തിലെന്നും, ഇന്നാരുടെ ഗ്രന്ഥത്തിലെന്നും മററും പറഞ്ഞിട്ടാവശ്യമില്ല. ഇപ്പോളത്തെ മലയാളഗ്രന്ഥങ്ങളുമൊത്തു ഗത്യന്തരമില്ലാതെ പെരുമാറേണ്ടിവരുന്ന എല്ലാവൎക്കും ഇത് അനുഭവിക്കുവാൻ സാധിക്കുന്ന ഒരു കാൎയ്യമാണ്. മററു ചിലരുണ്ട്, അവരുടെ കഥ അത്ര മോശമല്ല. അല്പം ഭേദമാണ്. അവർ തർജ്ജിമയെന്നൊ, സ്വന്തമെന്നൊ ഒന്നും പറയാതെ സൂത്രത്തിൽ ഇഷ്ടംപോലെ ചിലതു വേഷംമാററി പുറത്തുവിടും. 'ഉദരനിമിത്തം ബഹുകൃതവേഷം' എന്നല്ലാതെ ഇവക്കു ശേഷമൊന്നുമില്ല.

ഈ ഗ്രന്ഥങ്ങൾ കണ്ടാൽ ഇംഗ്ലീഷുഭാഷയിലൊ മലയാളഭാഷയിലൊ വേണ്ടുംവണ്ണം പരിചയം സിദ്ധിച്ചിട്ടില്ലാത്ത ചില ജപ്പാൻകാർ എഴുതിയതുപോലെ വിളറിയിരിക്കും. ഇതിനു കാരണവും ഉണ്ട്. Winding path (വളഞ്ഞവഴി) എന്നതിന് കാററുതട്ടുന്നവഴിയെന്നും, Piano (പിയാനൊ) ഒരുമാതിരി വീണയെന്നും മററുമുള്ള തർജ്ജിമ കണ്ടാൽപിന്നെ ആരെങ്കിലും ശബ്ദിക്കുമൊ! കൊള്ളാവുന്നവർപോലും ഇതിന് ഒരുമ്പെട്ടിട്ടുണ്ടെങ്കിൽ സാഹിത്യസമരാങ്കണത്തിൽ ശിഖണ്ഡ്യാഗമനം ദർശിച്ചു. വില്ലു ഉടൻ താഴെ വയ്ക്കും 'ഇത്രത്തോളം മതി ഇനി വേണ്ടാ'—ഇവർ തങ്ങളുടെ അപ്രാപ്തി പുസ്തകരൂപേണ സ്വയമേവ വെളിപ്പെടുത്തി ഇളിക്കുന്നതുപോലെ തോന്നുന്നു. ഇനിയും, ഇംഗ്ലീഷു

പുസ്തകങ്ങൾ ഭാഷയിലേക്കു രൂപാന്തരപ്പെടുത്തുന്നതുകൊണ്ടു, അധികം പാരായണസൌകര്യം ഉദ്ദേശിക്കുന്നതു ആംഗലഭാഷയോടു പരിചയം സിദ്ധിച്ചിട്ടില്ലാത്തവൎക്കുതന്നെ ആയിരിക്കാം. അങ്ങിനെഇരിക്കെ, അതിൽ 'ദ്വാരപാലൻ' എന്നുള്ള പദത്തിന്റെ അൎത്ഥം സ്പഷ്ടമാക്കുന്നതിന്, (Door keeper) എന്നും മററും പൊരുൾപറഞ്ഞുപോകുന്നതു, സ്വപ്രയോഗത്തിൽ സംശയംനേരിട്ടിട്ടോ, അതൊ അതിന്റെ ശ്രേഷ്ഠ്യ ഗുണം തെളിയിക്കാനൊ, വായനക്കാർ മലയാളവും ഇംഗ്ലീഷും അറിവാൻ പാടില്ലാത്തവരെന്നുവച്ചോ, എന്തുകൊണ്ടെന്നു ഒരു തുമ്പും കിട്ടുന്നില്ല. മലയാളപുസ്തകങ്ങൾ വായിക്കുന്നതിനു 'ഇങ്കിരീസു' നിഘണ്ടുക്കളുടെ അനുകമ്പയും വേണമെന്ന ദിക്കായാൽ സംഗതി ബഹുരസമായി. ചില 'തൎജ്ജിമനോവലു'കളുടെ മിക്ക താളുകളും കണ്ടാൽ ഒരു ഇംഗ്ലീഷുഭാഷാനിഘണ്ടുവിന്റെ കടലാസായിരിക്കാമെന്നു തോന്നാറുണ്ടു്. ഇംഗ്ലീഷു് അക്ഷരങ്ങൾക്കു അച്ചില്ലാതുള്ള അച്ചടി ആപ്പീസുകളിൽ എങ്ങും മലയാളപുസ്തകങ്ങൾ അച്ചടിക്കാൻവയ്യ എന്ന ദിക്കുവരെ ആയിരിക്കുന്നു. വികൃതലക്ഷണങ്ങൾ ഇമ്മാതിരി പറഞ്ഞുതുടങ്ങിയാൽ അവധിയില്ലാത്തവിധം ഉണ്ടു്. ഒരു ഭാഷയിൽ നിശ്ചിതാൎത്ഥത്തോടു കൂടിയ ചില പ്രത്യേക പ്രയോഗങ്ങൾ ഉണ്ടാകുന്നതു, ആ ഭാഷ എവിടെ മുളച്ചുവളൎന്നുവോ, അവിടത്തെ ജനസമുദായത്തിന്റെ പരിതസ്ഥിതികൾ, മതം, ആചാരം, ധൎമ്മം മുതലായ അസംഖ്യം സംഗതികളെ അടിസ്ഥാനപ്പെടുത്തി ഇരിക്കും. അങ്ങിനെ ഉള്ള പ്രയോഗങ്ങൾ, ഗൂഢാൎത്ഥം മനസ്സിലാക്കാതെ പദംകണ്ടു് 'Left for good' എന്നതിനു 'നല്ലതിനുവിട്ടു' എന്നു പരിഭാഷപ്പെടുത്തി, കയ്യുംവീശി, ഞെളിഞ്ഞു, സാഹിതീപന്ഥാവിന്റെ മദ്ധ്യേക്കൂടി നടന്നുതുടങ്ങിയാൽ അതു പരിഹാസാസ്പദമായ വലിയ സാഹസമാണ്. ഇതാണ് ഏ. ബി. സി. ഡി. അറിയാൻപാടില്ലാത്തതിന്റെ ഹാസ്യലക്ഷണം. മറെറാരു കാൎയ്യം ഇതിലും ചന്തമായി വന്നിരിക്കുന്നതു് ചില പുതിയജാതി ആഖ്യായികകളിലുള്ള പാത്രവിശേഷങ്ങളുടെ സംഭാഷണരീതിയാണ്. ഓരോ ഭാഷയിലുമുള്ള വാചകഘടനകൾ ഓരോ പ്രകാരത്തിലായിരിക്കും. അതാതിനു അതാതു അലങ്കാരവുമാണ്. എന്നാൽ ഇതറിയാതെ "നായ്" അയാൾ തുടൎന്നു ഒതുങ്ങിയ സ്വരത്തിൽ പറഞ്ഞു. "അല്ല, പൂച്ചയാണ്" എന്നും മററും സംഭാഷണരീതി പുതുക്കിയാൽ "എന്റെ സാൎവ്വഭൌമനായ 'ത്വക്സാരമേ'!!! നമാമി നമാമി'! എന്നുമാത്രം വഴങ്ങി പിൻതിരിയാം. ഈവക ഗ്രന്ഥങ്ങളിലുള്ള കഥാപാത്രങ്ങളൊ! അവർ ഇംഗ്ലണ്ടിലൊ, ഇൻഡ്യയിലൊ, ബങ്കാളിലൊ, കേരളത്തിലൊ എങ്ങും കാണുന്നവരായിരിക്കയില്ല. കഥ നടക്കുന്ന നാട്ടും സമുദായവും മററും ഈ ഭൂമിയിൽ ഉള്ളതാണെന്നു ഒരുപക്ഷെ തോന്നുന്നു എങ്കിൽ ദൈവാധീനം. എല്ലാം ഒരു പുകപോലെ. പുക! പുക!! വെറും പുക!!!

ഇക്കാൎയ്യത്തിൽ നിഷ്ഫലമായികാലചെയ്യുന്നസമയം ഏതെങ്കിലും ഗ്രന്ഥകൎത്താക്കന്മാർ അന്യഭാഷയിൽ ഉള്ള ചില ഉത്തമഭാഷാഭിമാനികളെപ്പോലെ, ശാസ്ത്രീയങ്ങളോ ഉപയോഗപ്രദങ്ങളായ മററു സാമാന്യവിഷയങ്ങളോ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തുന്നതിനുപയോഗിച്ച് സഫലമാക്കട്ടെ. പക്ഷെ ഇതു 'ത്വക്‌സാര'മഹാനു സാധിക്കുന്ന ഒരു കാൎയ്യമല്ല. നൈസൎഗ്ഗികമായ ജ്ഞാനം പ്രയത്നംകൊണ്ടു പ്രസാദിപ്പിച്ച വിജ്ഞാനത്താൽ പ്രസന്നമായിരിക്കണം. അവിടെ യഥാൎത്ഥമായ ഭാഷാസ്നേഹവും അങ്കുരിച്ചാൽ കൊള്ളാം. അല്ലെങ്കിൽ ചെമ്പുതെളിയും.

ഒരു ജനത അധിവസിക്കുന്ന ഭൂമിയുടെ പ്രകൃതിയും, ആ ജനതയുടെ രാഷ്ട്രീയമായും സാമുദായികമായും മററുമുള്ള വിവരങ്ങളും ഒരു മാതിരി മനസ്സിലാക്കാതെ അതിലെ ഉത്തമനോവലുകൾ വായിച്ചു പൂൎണ്ണമായി രസിക്കുന്നതു സാധിക്കുന്നതല്ല. ചില നോവലുകൾ ഒരു ജനതയുടെ സാമുദായികജീവിതത്തിൽ നിന്നും വേർതിരിക്കുവാൻ പാടില്ലാത്തവിധം അതിൻെറ ജീവാംശങ്ങളായി അത്രക്കു പരിണമിച്ചിരിക്കയാൽ, അങ്ങിനെ ഉള്ള ഗ്രന്ഥങ്ങൾ തൎജ്ജിമചെയ്യുന്നതു വളരെ വിഷമമായിരിക്കും. അഥവാ ജോലിയില്ലാത്ത വല്ലവരും അതിനു മിനക്കെട്ടാൽ ഒടുവിൽ ഫലം, ജീവൻ നശിച്ചു മാംസവും ക്ഷയിച്ചതിനുശേഷമുള്ള കുറെ എല്ലിൻെറ നുറുക്കുകളായിരിക്കും.

ഗ്രന്ഥം പരിഭാഷപ്പെടുത്തുക എന്ന കാൎയ്യം അത്ര ലഘുവല്ല. അതിനു നാലഞ്ചു നിഘണ്ഡുക്കൾ മേശപ്പുറത്ത് ഉണ്ടായതുകൊണ്ടും വിശേഷാൽ ഫലമൊന്നുമില്ല. എല്ലാ ഗ്രന്ഥങ്ങളും എല്ലാവർക്കും രൂപാന്തരപ്പെടുത്തുവാനും സാധിക്കുന്നതല്ല. സാമാന്യമായിപ്പറയുന്നപക്ഷം ഒരു ഗ്രന്ഥം പരിഭാഷപ്പെടുത്തണം എന്ന അത്യാശകൊണ്ടു ഒന്നു വായിച്ചു ഉദ്ദിഷ്ടകൃത്യം നിൎവ്വഹിച്ചാൽ, അതു വിഫലം; എന്നാൽ വായിച്ചുതീൎന്നിട്ട്, ഇതു തൎജ്ജിമചെയ്താൽകൊള്ളാം എന്ന സുന്ദരമായ കൌതുകം നിൎമ്മായമായി ബുദ്ധിയിൽ തള്ളുന്നപക്ഷം അതു ചെയ്താൽ ഗുണം കാണാതെ ഇരിക്കയുമില്ല. സ്വാഭിപ്രായത്തോടും സ്വാശയത്തോടും ഏററവും യോജിപ്പുള്ള ഒരു കവിയുടെ കൃതി തൎജ്ജിമചെയ്യുന്നതു ഉത്തമമായിരിക്കും. മഹാശയന്മാരായ ചിലരുടെ ഗ്രന്ഥങ്ങൾ അത്രത്തോളം പ്രാപ്തിയില്ലാത്തവൻ ആന്തരാൎത്ഥം പൂൎണ്ണമായി ഗ്രഹിക്കാതെ പരിഭാഷപ്പെടുത്താൻ ഒരുമ്പെടുന്നതു് സാഹസമാണ്. കിണററിൽ കിടക്കുന്ന തവള സമുദ്രവൎണ്ണനചെയ്യുന്നതുപോലെ ഇരിക്കും. പരിഭാഷകനു രണ്ടു ഭാഷയിലും നൈപുണ്യം സിദ്ധിച്ചിട്ടില്ലെങ്കിൽ ആവഴി വരുന്ന നേരമ്പോക്കുകളുടെ നാനാത്വം പറയേണ്ടതില്ലല്ലൊ. ദയവുചെയ്ത് ഇക്കാൎയ്യങ്ങൾ ചിലരെ ഒന്നറിയിച്ചാൽകൊള്ളാം".

എന്ന് നിങ്ങളുടെ 'മലയാളി', മുതുകുളം, ഗോപാലപിള്ള.

# ഹിരണ്യകശിപുവിൻെറ പുത്രവാത്സല്യം.

“ആനന്ദവസ്തുക്കളിൽ ശ്രേഷ്ഠത്വം തനയനം” എന്ന ശകുന്തളവാക്യം അക്ഷരംപ്രതി പരമാൎത്ഥമാണെന്നു ആരും സമ്മതിക്കും. ഇല്ലെങ്കിൽ അവർ പിതൃപുത്രഭാവത്തെപ്പററി യാതൊരനുഭവവുമില്ലാത്തവരാണെന്നു സമാധാനിക്കുകയെ നിവൃത്തിയുള്ളു.

ലോകത്തിൽ ഭിന്നാഭിപ്രായക്കാരാണധികം. രുചിഭേദവും സൎവ്വസാധാരണമാണ്. ആ ന്യായത്തിന്നനുസരിച്ച് ഓരോരുത്തൎക്ക് അപ്പപ്പോൾ ആനന്ദപ്രദമായിത്തോന്നുന്ന വസ്തുക്കളും പലതുമുണ്ടായിരിക്കാം. എന്നിട്ടും അതിന്നൊന്നിന്നും അല്ലാതെ നന്ദനസ്ഥാനം പുത്രനുമാത്രം നൽകിയിരിക്കുന്നതു തന്നെ ആലോചനാൎഹമായിരിക്കുന്നു.

പ്രീതികരങ്ങളായവ പലതുമുണ്ടെന്നതു ശരിതന്നെ. എന്നാൽ ആ പ്രീതിയെല്ലാം ക്ഷണികവും ഉത്തരക്ഷണത്തിൽ നിൎവ്വേദജനകവുമായിട്ടാണിരിക്കുന്നത്. ധനം നമ്മുടെ സകല ആവശ്യങ്ങൾക്കും ഒഴിച്ചുകൂടാത്ത ഒന്നാണല്ലൊ. എല്ലാവരുടേയും ആഗ്രഹങ്ങളും നിരന്തരപരിശ്രമങ്ങളും ധനസമ്പാദനത്തിനുവേണ്ടിയുമാകുന്നു. എങ്കിലും ദുസ്സഹമായ ക്ലേശമൊ അസൌകൎയ്യങ്ങളൊ ഉണ്ടെന്നു കാണുമ്പോൾ ഏതൊരൎത്ഥാഗ്രഹിയും “താൻ ചത്തു മീൻ പിടിക്കാൻ” കഴിയില്ലെന്നു വെക്കുന്നതായിട്ടാണ് കാണുന്നത്. അതല്ലെങ്കിൽ പലവിധം പരിശ്രമങ്ങളിൽ ഏൎപ്പെട്ടുകൊണ്ടിരിക്കുന്നവരെയല്ലാതെ നമുക്കിന്നു കാണ്മാൻ കഴിയില്ലായിരുന്നു. എന്നുതന്നെയല്ല—ആവശ്യത്തിന്നു ധനമില്ലാതെ കുഴങ്ങുന്നവർ ഐശ്വൎയ്യദേവതക്കുതന്നെ സാമ്രാജ്യപദവി നൽകുന്നുണ്ടെങ്കിലും, മഹാധനികന്മാരായവരുടെയെല്ലാം ഫലം ഒരുപോലെ സുഖമാണൊ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. അതെയെങ്കിൽ “അൎത്ഥാനാമാൎജ്ജനേ ദുഃഖം, ആൎജ്ജിതാനാം ച രക്ഷണെ, ആയേ ദുഃഖം, വ്യയേ ദുഃഖം; അൎത്ഥഃ കിം ദുംഖഭാജനം?” എന്നൊരു മഹാൻ അഭിപ്രായപ്പെടാനിടയില്ല.

ഹൃദ്യഭക്ഷണം ഒരു സുഖമാണ്—ബുഭുക്ഷയുള്ളപ്പോൾ ഭക്ഷണം കിട്ടാതിരുന്നാലുള്ള സങ്കടം പറഞ്ഞാലാവില്ല. പറഞ്ഞറിയുന്നതിലധികം സ്വാനുഭവപ്പെടാതിരിക്കുന്നതാണ് നല്ലതും. എന്നാലും ഹൃദ്യഭക്ഷണത്താലുള്ള സുഖം വിശപ്പും ആഗ്രഹമുള്ളവനുമാത്രമാകുന്നു. വയറുനിറഞ്ഞാൽ പിന്നെ അമൃതു തന്നെയായാലും ചെലുത്തുന്നതു പ്രാണസങ്കടമാകുന്നു, ദാഹിച്ചു പൊരിയുമ്പോൾ ഒരു തുള്ളി വെള്ളം കിട്ടുന്നത് അമൃതുകല്പമാണല്ലൊ. സ്നാനപാനാദികൾക്കു ശുദ്ധ ശീതജലം കിട്ടുന്നതു പരമസുഖവും കിട്ടാതാവുന്നത് പ്രാണസങ്കടവുമാണെന്നും ആരും സമ്മതിക്കും. പക്ഷെ അനവസരത്തിലും അമിതമായും തീൎന്നാൽ അതുതന്നെ എത്ര അനൎത്ഥമായിത്തോന്നുന്നു.

പ്രകൃതിയിലുള്ള മഴ, മഞ്ഞ്, വെയില്, കാററ്, ഇടി, മിന്നൽ, ശീതം, ഉഷ്ണം മുതലായ എല്ലാം ഈ നിയമത്തെ അനുവൎത്തിച്ചുതന്നെയിരിക്കുന്നു. ബന്ധുമിത്രാദികളും, പരിജനങ്ങളും, സുഖദുഃഖാദികളിൽ എല്ലാം ഒരുപോലെ പങ്കുകൊള്ളുന്ന പ്രണയിനിയും—

"പാതിയും പുരുഷനു നാരിയെന്നറിഞ്ഞാലും" എന്ന വാക്യത്തിന്നനുസരിച്ചു പുരുഷന്റെ ശരീരാൎദ്ധമായി വെച്ചിട്ടുള്ള സഹധൎമ്മിണിപോലും—എല്ലാകാലത്തും ഒരുപോലെ ആനന്ദദാനം ചെയ്യുന്നില്ലെന്നും ആലോചിച്ചാലറിയാം.

എന്നാൽ പുത്രൻ ഈവിധമൊന്നുമല്ല. വിചാരിക്കുമ്പോൾ തന്നെ മനസ്സിന്നു എന്തെന്നില്ലാത്ത ഒരാനന്ദം നൽകുന്നു. കാണുമ്പോൾ നേത്രാസേചനകമായി തോന്നുന്നു. ശബ്ദം വീണാസ്വനത്തേക്കാൾ കൎണ്ണാമൃതമായിത്തീരുന്നു. പുത്രദേഹാലിംഗനം ഹരിചന്ദനത്തേക്കാൾ സുഖസ്പൎശമായിരിക്കുന്നു. അവനെ സംബന്ധിച്ച അഭ്യുദയചിന്ത പിതാവിന്റെ ലൌകികക്ലേശങ്ങളെയെല്ലാം കളഞ്ഞ് സ്വൎഗ്ഗത്തിൽ സാൎവ്വാധിപത്യം സിദ്ധിച്ചപോലെയുള്ള തൃപ്തിയുണ്ടാക്കിത്തീൎക്കുന്നു. അവന്റെ അഭ്യുദയം കാണുന്നതിലേറെ ആനന്ദപ്രദമായോ അഭിമാനകരമായോ യാതൊന്നും തന്നെയില്ല. എപ്പോഴും "തന്റെ കാൽ മീതെ" എന്നു വരുവാനാഗ്രഹിക്കുന്നതു് ആരും പതിവാണ്. ആരിൽനിന്നും തോൽമ മനുഷ്യൻ സഹിക്കയില്ല. അങ്ങിനെയുള്ള ദുരഭിമാനിയായ മനുഷ്യൻപോലും പുത്രനിൽനിന്നുള്ള പരാജയത്തെ പ്രതിനിമിഷം അത്യാൎത്തിയോടെ പ്രതീക്ഷിക്കുകയും സന്തോഷത്തോടെ സഹിക്കുകയും ചെയ്യുന്നു. ക്ലേശഭീരുക്കളല്ലാത്ത മനുഷ്യരില്ല. തന്റെ സുഖത്തിന്നും ഇച്ഛക്കും വിരോധമായിക്കാണുന്നവയെ ഉപേക്ഷിക്കുകയാണ് മനുഷ്യരുടെ സമ്പ്രദായം. എന്നാൽ പുത്രനുവേണ്ടി ഏതു ക്ലേശം സഹിക്കുന്നതിന്നും മടിക്കുന്നില്ല. താൻ പട്ടിണി കിടന്നും ഏതു പാടുപെട്ടും മാനം വിററും മകനെച്ചൊല്ലി ക്ലേശിച്ചു മനമഴിഞ്ഞാനന്ദിക്കുന്ന പിതാക്കന്മാർ എത്രയേറെയുണ്ടു്. അതും ഒരു ഉത്തമപുത്രനുവേണ്ടിയാണെങ്കിൽ പറയേണ്ടതില്ല. എന്തിനധികം—ലൌകികമായ ഏതൊരു സുഖത്തെയും കവിയുന്ന ആനന്ദം നൽകുന്നതിന്നു പുത്രനു കഴിയും—അതിന്നു പുറമെ പാരത്രികമായ പരമാനന്ദം നൽകുന്നതിന്നും പ്രാപ്തി പുത്രനാണെന്നു ശാസ്ത്രങ്ങൾ സിദ്ധാന്തിക്കുന്നു. മറെറാതൊരു സുഖസാധനങ്ങൾക്കും നൽകാത്ത നന്ദന സംജ്ഞ പുത്രനുമാത്രം നൽകാനും ഇതു തന്നെയാണ് കാരണം. മററു ബന്ധുക്കളെല്ലാം തന്നോടു ചേൎച്ചയുള്ളതുകൊണ്ടു മാത്രം സുഖഹേതുക്കളായിത്തീരുന്നതേയുള്ളു. എന്നാൽ പുത്രനോ—തന്റെ കൎമ്മങ്ങളുടെ ഗുണദോഷഫലങ്ങളനുഭവിക്കാനും, ഭൂതവൎത്തമാനഭാവികളിലെ കൎമ്മങ്ങളെക്കൂട്ടിയിണക്കി പൂൎത്തി വരുത്തുവാനും വേണ്ടി, കൎമ്മക്ഷമമായ നൂതനശരീരം ക

യ്യൊണ്ടവതരിച്ചിട്ടുള്ള താൻതന്നെയാണെന്നു നമ്മുടെ ശാസ്ത്രം ഘോഷിക്കുന്നു. ആ സ്ഥിതിക്ക് ഇങ്ങിനെയല്ലാതെ വരുവാനും തരമില്ലല്ലൊ.

ഇത്രയെല്ലാം മാഹാത്മ്യം പുത്രനുണ്ടായിരിക്കെ സർവ്വസമ്മതനും ഭക്താഗ്രഗണ്യനും വിശിഷ്ടതമനുമായ പ്രഹ്ലാദൻെറ പിതാവാവാൻ ഭാഗ്യമുണ്ടായ ഹിരണ്യകശിപുവിൻെറ ഭാഗ്യമല്ലെ ഭാഗ്യം. പക്ഷെ ആ ഭാഗ്യം അറിഞ്ഞാസ്വദിക്കാൻ ആ യാൾ അശക്തനായിപ്പോയി എന്നു പറഞ്ഞേക്കാം. നമുക്കു നോക്കാം.

ആ സുരപ്രകൃതിയുടെ നിദർശനമായും, ത്രൈലോക്യവിജയത്താൽ ഉദ്ധതനായും, താനൊരാളൊഴികെ സർവ്വജനാരാധ്യനായി ആരുമില്ലെന്നു ശഠിച്ചിരുന്ന ദുരഭിമാനിയായും നാം കാണുന്ന ആ പിതാവ് —പുത്രൻ ജാതിമര്യാദയെ ലംഘിച്ച് വംശവിദ്വേഷിയായ മഹാവിഷ്ണുവിനെ ഭജിക്കുന്നു എന്നറിഞ്ഞപ്പോൾ അത്യന്തം വിഷാദിക്കുന്നു. എന്നാൽ ശൈശവത്തിലെ ഈ ചാപല്യമെല്ലാം കാലക്രമേണ തീരുമെന്നു സമാധാനിക്കാൻ മാത്രമെ വാത്സല്യം അനുവദിക്കുന്നുള്ളു. കൌമാരാവസ്ഥയിൽ ശാസിച്ചു നേരെയാക്കാൻ കുലഗുരുവിനെ ഏല്പിക്കുകയും സദാ താൻ ശ്രദ്ധവെച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഏതൊരു വിധം ശാസനംകൊണ്ടും ദണ്ഡനംകൊണ്ടും ഉദ്ദിഷ്ടം ഫലം വരുന്നില്ലെന്നറിഞ്ഞപ്പോൾ കോപാകുലനായ ആ പിതാവ് കുലഭ്രഷ്ടനായ മകനെ കൊന്നു കളയാൻ കല്പിക്കുന്നുണ്ടെങ്കിലും അതൊരു വെറും ഭീഷണിയുടെ വകഭേദമാണെന്നേ വിചാരിക്കേണ്ടു. അതല്ലെങ്കിൽതന്നെ സ്വന്തം മനോഗതിയാണോ എന്നു സംശയം തന്നെ. ഒരു സമയം ദുഷ്ടരായ പരിജനങ്ങളെ ബോധിപ്പിക്കുവാൻ കാട്ടിക്കൂട്ടുന്നതുമായിരിക്കാം. ജ്ഞാനിയും മഹാനുഭാവനുമായ ആ സാർവ്വഭൌമൻെറ അന്തർഗ്ഗതം അറിയുന്നതത്ര എളുപ്പമല്ല. യഥാർത്ഥഭക്തനായ പുത്രൻ ഈശ്വരപ്രീതി നേടീട്ടുള്ളതിനാൽ ഏതവസ്ഥയിലും സുരക്ഷിതനായിത്തന്നെ ഇരിക്കും എന്ന് ഉള്ളിൽകണ്ടിട്ടുതന്നെയായിരിക്കണം ഹിരണ്യൻ ആ വിധം ക്രൂരശാസനകൾ നൽകിയതു്.

താൻ അനവധി ഹിംസകൾ ചെയ്തുനോക്കീട്ടും ഫലമില്ലാതെ ഒടുവിൽ, നാഗപാശത്താൽ കെട്ടിച്ചു, കടലിലിട്ടു മീതെ വലിയ മലകളും കയററിവെക്കുവാൻ കല്പിച്ചയച്ചു. കിങ്കരന്മാരതുപ്രകാരം പ്രവൎത്തിക്കയും ചെയ്തു. എന്നാൽ വിഷ്ണുമാഹാത്മ്യത്താൽ ആ ദുഃഖമെല്ലാം നീങ്ങി പ്രഹ്ലാദൻ വിഷ്ണുവിനെ പ്രത്യക്ഷമായി കാണ്മാനാണിടയായതു്. അപ്പോൾ ആ ഭക്തൻ—തനിക്കു ജന്മജന്മാന്തരങ്ങളിലും നിശ്ചലമായ വിഷ്ണുഭക്തിയുണ്ടാവേണമെന്നും, അച്ഛനു പാപശമനം വരേണമെന്നും വരം വരിച്ചു. ഇവനാണ് പുത്രൻ. ഈ വരങ്ങളും വാങ്ങി വരുന്ന മകനെ കണ്ടപ്പോൾ ഹിരണ്യകശിപു ചെയ്തതെന്താണ്—വാരിപ്പിടിച്ചെടുത്തു, മൂർദ്ധാവിൽ പലവുരു മുകൎന്നു, ചുംബിച്ച് പറയുന്നു.

* “പലപീഡകൾ ചെയ്തെന്നെങ്കിലും ഭാഗ്യാലായു-
ഷ്ബലമൊന്നിനാലെ നീ ചാകാതെ ജീവിച്ചെന്നും”
പലതും സമാധാനവാക്യങ്ങളോതിപ്പിന്നെ
“പ്പലനാൾ വാഴാറാകനീ എന്നാശിയും” നൽകുന്നു.

ഇതാണ് ഉള്ളിലിരുപ്പ്. ഇതാണ് പിതൃപുത്രബന്ധം. അങ്ങിനെയല്ലാതെ വരുവാൻ തരമില്ല. അത്ര വിശിഷ്ടനായ പ്രഹ്ലാദൻ പുത്രരൂപേണ ജനിക്കേണമെങ്കിൽ അതിനുതക്ക വൈശിഷ്ട്യം ഹിരണ്യകശിപുവിന്റെ സ്വഭാവത്തിനുമുണ്ടായിരിക്കേണ്ടതാണല്ലൊ.

പിന്നെ—അസുരന്മാരെപ്പററി നമുക്കറിവുതരുന്ന പുരാണങ്ങൾ തന്നെ, അസുരന്മാരെല്ലാം ഒരുപോലെ അജ്ഞന്മാരൊ നിരീശ്വരന്മാരൊ ആയിരുന്നുവെന്നു പറയുന്നില്ല. കാൎയ്യങ്ങളുടെ സ്ഥിതിഗതികൾ അറിഞ്ഞുകൊണ്ടുതന്നെ അവരിൽ പലരും പലപ്പോഴും ഒന്നുമറിഞ്ഞുകൂടാത്തവരെപ്പോലെ നടിച്ചുകൊണ്ട് ആചരിച്ചതായി വിവരിച്ചു കാണാം.

രാവണൻ പുരാണമാൎഗ്ഗേണ നമുക്കു പ്രത്യക്ഷപ്പെടുന്നതു ദുഷ്ടനും കണ്ടകാഗ്രഗണ്യനും സുജനദ്വേഷിയുമായ നിലയിലാണ്. എന്നാൽ സാമവേദജ്ഞനും ബ്രഹ്മകുലജാതനുമായ ആ വീരൻ തത്വജ്ഞാനത്തിലും തന്റെ മഹിമ പരിപാലിക്കാൻ പോന്നവനാണെന്ന് രാമായണത്തിൽതന്നെ ചില സന്ദൎഭത്തിലുള്ള വാക്കുകളാലും തന്റെ അന്തൎഗ്ഗതങ്ങളാലും തെളിയിച്ചിട്ടുണ്ട്. രാമന്റെ തത്വവും ജീവിതത്തിന്റെ നശ്വരതയും മററും ഇത്ര നല്ലവണ്ണം ഗ്രഹിച്ച ഭക്തന്മാർതന്നെ ഉണ്ടോ എന്നു സംശയം.

ശുദ്ധ പടുവന്റെ മാതിരി പോൎക്കളത്തിൽ ചാടിവീണു വാരിവലിച്ച് എന്തൊക്കെയോ കാട്ടുന്ന കുംഭകൎണ്ണൻ—തീനും ഉറക്കവുമല്ലാതെ ഒന്നുമറിയില്ലെന്നുവെച്ചിട്ടുള്ള ആ ഭയങ്കരമൂൎത്തി—വിഭീഷണനുമായി വാഗ്വാദം ചെയ്യുന്നതുനോക്കിയാൽ ആരും വിസ്മയിച്ചുപോവും. താൻ വലിയ വിഷ്ണുഭക്തനാണ്, രാമദാസനാണ് എന്നൊക്കെ വമ്പുനടിക്കുന്ന വിഭീഷണൻ ലജ്ജിച്ചു തലതാഴ്ത്തിപ്പോവത്തക്ക നിശ്ചലഭക്തിയാണായാളുടേത്. സഹോദരസ്നേഹം മുതലായ ലൌകികനീതികളെപ്പററി ആയാൾ പ്രതിപാദിക്കുന്നതുകേട്ടിട്ടും, സാഷ്ടാംഗപ്രണാമം ചെയ്തു മടങ്ങിപ്പോയ വിഭീഷണൻ ലങ്കാധിപനാവാൻ ജീവിച്ചിരുന്നതിലാണാശ്ചൎയ്യം.

മാബലിയുടെ ഭക്തിജ്ഞാനങ്ങൾ നിമിത്തം ഒരു വിധത്തിലും ജയിക്കാൻ സാധിക്കാതെവന്നതിനാലല്ലെ വഞ്ചനം ഉപയോഗിക്കേണ്ടിവന്നത്.

* വിഷ്ണുപുരാണം.

കംസൻ ജാഗ്രൽസ്വപ്നസുഷുപ്തികളിൽ ഒരുപോലെ വിഷ്ണുസ്വരൂപം കണ്ണിൻമുമ്പാകെ കണ്ടുകൊണ്ടേയിരുന്നു. എങ്കിലും പുറമേക്കുള്ള ഭാവമെന്തായിരുന്നു? ഇങ്ങിനെയുള്ള ഉദാഹരണങ്ങൾ ഇനിയും ധാരാളമുണ്ടാവുമെങ്കിലും ഈ പ്രകൃതത്തിൽ ഇത്രമതി എന്നുവെച്ചു ചുരുക്കുന്നു.

പണ്ടൊരു മഹാപ്രഭു ആരംഭിച്ച ഒരു ഉത്സവം മുടക്കത്തക്കവണ്ണം മഴപെയ്യാൻ വട്ടംക്രുട്ടി. മഴ ഭാവമുണ്ട്, അതിനാൽ ഉത്സവം നേരെയാവില്ല, ഇപ്പോൾ വേണ്ട, എന്നു് പരിവാരങ്ങൾ അറിയിച്ചു. അതുകേട്ടപ്പോൾ ആ മഹാനുഭാവൻ—"മഴയൊ?; വെക്കട്ടെ വെടി; എന്തുമഴ; ഒന്നുമുണ്ടാവില്ല" എന്നുപറഞ്ഞു. വെടിയും തുടങ്ങി. കാറൊഴിഞ്ഞു. ഉത്സവം ഭംഗിയായി നടന്നു. എല്ലാവരും ഇതുകണ്ടു വിസ്മയിച്ചു. പ്രഭുവിൻെറ നിലക്ക് ഗംഭീരമായി കല്പിച്ചുവെങ്കിലും, ആ ധീരൻ—മഴപെയ്തു് ഉത്സവം മുടങ്ങാതിരിക്കാൻ അയ്യപ്പന് (മഴയുടെയും മററും ഈശ്വരൻ) വെടി വഴിവാടു നേരുകയും അതു കഴിപ്പിക്കുകയുമാണ് ചെയ്തതു് എന്നു് സൂക്ഷ്മം അല്പം ചിലർ മാത്രം പറഞ്ഞറിഞ്ഞു എന്നൊരു കഥ കേട്ടിട്ടുണ്ടു്. അതുപോലെ പുറമേക്ക് എന്തൊക്കെ നടിക്കുകയും കാട്ടിക്കൂട്ടുകയും ചെയ്യുന്നുണ്ടെങ്കിലും അങ്ങിനെതന്നെയാണ് മഹാന്മാരുടെ ഉള്ളും എന്നു ധരിക്കുന്നതു് അബദ്ധമായിരിക്കും.

ഈ വക സംഗതികളാൽ നാം കേട്ട മാത്രയിൽ ധരിക്കുംപോലെ ഹൃദയശൂന്യനൊ പുത്രവാത്സല്യരഹിതനൊ ആയിരുന്നില്ല ഹിരണ്യകശിപു എന്നു കഷ്ടിച്ചു വിശദമായെന്നു വിശ്വസിക്കുന്നു.

വി. കെ. എം.

# ഓണമംഗളം. *

കഴലിണകളഴകിനൊടു തൊഴുതു നിങ്ങൾക്കിതാ
കല്യാണമോതുന്നു സാംപ്രതം സ്വാഗതം.
പകലിരവു മകമലിവു കലരു മഖിലേശ്വരൻ
പാലിച്ചുകൊള്ളുന്നു പാപാപഹാനിപരൻ.
നിയതിയുടെ നിയമമതു നിരുപമഗുണോത്തമം
നിത്യമായ് സത്യമായ് നില്ക്കുന്നു നിശ്ചയം.

* മദിരാശി മലയാളിക്ലബ്ബിൽ ഈയാണ്ടത്തെ ഓണാഘോഷാവസരത്തിൽ വായിച്ചതു്.

അന്നദിനവു അതിന്നഴിവുമൊരുവിധവുമേല്ലയി
"ല്ലാവൃത്തി"യാണതിൽ മൂലമന്ത്രംസദാ.
ഒരു കുറിവു, മിരുകുറിവു, മിതുവിധ മനേകദാ
യോണങ്ങളോണമായ് ത്തന്നെകഴിഞ്ഞുപോം.
ഇതിന്നിടയിലുലകിലിഹകലവിപലമട്ടിലാ-
യിന്നുകാണുന്നതും ഛായയാണൊക്കയും.
സമരഭുവി മരണമതു മതിഭുജപരാക്രമാൽ
സായൂജ്യമെന്നോൎത്തു സാഹസം ചെയ്യതും.
ജനഭരണ രസകുതുകമൊരുസമയമാൎന്നതും
"ജന്മം"പരാൎത്ഥമനായെല്ലാണ്ടൊഴിച്ചതും.
മതവിഷയ മഭിമതവു മൊരുവരു മോൎക്കാതെ
മന്ദരാമററ നാം മാനം വളൎത്തതും.
ഭുവനതലമതിലമരുമഖിലജനമാനസം
ഭൂരികല്യാണദം കേരളം പുകതും.
അതിനുതുകമതുലഗുണസുഫലപരിപുഷ്ടിചേ-
ൎന്നത്യന്ത മൈശ്വൎയ്യമാൎന്ന കഴിഞ്ഞതും
നിഴലുകളിലുഴലുമിവരിതുസമയമാത്തരാ-
യ് നിത്യമായുള്ളോന്നു വിസ്മരിക്കുന്നതും
കലഹകല, കൊതിപെരുകി, പലവിധമുയൎത്തിനാ-
'കല്യാണലക്ഷ്മിയെ' ദൂരെക്കളഞ്ഞതും.
പ്രകൃതിയുടെപരിലസിതമരുമയൊടുമോൎക്കാതെ
പ്രത്യക്ഷനാശങ്ങളുണ്ടാക്കിവെച്ചതും.
പരവിഭവസുഖവദവിസുരഭില വിനോദവും
വല്ലാതെയായിട്ടു വേണ്ടെന്നു വെച്ചതും.
രമണിമണി രതിരമണ രസികതകലന്നു താൻ
രമ്യമായ് ഗാനങ്ങൾ പാടിയാടുന്നതും.
ഒരു നൊടിയിലിതുസകലമോൎമ്മവെപ്പിച്ചിട്ടു-
മോണത്തിനൊന്നിച്ചടക്കി നാം സൎവ്വവും.
കുറവിതിനുമൊരുരകലമണയരുതു, കേവലൻ
കാരുണ്യമൂൎത്തി തുണക്കും സുമംഗളം.

# കഴിഞ്ഞ കഥ.

## അദ്ധ്യായം 4 (തുടർച്ച)

എന്നെ ചേർത്തത് മൂന്നാംക്ലാസിലായിരുന്നു. ഞാൻ കേവലം ഒരു നാടനായിരുന്നതുകൊണ്ട് എന്റെ ഇംഗ്ലീഷ് പരിജ്ഞാനം മററു കുട്ടികളുടേതിനൊപ്പമാക്കാൻ കുറച്ചുകാലം വീട്ടിൽവെച്ച് ഒരു മാസ്റ്റർ എന്നെ പഠിപ്പിച്ചുവന്നിരുന്നു. അദ്ദേഹത്തിന്റെ പ്രവൃത്തി പഠിപ്പിക്കലായിരുന്നുവെങ്കിലും അദ്ദേഹവും ആ തൊഴിലുമായി ബന്ധമുണ്ടാകുന്ന സമയം വളരേ കുറവായിരുന്നു—ശീട്ടുകളി അദ്ദേഹത്തിന്റെ ശമ്പളമില്ലാത്ത ഒരു ജോലിയായിരുന്നു—രാത്രി സ്നേഹിതന്മാരോടുകൂടി പുലരുന്നതുവരെ കളിക്കും. രാവിലെ അദ്ദേഹം താമസിക്കുന്ന വീട്ടിന്റെ അടുത്തുള്ള കുളത്തിൽ വല്ലവിധത്തിലും ഒന്നു കുളിച്ച് ഏഴര മണിയാകുമ്പോഴേക്ക് ഞങ്ങളുടെ വീട്ടിലെത്തും—കുളിയിൽ അദ്ദേഹത്തിന് പ്രതിപത്തിയുണ്ടായിരുന്നതുകൊണ്ട് നിത്യവും പ്രഭാതസ്നാനം നടത്തിവന്നതാണെന്ന് വായനക്കാർ തെററിദ്ധരിക്കരുത്—അദ്ദേഹത്തിന്റെ അമ്മയെ ഭയന്ന് അങ്ങിനെ ചെയ്തുവന്നിരുന്നതാണ്—ഒരു ദിവസം ശീട്ടുകളി കഴിഞ്ഞ് വീട്ടിലെക്കു മടങ്ങുവാൻ കുറച്ചു താമസിച്ചു. കുളം വഴിക്കായിരുന്നതിനാൽ കുളിച്ചു പോവാമെന്നു കരുതി അതിന്നൊരുങ്ങി—ഒരുസമയം രാത്രി വീട്ടിൽ കാണാത്തതിനെപ്പററി അമ്മയോ മററൊ ചോദിച്ചാൽ നേരത്തെ എഴുന്നീററ് കുളിക്കാൻ പോന്നതാണെന്ന് പറയാമെല്ലൊ എന്ന യുക്തിയും ആലോചിക്കായ്കയില്ല—വീട്ടിൽ ചെന്നപ്പോൾ വിചാരിച്ചപോലെ അമ്മ ചോദിക്കയും മാസ്റ്റർ മറുവടി പറകയും ഉണ്ടായി—അതിന്റെശേഷം അദ്ദേഹത്തിന്ന് രാവിലെ കുളി മുടങ്ങീട്ടില്ല—

രാത്രി പതിവായി ഉറക്കമൊഴിച്ചിരുന്നതുകൊണ്ട് മാസ്റ്റർ ഞങ്ങളെ (എന്റെ കൂട്ടത്തിൽ കുഞ്ഞിശ്ശങ്കരനും ഉണ്ടായിരുന്നു) പഠിപ്പിക്കാൻ വന്നിരുന്നാൽ ഉറക്കംതൂങ്ങുവാൻ കുറേശ്ശ തുടങ്ങുകയായി. വല്ലതും തിന്മാൻ കൊടുത്തുവെങ്കിൽ പിന്നെ തൂക്കം നീണ്ട് നീണ്ട് നല്ല ഉറക്കമായിത്തീരും. പിന്നെ ഞങ്ങൾക്ക് ഇഷ്ടംപോലെ എന്തെങ്കിലും ചെയ്യാം. ഈ തഞ്ചം ഞങ്ങൾ വിട്ടുകളഞ്ഞിരുന്നില്ല. മാസ്റ്റർ വരുമ്പോഴെക്ക് ചായയും പലഹാരവും ഞങ്ങൾ കൊണ്ടുകൊടുക്കും. അതു അകത്താവുന്നതോടുകൂടി മാസ്റ്റർ മയക്കവും ആരംഭിക്കും—ചില ദിവസം ഉറക്കം വന്നില്ലെങ്കിൽ അദ്ദേഹത്തിനെക്കൊണ്ട് ഞങ്ങൾ കഥ പറയിക്കും. ഭൂതങ്ങളുടേയും പ്രേതങ്ങളുടേയും കഥകൾ അദ്ദേഹത്തിന്നു അനവധി തോന്നിയിരുന്നു. ആവകയൊന്നും കണ്ടാൽ പേടിയില്ലാത്ത ആളാണെന്ന് ഒരു പ്രസിദ്ധിയും അദ്ദേഹത്തിനുണ്ടായിരുന്നു. മിക്ക കഥകൾക്കും നായകൻ അദ്ദേഹംതന്നെ ആയിരിക്കും. താൻ ഭൂതവു

മായി കണ്ടുമുട്ടിയതും, അതിനെ വടികൊണ്ട് അടിച്ചതും, കത്തികൊണ്ട് കുത്തിയതും, വെള്ളത്തിൽ ചാടിച്ചതും, സത്യംചെയ്യിച്ചതും ഇങ്ങിനെ പല പരാക്രമങ്ങളും താൻ കാണിച്ചിട്ടുണ്ടെന്നു വിവരിക്കും. ഞങ്ങൾ ഇതെല്ലാംകേട്ട് രസിച്ച് പഠിക്കാതെയും കഴിച്ചുകൂട്ടും. ഇല്ലത്ത് ഇല്ലായ്കയും, ഉണ്ണിക്ക് വേണ്ടായ്കയും ഉണ്ടെന്ന് പറഞ്ഞമാതിരി, മാസ്റ്റർക്കു പഠിപ്പിക്കുന്നതും ഞങ്ങൾക്ക് പഠിക്കുന്നതും ഒരുപോലെ ക്രമേണ ഇഷ്ടമില്ലാതായിത്തീൎന്നു. എങ്കിലും ക്ലാസ്സിൽ ഞങ്ങൾ ഒരുമാതിരി മാനംനേടിക്കൊണ്ടുതന്നെ കഴിച്ചുകൂട്ടി—ക്ലാസ്സുമാസ്റ്ററെപ്പററിയും രണ്ടു വാക്കു പറയാതിരുന്നാൽ വിദ്യാലയവും ഞാനുമായുണ്ടായ പ്രഥമപരിചയത്തിൻെറ വൎണ്ണന പൂൎണ്ണമാകുന്നതല്ല. അദ്ദേഹം അന്നേക്ക് ഒരു വയസ്സനായിരുന്നു—മട്രിക്കുലേഷൻവരെ പഠിച്ചിട്ടുണ്ടായിരുന്നുള്ളൂ. മാസ്റ്ററായി ചുരുങ്ങിയത് ഒരു മുപ്പത് കൊല്ലത്തെ പഴക്കമുണ്ടായിരുന്നു—അദ്ദേഹത്തിൻെറ തിരുമ്പലിൻെറ രുചിയറിയാതെകണ്ടുള്ളവർ അന്ന് വളരെ ചുരുക്കമായിരുന്നു. തനിക്ക് ധാരാളം മുറുക്കണം. 20 കയോ മററൊ ആയിരുന്നു അദ്ദേഹത്തിന്ന് ശമ്പളം. അതുകൊണ്ട് ചിലവിനൊന്നും മതിയാവില്ല.—ഏഴെട്ടു കുട്ടികളും ഉണ്ടായിരുന്നു—ബ്രാഹ്മണനായിരുന്നതുകൊണ്ട് സദ്യ എവിടെ ഉണ്ടെങ്കിലും കുട്ടികളുമായി എത്തും. സദ്യ ദൂരത്തെങ്ങാനുമാണെങ്കിൽ ചില ദിവസം സ്കൂളിലേക്ക് വരുവാനും വൈകും. വൈകിയാൽ സ്കൂളിൻെറ പടികടന്ന് വരികയില്ല—കിളിവാതലിൻെറ ഉള്ളിൽകൂടെ ചാടീട്ടാണ് ക്ലാസ്സിൽ കടക്കുക. ആ സമയം കുട്ടികൾ ചിരിച്ചുവെങ്കിൽ എല്ലാവൎക്കും തല്ലാണ്—പഠിപ്പിക്കുക എന്നൊരു സമ്പ്രദായമില്ല. പാഠങ്ങൾ ഒന്നായി ഉരുവിട്ടുകൊള്ളണം. അദ്ദേഹം ക്ലാസ്സിൽ കടന്നുവന്നാൽ കാണാപാഠം ചൊല്ലിത്തുടങ്ങണം. ഒരു വരി പിഴച്ചാൽ പിഴച്ച കുട്ടിയുടെ കാലിന്മേൽ അദ്ദേഹത്തിൻെറ മടമ്പ് ഊന്നി ഒരു തിരിച്ചൽ തിരിയും. അതോടുകൂടെ കവിളോ കയ്യോ പിടിച്ച് ഒരു തിരുമ്പലും—ഇത് രണ്ടും കഴിയുമ്പോഴെക്ക് കുട്ടിക്ക് ജീവൻ ബാക്കിയുണ്ടാവുന്നത് തറവാട്ടിൻെറ സുകൃതമാണെന്ന് കരുതിക്കൊള്ളണം—തിരുമ്പുന്നതോടുകൂടി "കഴുത പഠിക്കുകയില്ല. ഒരിക്കൽ മുറുക്കുവാനും കൊണ്ടുവരില്ല" എന്ന്, ആദ്യത്തെ വാചകം ഉറക്കെയും രണ്ടാമത്തേത് ആ കുട്ടി മാത്രം കേൾക്കത്തക്കവണ്ണവും പറയും—പിറേറ ദിവസം മുറുക്കുവാൻ കൊണ്ടുപോയി കൊടുത്താൽ പിന്നെ കുറെ ദിവസത്തിന്ന് സ്വൈരമായി. ഈ കള്ളി ഞങ്ങൾ അറിഞ്ഞതോടുകൂടി ഊഴമിട്ട് ഓരോരുത്തരും മുറുക്കുവാൻ കൊടുക്കുന്നത് പതിവായി—അദ്ദേഹത്തിന്ന് മുറുക്കുചിലവും വേണ്ടെന്നു ദിക്കായി. ക്ഷൌരംചെയ്ത ദിവസം അദ്ദേഹത്തിൻെറ ദേഷ്യത്തിന്ന് കണക്കില്ല—അന്ന് എന്തെങ്കിലും സംഗതിക്ക് തല്ലുകിട്ടാത്തവർ ക്ലാസ്സിലുണ്ടാവാൻ പ്രയാസമാണ്—കൊടുക്കുന്ന വെററിലയോ മററൊ

മോശമായാൽ അതിന്ന് ശിക്ഷ വേറെയുണ്ട്. പ്രായശ്ചിത്തമായി നീററടക്ക നാലഞ്ചെണ്ണം സാധാരണ കൊടുക്കുന്നതിന്നുപുറമെ സമ്മാനിക്കുകയും വേണം—ഇങ്ങിനെയൊക്കെയാണെങ്കിലും കുട്ടികളെ വലിയ സ്നേഹമാണ്. ശനിയാഴ്ചയോ ഞായറാഴ്ചയോ കുട്ടികളുടെ രക്ഷിതാക്കന്മാരുടെ അടുക്കെ വരും. അവരെപ്പററി താൻ പ്രത്യേകം നിഷ്കൎഷ ചെയ്യുന്നുണ്ടെന്ന് ധരിപ്പിക്കും—മകളുടെ കല്യാണത്തിന്നാണ് മകൻെറ പഠിപ്പിന്നാണ് എന്ന് പറഞ്ഞു് വല്ലതും വാങ്ങിക്കൊണ്ടു പോകുകയും പതിവാണ്. വീട്ടിൽ വന്ന ഉടനെ മുറുക്കുവാനും ചായയും കിട്ടിയെങ്കിൽപിന്നെ ആ വീട്ടിലെ കുട്ടിക്ക് ഒരുമാസം തല്ല് കൂടാതെ കഴിക്കാം. പോകുമ്പോൾ നല്ല അടക്കയും പുകയിലയും പൊതിഞ്ഞു കൊടുത്താൽ സ്നേഹം കുറെ ദിവസംകൂടി നീളും—ഇതൊക്കെ കഴിഞ്ഞു് പിന്നെയുള്ള പെരുമാററം മുമ്പിലത്തെ മാതിരിതന്നെ—സമ്മാനങ്ങൾ ഇടക്കിടക്ക് ആവൎത്തിക്കണം—ഇങ്ങിനെ ഏകദേശം ഒരു കൊല്ലം കോഴിക്കോട്ട് കഴിച്ചുകൂട്ടി—അപ്പോഴെക്ക് ഞങ്ങളെല്ലാവരും പിരിയേണ്ടതായ ഒരു ഘട്ടം നേരിട്ടു—

(തുടരും). ദേവീദാസൻ.

# വിചാരവീചി.

തിരുവിതാംകൂർ ഭരണാധികാരികളുടെ ഒരു പുതിയ ആയുധമെന്നപോലെ പരിലസിക്കുന്ന പത്രനിയമത്തെപ്പററി ഇയ്യിടെ അവിടുത്തെ നിയമനിൎമ്മാണസഭയിൽ നടന്ന വാദപ്രതിവാദം ദൂരസ്ഥന്മാൎക്ക് പല ആശങ്കകൾക്കും ഇടകൊടുക്കുന്നുണ്ട്. ബ്രിട്ടീഷ് ആധിപത്യത്തിൽ ഇരിക്കുന്ന പ്രദേശങ്ങളിലെല്ലാം പത്രപ്രവൎത്തനത്തിൽ സ്വാതന്ത്ര്യം കൂടിവരുന്ന സമയത്ത് ഒരു നാട്ടുരാജ്യത്ത് അതിൻെറനേരെ അധികൃതന്മാർ ചക്രായുധം പ്രയോഗിക്കാനൊരുങ്ങിക്കാണുമ്പോൾ തദ്ദേശവാസികളുടെ പത്രപ്രവൎത്തനവിഷയത്തിലുള്ള ദയനീയസ്ഥിതിയെപ്പററിയോ, അതോ ഭരണയന്ത്രതിരിപ്പുകാരുടെ കൎക്കശതയെപ്പററിയോ, വ്യസനിക്കേണ്ടത് എന്നു ഞങ്ങൾക്ക് തീൎച്ചയാക്കാൻ സാധിക്കുന്നില്ല. പത്രനിയമത്തെ അനുകൂലിച്ചു സംസാരിച്ച ചിലർ ചില പത്രങ്ങൾ ആ നാട്ടുകാരുടെ അവമാനസ്തംഭങ്ങളായിരിക്കുന്നുണ്ടെന്നുകൂടി പ്രസ്താവിക്കയുണ്ടായി. അങ്ങിനെ ചില പത്രങ്ങളുണ്ടെങ്കിൽ അവയെ നിലനിൎത്തിവന്ന പൊതുജനങ്ങൾതന്നെയാണ് വാസ്തവത്തിൽ അപരാധികൾ—പത്രം വായിക്കാനാളില്ലെങ്കിൽ അതു താനെ അസ്തമിക്കുന്നതാണ്—കൊള്ളരുതാത്ത പത്രങ്ങൾ നിലനില്ക്കുന്നതിന്ന് ബഹുജനങ്ങൾ സഹാ

യിക്കുന്നുണ്ടെങ്കിൽ അവരുടെ മനസ്ഥിതിയെപ്പററി വ്യസനിക്കുവാനെ വഴി കാണുന്നുള്ളൂ. പൊതുജനാഭിപ്രായത്തിന്ന് പ്രാബല്യം വന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത്—ഭരണാധികാരികളും അതിന്ന് കീഴടങ്ങിവരുന്ന ഇക്കാലത്ത്—അതിന്ന് അധീനമാവാത്ത സ്ഥാപനങ്ങളൊ ആശയങ്ങളൊ ഇല്ലെന്ന് നമ്മുടെ അനുഭവം വിളിച്ചുപറയുന്നുണ്ട്. ബർഡോളിയിൽ ഇയ്യിടെ നടന്ന കാര്യങ്ങൾ പൊതുജനാഭിപ്രായത്തിൻെറ അതിരററ ശക്തിയെയാണ് ദൃഷ്ടാന്തപ്പെടുത്തുന്നത്. സാമുദായികകാര്യങ്ങളിലും വിദ്യാഭ്യാസവിഷയത്തിലും മുന്നണിയിൽനില്ക്കുന്ന തിരുവിതാംകൂർ പത്രപ്രവർത്തനത്തിൽ പിന്നാക്കമാണെന്ന് ഞങ്ങൾക്ക് വിശ്വാസമില്ല—പൊതുജനാഭിപ്രായത്തിന്ന് അവിടെ ബലമുണ്ടെന്നുള്ള നിലക്കും ദൃഷ്ടാന്തങ്ങൾ ഇതിനുമുമ്പും ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് നാട്ടുകാരെ നന്നാക്കിത്തീർക്കുവാൻവേണ്ടിയാണ് ഈ പത്രനിയമം അധികൃതന്മാർ പരിപാലിച്ചുപോരുന്നതെന്ന് വിചാരിക്കാനും ന്യായം കാണുന്നില്ല. മററുള്ളവർക്ക് അറിയാൻ കഴിയാത്തതായ ചില മറിമായങ്ങൾ പത്രനിയമത്തെ പിന്താങ്ങുന്നുണ്ടോ എന്ന് അന്വേഷിക്കേണ്ടതായിരിക്കുന്നു. പ്രജാക്ഷേമതല്പരയായ മഹാറാണി റീജൻറ് തിരുമനസ്സിലെ ഭരണകാലത്താണ് ഈവക കോലാഹലങ്ങൾ നടക്കുന്നതെന്ന് വിചാരിക്കുമ്പോൾ

"എല്ലാം തികഞ്ഞിട്ടൊരു വസ്തുപോലും
തണ്ടാർമകൻ ഹന്ത! ചമച്ചതുണ്ടോ"

എന്നേ സമാധാനം കാണുന്നുള്ളൂ.

## സന്ന്യാസിമാരും സ്ത്രീകളും.

അർജ്ജുനൻ സന്ന്യാസിയായതോടുകൂടി സന്ന്യാസിമാരെ സംശയിക്കേണ്ട ഘട്ടം വന്നു. ശ്രീകൃഷ്ണന്ന് പതിനാറായിരത്തെട്ട് ഭാര്യമാരുണ്ടായിരുന്നുവെന്നുള്ളത് പ്രമാണമാക്കിപ്പിടിച്ച് നിരവധി സ്ത്രീകളുമായി വിനോദിക്കുന്നത് ഒരു പരിഷ്കാരമായി കരുതാനും ചിലർ തുടങ്ങീട്ടുണ്ടാവാം. ഇവരുടെ കഥകൾ വെറും കെട്ടുകഥകളാണെന്ന് ശഠിക്കുന്നവർക്ക് പുരാണേതിഹാസങ്ങൾ ശരിയാണോ എന്നു തോന്നിക്കുമാറ് ഒരു സന്ന്യാസി ഇയ്യിടെ ലാഹോറിൽ എത്തിയ വർത്തമാനം വായനക്കാർ കേട്ടിട്ടുണ്ടായിരിക്കാം. ഇദ്ദേഹത്തിൻെറകൂടെ എഴുപതോളം സ്ത്രീകളുണ്ടെന്നും അവരല്ലാതെ അദ്ദേഹത്തെ വേറെ ആർക്കും തൊട്ടുവാൻകൂടി പാടില്ലെന്നും അവരുടെ ശുശ്രൂഷയിൽ സന്തോഷിച്ച് കാലം കഴിക്കുകയാണ് ആ സന്ന്യാസിശ്രേഷ്ഠൻെറ ജോലിയെന്നും അറിയുമ്പോൾ സന്ന്യാസിയേയോ, സ്ത്രീകളേയോ ആരെയാണ് ബഹുമാനിക്കേണ്ടതെന്ന് ഞങ്ങൾക്ക് നിശ്ചയമില്ല—ഇത്രയധികം സ്ത്രീകളിൽ ദാക്ഷി

ണ്യത്തോടുകൂടി. പെരുമാറുന്ന സന്ന്യാസിയുടെ യോഗശക്തി അത്ഭുതപ്പെടത്തക്കതുതന്നെ—യാതൊരു കലഹവുംകൂടാതെ സന്ന്യാസിവൎയ്യനെ ശുശ്രൂഷിച്ചുവരുന്ന മഹിളാമണികളുടെ പാതിവ്രത്യനിഷ്ഠയും പ്രശംസിക്കത്തക്കതുതന്നെ. ശിക്ഷകരും രക്ഷകരും അധികാരമുള്ള രാജാക്കന്മാരുടെ അന്തഃപുരംപോലും പലപ്പോഴും മത്സരത്തിൻനിന്ന് മുളച്ചു കുഴപ്പങ്ങൾക്ക് വിളനിലമായിട്ടുണ്ട്. അന്തഃപുരമില്ലാതെ, തന്റെ സ്ത്രീപരിവാരങ്ങളേയുംകൊണ്ട് സഞ്ചരിക്കുന്ന മേൽപ്പടി സന്ന്യാസിവൎയ്യൻ സമാധാനത്തോടുകൂടി എപ്പോഴും ഇരിക്കുന്നുണ്ടത്രെ—കലിയുഗകൃഷ്ണനെന്ന് സ്വയമേവ അഭിമാനിച്ചുവരുന്ന ഈ സന്ന്യാസിയെ നേരിട്ടു കാണാൻ സാധിക്കുന്നതായാൽ അദ്ദേഹത്തിന്റെ സന്ന്യാസവൃത്തിയെപ്പററി, പല രഹസ്യങ്ങളും അറിയാനിടയാവുമെന്ന് വിശ്വസിക്കാം—കലിയുടെ മാഹാത്മ്യം കാലം ചെല്ലുന്തോറും പ്രത്യക്ഷപ്പെട്ടുവരുന്നുണ്ട്!!

# വിജ്ഞാനസൌധം.

ഒടുങ്ങിപ്പോയ ജന്തുക്കൾ:—ഭൂമിയിൽ നാം ഇപ്പോൾ കാണുന്ന ജന്തുക്കളിൽനിന്ന് എത്രയോ ഭേദിച്ച ആകൃതിയോടും പ്രകൃതിയോടും ഉള്ള ജന്തുക്കൾ വളരെ ലക്ഷം കൊല്ലം മുമ്പെ അധിവസിച്ചിരുന്നു എന്ന് ഈ കാലത്ത് കണ്ടുകിട്ടിയ ചില ശിലകളിന്മേൽ പതിഞ്ഞുപോയ രൂപങ്ങളും അസ്ഥിക്കൂടുകളും തെളിയിക്കുന്നുണ്ട്. കരയിലെ ജന്തുക്കളുടെ കഥ വിചാരിച്ചാൽ നാം വല്ലാതെ നടുങ്ങിപ്പോകും. ആനയേക്കാൾ വലിപ്പമുള്ള കരടിയും, അര അടി നീളത്തിലും കവിയുന്നതായ പല്ലുകളോടുകൂടിയ നരിയും അന്നുണ്ടായിരുന്ന മററു ജന്തുക്കൾക്ക് എത്രകണ്ട് അപായികളായിരുന്നിരിക്കണം. അന്നുണ്ടായിരുന്ന ജടയാന (Mammoter) ഇപ്പോൾ കാണുന്ന "കൊമ്പൻകോരൻ"മാരേക്കാൾ ഇരട്ടി വലിപ്പമുള്ളതായിരുന്നു. പന്ത്രണ്ടുമുതൽ പതിനാറടിവരെ നീണ്ട കൊമ്പുകളും അതിന്നുണ്ടായിരുന്നു. ഒരു മാടപ്രാവോളം വലിപ്പമുണ്ടായിരുന്ന ഒരുതരം പക്ഷിയുടെ വാലിന്ന് ഒരു വിശേഷവിധി ഉണ്ടായിരുന്നു. പക്ഷിക്കു ഏകദേശം ഒരടി നീളമുണ്ടായിരുന്ന ഒരു വാലും (എലിവാൽ പോലെയുള്ളത്) അതിന്റെ ഇടത്തും വലത്തും തൊടുത്തുവെച്ചപോലെ നീണ്ട തൂവലുകളും ഉണ്ടായിരുന്നു. ഈ പക്ഷിയുടെ വാൽ ഈന്തോലപോലെ ഇരിക്കും. എന്നാൽ ഓരോ ഇഴ ഇലയും തൊട്ടുകൊണ്ടിരിക്കും. മറെറാരുതരം പക്ഷിക്ക് ഒട്ടകക്കോഴിയേക്കാൾ വലിപ്പമുണ്ടായിരുന്നു. പന്ത്രണ്ടടി പൊക്കമുള്ള ആ പക്ഷിക്ക് ശക്തിയേറിയ നഖങ്ങളും ഭയങ്കരവലിപ്പമുള്ള കൊക്കും ഉണ്ടായിരുന്നു. ഒരാട്ടിനേയും

മററും നഖംകൊണ്ടു ഇറുക്കിപ്പിടിച്ചു ഒരൊററക്കൊത്തിന്നു് ഈ പക്ഷിക്കു് കൊല്ലുവാൻ ഒരു പ്രയാസവും ഉണ്ടാകയില്ല. ഓന്തിനെപ്പോലെയുള്ള ഒരു ജന്തുവിനു് 66 അടി നീളവും പത്തുപന്ത്രണ്ടടി പൊക്കവും ഉണ്ടായിരുന്നു. ആനയുടെ ചെവിയും നീർപ്പന്നിയുടെ കോലവുംപൂണ്ട ഒരു ഭയങ്കരനു് നെററിയിലും മുഖത്തിലും നാലഞ്ചു കൊമ്പുണ്ടായിരുന്നു. അന്നുണ്ടായിരുന്ന കുതിരക്കു് കഷ്ടിച്ചു് ഒരു കുറുക്കന്റെ വലിപ്പം മാത്രമേ ഉണ്ടായിരുന്നുള്ളു. ചില ചിങ്കണ്ണിക്കു് വളരെ സ്ഥൂലിച്ച ദേഹവും നീണ്ടു നേരിയ തലയും കഴുത്തും ഉണ്ടായിരുന്നു. ഇവററക്കു അറുപതടിയിലും അധികം നീളമുണ്ടായിരുന്നു. ചുറയുള്ള ചില ശുക്തികൾ ഒരു കോലാർവണ്ടിയുടെ ചക്രത്തിന്റെ അത്ര വലിപ്പമുള്ളവയായിരുന്നു. ഒരുതരം തവളക്കു് പന്ത്രണ്ടടി നീളവും ഏഴെട്ടടി ഉയരവും ഉണ്ടായിരുന്നു എന്നു കേൾക്കുമ്പോൾ ആരാണററച്ചുപോകാത്തതു്. അതിലും അതിശയം കടവാതിലിനെപോലെ തോൽച്ചിറകു വിരുത്തി പറക്കാൻകഴിയുന്ന ചില ജന്തുക്കളായിരുന്നു. ആറടി നീളമുള്ള ദേഹവും രണ്ടടി നീളമുള്ള മുഖവുംകൂടാതെ, രണ്ടുഭാഗത്തെ ചിറകും വിരുത്തിപ്പിടിച്ചാൽ പത്തിരുപതടി നീളത്തിൽ ഉള്ള ചിറകും കാണാം. ഈ ജന്തുക്കൾ പറന്നുപോകുമ്പോൾ വല്ല ആകാശവിമാനവും പറക്കുന്നതാണെന്നു തോന്നും. വലിപ്പം വളരെ ഉണ്ടെങ്കിലുംകൂടി ഈ ജന്തുക്കൾക്കൊക്കെ കാണുന്ന ഒരു വിശേഷവിധി ഉടലിന്റെ വലിപ്പത്തിന്നനുസരിച്ചു തലച്ചോറില്ലായ്മയാണു്. അതുകൊണ്ടായിരിക്കും ഈ കൂട്ടരുടെ വംശം ക്രമേണ ഒടുങ്ങിപ്പോയതു്.

കാലുകൊണ്ടുള്ള അഭ്യാസം:—നെയ്യാററുങ്കാരനായ ഒരു നാടാർയുവാവു് വിശ്വാസയോഗ്യമല്ലെന്നു തോന്നിപ്പോകുന്ന ചില കസത്തുകൾ കാണിക്കുന്നുണ്ടു്. അയാൾക്കു തോളിന്നുതാഴെ കൈരണ്ടും ഇല്ല. തോളിൽ ചില വിരലുകൾ മുളച്ചുവരുന്നുണ്ടത്രെ! അയാൾ എഴുതുന്നതും മററു വേലകൾ ചെയ്യുന്നതും കാലുകൾകൊണ്ടാണു്. മലയാളം ഏഴാംതരംവരെ പഠിച്ചിട്ടുമുണ്ടു്. കാൽകൊണ്ടു് എഴുതിവിടുന്ന അക്ഷരങ്ങൾക്കു നല്ല വടിവും വ്യക്തിയും ഉണ്ടത്രെ. അയാൾ തന്റെ കാൽകൊണ്ടു് എഴുതിക്കൊടുത്ത ഹരജിപ്രകാരം, ദിവാൻ നെയ്യാററുങ്കരയിലെ ഊട്ടുപുരയിൽനിന്നു് അയാൾക്കു് ദിവസേന ഓരോ ഇടങ്ങഴി അരി കൊടുപ്പാൻ ഏർപ്പാടുചെയ്തിട്ടുണ്ടത്രെ. ഏററവും അത്ഭുതമായ സംഗതി, അയാൾക്കു് കാൽകൊണ്ടു് കല്ലെടുത്തെറിഞ്ഞിട്ടു് അടക്കയും തേങ്ങയും തള്ളിയിടുവാൻ സാധിക്കുന്ന സംഗതിയാണു്.

തവളച്ചാട്ടം:—ഇംഗ്ലീഷുകാർ ഡർബിയിൽനിന്നു് പന്തയം വെച്ചു കുതിരയെ ഓടിക്കുംപോലെ അമേരിക്കക്കാർ കാലിഫോർനിയിൽവെച്ചു ഒരു പന്തയംവെച്ചു തവളച്ചാട്ടം നടത്തിയിരുന്നു. പതി

നൂറ്റായിരത്തിൽ അധികം ജനങ്ങൾ നോക്കിനില്ക്കേ, അമ്പതൊന്നു തവളകൾ ചാട്ടത്തിന്നു പുറപ്പെട്ടു. വിജയിയുടെ ചാട്ടം 9½ അടി ആയിരുന്നു. ഈ മാതിരി ശക്തി ഒരു മനുഷ്യന്നു ഉണ്ടായാൽ അവന്നു ഒരുക്കിന്നു 1050 അടി ദൂരം ചാടിവീഴാമായിരുന്നു. എന്നാൽ പാലമില്ലാത്ത മിക്ക പുഴകളും മനുഷ്യൎക്കു ചാടിക്കടക്കാമായിരുന്നു. ചുങ്കക്കാരുടെ ഭാഗ്യം !!

<u>നായ:</u>—നായയുടെ കണ്ണിന്നു മനുഷ്യന്റെ കണ്ണിന്റെ അത്ര സൂക്ഷ്മതയില്ലെങ്കിലും മനുഷ്യന്നു കേൾപ്പാൻകഴിയാത്ത ശബ്ദവുംകൂടി നായക്കു കേൾപ്പാൻ സാധിക്കും. എന്നാൽ നായയുടെ ഘ്രാണേന്ദ്രിയത്തിന്റെശക്തി അത്യന്തം കടുപ്പമുള്ളതാകുന്നു. നായകൾ പരിചയക്കാരായ ആളുകളെ മനസ്സിലാക്കുന്നത് വെറുംമണംകൊണ്ടാണ്. അതുകൊണ്ടു മുഖം പോലെതന്നേ ഓരോ ആളുടെ മണവും വിത്യാസപ്പെട്ടതായിരിക്കണം ഉറങ്ങിക്കൊണ്ടിരുന്ന ഒരു നായയുടെഎതുകഭേശം ഒരുവാര അകലേ ഒരു തവളയെ കൊണ്ടുവെച്ചപ്പോൾ നായയുടെ ഘ്രാണേന്ദ്രിയംഇളകി നായകണ്ണുതുറന്നു മെല്ലേഎഴന്നേററു മണത്തു മണത്തു ഒളിവിൽനിന്നിരുന്ന തവളയേകണ്ടുപിടിച്ചു.

<u>അമേരിക്കയിലെഉഷ്ണം:</u>—100 ഡിഗ്രിയിൽ കവിഞ്ഞതയുഷ്ണം അനുഭവിക്കുന്ന നമുക്കു 94. ഡിഗ്രിഉഷ്ണം ഒരു വലിയഉഷ്ണമായി തോന്നുകയില്ല. എന്നാലും കൂടി ആ രാജ്യത്തിനും ആ രാജ്യക്കാൎക്കും അതൊരുവലിയ അനുഭവമായിത്തിന്നിരിക്കുന്നു. ചിക്കാഗോപട്ടണത്തിലെ ഒരു നിരത്തിന്മേൽ ഇട്ട ആസ്ഫാർട്ട് (Asphalt) ഉരുകിപ്പോയതുകൊണ്ട് ഒരു യുവതിയുടെസ്യൂക്സ് അതിൽ താണുപോകുകയും അവരെ വീണ്ടെടുക്കുന്നവരേ വണ്ടികളുടെ ഗതാഗതത്തിന്നു തടസ്ഥം നേരിടുകയുംചെയ്തു. ന്യൂയൊൎക്ക്പട്ടണത്തിൽ ആറാളുകൾ മരിക്കുകയും ഇരുപത്തഞ്ചാളുകൾ ബോധംകെട്ടു വീഴുകയുംചെയ്തു. ഒരു മുട്ട ആസ്ഫാൾട്ടിന്മേൽപകൎന്നു വേവിച്ചുവത്രെ. അത് നാലുമിനിട്ടിനുള്ളിൽ ശരിയായി വെന്തു.

<u>രോഗങ്ങൾ:</u>—മിക്ക രോഗങ്ങളും മരുന്നുകൊണ്ടു ഭേദംവരാത്തതു് നിദാനം ശരിയാവാത്തതുകൊണ്ടാണ്. മേലാൽ നമുക്കു രോഗനിൎണ്ണയത്തിന്നു മാധവനിദാനവും എന്നുവേണ്ട യാതൊരു നിദാനവും ആവശ്യമില്ല. ഇതുവരെ എക്സ്റെകൊണ്ടു് ശരീരത്തിന്റെ അസ്ഥികളുടെമാത്രമേ കാണ്മാൻ സാധിച്ചിരുന്നുള്ളു. എന്നാൽ ഒരു വിദ്വാൻ എക്സ്റെയുടെ സൂത്രം അടിക്കടി പരിഷ്കരിച്ചു കൊണ്ടുവന്നിരിക്കുന്നു. തോലിന്റെ ദശപ്പിൽ ശരീരത്തിന്റെ സകല ഭാഗവും, ആഴത്തിലാഴ

ത്തിൽ പടിക്കപ്പടി കാണ്മാൻ ഈ പുതിയ സൂത്രംകൊണ്ട് സാധിക്കുന്നുണ്ട്. അതിനാൽ മനുഷ്യന്റെ ഉള്ളിലുള്ള അംഗങ്ങളുടെ കേടുകൾ ഉള്ളിലായാലും പുറത്തായാലും ശരി വളരെ വ്യക്തമായ് കാണാറാകുന്നതുകൊണ്ട് ചികിത്സക്ക് എത്രയോ എളുപ്പം സിദ്ധിക്കുന്നു. മററ് ഹൃദയത്തിന്റെ സുഖക്കേടിന് യകൃത്തിന്റെ സുഖക്കേടിന്റെ ചികിത്സചെയ്തുപോകും. ആവക യാതൊരു അബദ്ധങ്ങളും മേലാൽ ഉണ്ടാകുന്നതല്ല. ഇത് ലോകോപകാരമായ ഒരു കണ്ടുപിടിത്തംതന്നേയാണ്.

പേനായവിഷം:—നായ മാത്രമല്ല, ഈമാതിരി വിഷം മററു ചില ജന്തുക്കളും മനുഷ്യർക്കു കൊടുക്കുന്നുണ്ട്. ഇതിന്റെ ചികിത്സക്കു കസോലയിൽ ഒരു പ്രത്യേക ഏർപ്പാടു ചെയ്തുവെച്ചിട്ടുണ്ട്. ഈ ആസ്പത്രിയുടെ 1927-ാമാണ്ടിലെ റിപ്പോർട്ട് വായിച്ചാൽ പല രസകരമായ സംഗതികളും കാണാവുന്നതാണ്. വളരെ ആളുകൾക്ക് കടിയേററിട്ടുണ്ട്. കടിയേല്പിച്ച ജന്തുക്കൾ നൂററിനു 83 കണ്ടു നായകളും 4-കണ്ടു കുറുക്കന്മാരും, 10-കണ്ടു ചെന്നായ്ക്കളുമാണത്രെ. മോറ (കഴുതപ്പുലി) കടിച്ചിട്ട് പതിനേഴാളുകളെ കൊണ്ടുവന്നിരുന്നു. ഇതിൽ രണ്ടാളുകൾക്ക് രോമാഞ്ചജനകമായ കഥ പറവാനുണ്ടായിരുന്നു. രണ്ടു സഹോദരന്മാർ ഒരു കുടിലിൽ കിടന്നുറങ്ങുകയായിരുന്നു. ജ്യേഷ്ഠൻ ഉണർന്നപ്പോൾ കണ്ടത് ഒരു മോറ അനുജന്റെ കാലിൽ പിടികൂടി അവനെ ഇഴച്ചുകൊണ്ടു പോകുന്നതായിരുന്നു. ജ്യേഷ്ഠൻ മോറയെ വലിയ വടി എടുത്തു തല്ലി. മോറ അത്ര വേഗമൊന്നും വിട്ടൊഴിഞ്ഞില്ല. യുദ്ധം അര മണിക്കൂർ നേരത്തോളം നടന്നു. ഒടുവിൽ ഒരു തല്ല്കൊണ്ടു മോറ ചത്തു, ഒരിക്കൽ ഒരു അച്ഛനും മകനും ഒരു കുന്നിന്റെ ഓരത്തുള്ള കാട്ടിൽകൂടെ വൈകുന്നേരം നടന്നുവരികയായിരുന്നു. ആ സമയത്ത് അച്ഛനെ ഒരു മോറവന്നു ആക്രമിച്ചു. മകൻ അവന്റെ തലയിലെ തുണികൊണ്ട് മോറയുടെ കാലുകൾ കെട്ടി. ആ മോറയെ ജീവനോടുകൂടെ ഗ്രാമത്തിൽ കൊണ്ടുവന്നു. എങ്കിലും അച്ഛന്ന് നല്ല പരുക്കുകൾ ഏററിരുന്നു.

സിനമ:—ഇതുവരെ ഈ ചിത്രപ്രദർശനത്തിൽ ആളുകൾ അഭിനയിക്കുന്നതു മാത്രമേ കണ്ടിരുന്നുള്ളൂ. എന്നാൽ ഇതോടുകൂടി ഒരു ഗ്രാമഫോണുംവെച്ചു രണ്ടും ഒന്നിച്ചു പ്രയോഗിച്ചാൽ നടന്മാരുടെ സംസാരവും കേൾപ്പാൻ സാധിപ്പിക്കാമെന്ന് എൽവെൽ എന്ന ഒരു പണ്ഡിതൻ അഭിപ്രായപ്പെട്ടിരിക്കുന്നു. എന്നാൽ അര മണിക്കൂർ നേരം ശബ്ദമുണ്ടാക്കുന്ന ഗ്രാമഫോൺ ഉണ്ടാക്കുന്നതു വളരെ പ്രയാസമായ കാര്യമാണ്. ഒന്നുരണ്ടു പരിശോധനയിൽ ശബ്ദവും നടനവും ഒന്നുപോലെ വന്നുകണ്ടിട്ടുണ്ട്. അതുകൊണ്ട് അടുത്ത കാലത്തു ഇതും നടപ്പിൽ വരുമെന്നു വിശ്വസിക്കുന്നു.

# അന്യസഹജീവികൾ

UNIVERSITY LIBRARY MADRAS

## "റഷ്യയിലെ വിദ്യാഭ്യാസസമ്പ്രദായം."

ഇന്ത്യയെപ്പോലെ റഷ്യയും കേവലം ഒരു ഭൂഖണ്ഡംതന്നെയാണ്. ശീതോഷ്ണാവസ്ഥ, കൃഷിസൌകര്യം, ലോഹനിധി, ഭാഷ, ജനത, ദാരിദ്ര്യം, അജ്ഞത ഈവക വിഷയങ്ങളിൽ കാണുന്ന വിവിധത്വത്തിൽ രണ്ടു ഖണ്ഡങ്ങൾക്കുംതമ്മിൽ വളരെ സാമ്യമുണ്ടായിരുന്നു. എന്നാൽ 1917-ലെ വിപ്ലവാനന്തരം റഷ്യയിൽ 'ബോൾഷേവിസം'എന്ന ഭൂരിപക്ഷഭരണം സ്ഥാപിച്ചതിൽപിന്നെ റഷ്യ ആകപ്പാടെ ഒന്നു നവീകരിക്കപ്പെട്ടു. കഴിഞ്ഞ പത്തു വഷങ്ങൾക്കുള്ളിൽ റഷ്യയിൽ വരുത്തിക്കൂട്ടീട്ടുള്ള മാററങ്ങൾക്കു കയ്യും കണക്കുമില്ല. യഥാസ്ഥിതികരായ ഇംഗ്ലീഷുകാർ റഷ്യയെ ഹസിച്ചു പറയാറുണ്ട്. 'സോഷ്യലിസം' (സമുദായസമത്വവാദം) 'കമ്യൂണിസം' (ഐശ്വര്യസമത്വവാദം) 'ബോൾഷേവിസം' (ഭൂരിപക്ഷഭരണം) ഈ വാക്കുകൾതന്നെ റഷ്യയെ സംബന്ധിച്ചിടത്തോളം കേവലം അസഭ്യങ്ങളായിട്ടാണ് ചില ഇംഗ്ലീഷുകാർ കരുതുന്നതു്. എന്നാൽ ഇംഗ്ലണ്ടിലെ തൊഴിലാളികക്ഷികൾ റഷ്യയിൽ ചെന്നു് അവിടത്തെ സ്ഥിതി അറിഞ്ഞ് 1927-ൽ ഒരു റിപ്പോട്ട് പ്രസിദ്ധംചെയ്തിട്ടുണ്ട്. ആ റിപ്പോട്ടിൽനിന്നും റഷ്യയിലെ വിദ്യാഭ്യാസം, എന്ന അദ്ധ്യായം ഇവിടെ സമഷ്ടിയായി വിവരിക്കാം.

1917-ലെ വിപ്ലവത്തിൽ റഷ്യയിലെ സകല ഭരണവകുപ്പുകളും നവീകരിക്കപ്പെട്ടു. എങ്കിലും വിപ്ലവം പൂണ്ണമായി ഫലിച്ചുകാണുന്നത് വിദ്യാഭ്യാസപരിഷ്ക്കാരത്തിലാണ്. വ്യവസായത്തിൽ, എൻ. ഇ. പി. (ന്യൂ ഇക്കണോമിക്ക് പോളിസി—നൂതനധനകാര്യനയം) എന്നൊന്നുണ്ട്. പണ്ടത്തെ മുതലാളിത്വവും അവിടവിടെ ഉണ്ട്. ഭൂമി ഉടമസ്ഥതയിലാണെങ്കിൽ, സ്വകാര്യമായി കൃഷിചെയ്തു് അനുഭവിക്കുന്നവരേയും അവിടവിടെ കണ്ടെത്തിയെന്നുവരാം. എന്നാൽ വിദ്യാഭ്യാസത്തിൽ പരിപൂണ്ണനവീകരണംതന്നെയാണ് എങ്ങും കാണുന്നത്. സാറിൻെറ ഭരണകാലത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൻെറ യാതൊരവശിഷ്ടവും ഇന്ന് എങ്ങും കാണ്മാനില്ല.

വിപ്ലവം തുടങ്ങിയ ഉടനെതന്നെ വിപ്ലവകാരികൾ തങ്ങളുടെ വിദ്യാഭ്യാസാദശം വ്യക്തമായി പ്രഖ്യാപനംചെയ്തു. തൊഴിലാളിഭരണത്തിൽ പ്രാപ്തരായ നല്ല പൌരന്മാരെ ഉണ്ടാക്കുകയായിരുന്നു ആ ആദശം. ഏവനും അവനവനു പററിയ വിദ്യാഭ്യാസം നല്കണമെന്ന് അവർ കരുതിയില്ല; നടിച്ചതുമില്ല. ഇതു തൊഴിൽകാരെ മുതലാളിമാരുടെ അടിമകളാക്കിവെക്കുന്ന ഒരു വഗ്ഗീയഭരണത്തിലേ നടിച്ചിട്ടാവശ്യമുള്ളു എന്നായിരുന്നു അവർ പറഞ്ഞത്. വിദ്യാഭ്യാസത്തെ ഭൌതികസംഗതികളിന്മേൽ സ്ഥാപിക്കാതിരിക്കുന്നത് മനുഷ്യൻെറ അഭ്യുദയത്തിൻെറ,

അല്ലെങ്കിൽ പുരോഗതിയുടെ ശാസ്ത്രീയതയെ വിസ്മരിക്കയാണെന്നാകു ന്ന് റഷ്യർ വിശ്വസിച്ചത്. അതിൻെറ ഫലമായി സകല വിദ്യാഭ്യാസവും തൊഴിൽകാക്ക് ചേന്ന മാതിരിയാക്കി. പട്ടണത്തിലും, തൊഴിൽശാലയിലും, പണിസ്ഥലത്തും, കച്ചവടസംഘത്തിലും, ജനങ്ങളുടെ സാമുദായികവും സാമ്പത്തികവുമായ ജീവിതത്തെ സ്പർശിക്കത്തക്കവണ്ണമാകുന്നു വിദ്യാഭ്യാസരീതിയെ രൂപവൽകരിച്ചിരിക്കുന്നതു്.

വിപ്ലവം ഭരണത്തെ വിദ്യാഭ്യാസത്തോടു രണ്ടുതരത്തിൽ ബന്ധിച്ചു. ഒന്നാമത് പ്രായംചെന്ന കൃഷിക്കാരുടേയും വേലക്കാരുടേയും ഭീമമായ അജ്ഞതയെ ഇല്ലായ്മചെയ്യണം. ഈ അജ്ഞത സാറിൻെറ ഭരണത്തിൻെറ ഒരവശിഷ്ടമായിരുന്നു. രണ്ടാമത് കൃഷിക്കാരുടേയും തൊഴിൽകാരുടേയും കുട്ടികൾക്കു യോജിച്ചതായ ഒരു വിദ്യാഭ്യാസസമ്പ്രദായം സമ്പ്രദായം സമ്പാദിക്കണം. പ്രായംചെന്നവരുടെ അജ്ഞത ഒട്ടുവളരെ കുറഞ്ഞു അടുത്ത കാലത്തുതന്നെ തീരെ ഇല്ലാതാകും. കച്ചവടസംഘങ്ങൾ ഇക്കാര്യത്തിൽ വളരെ സഹായം ചെയ്യുന്നുണ്ട്. അവർ ക്ലബ്ബുകളും വായനശാലകളും ഉണ്ടാക്കി അവയിൽ വത്തമാനപത്രങ്ങളും പുസ്തകങ്ങളും ശേഖരിച്ചുകൊടുക്കുന്നു. ഇതിനുംപുറമെ ജോലിക്കാക്ക് ഉൽകൃഷ്ടവിദ്യാഭ്യാസത്തിന്നായി കലാശാലകളിൽപോവാൻ വേണ്ട പരിശീലനസൌകര്യങ്ങളും ഏപ്പാടുചെയ്തു കൊടുക്കുന്നു. കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിലെ വദ്ധന, പണ്ടു സാറിൻെറ ഭരണകാലത്തെ അപേക്ഷിച്ച്, വിസ്മയനീയം എന്നുവേണം പറയുവാൻ. കൂടാതെ ഈ വദ്ധന എണ്ണത്തിൽ മാത്രമല്ല ഗുണത്തിലും തൊഴിൽകാക്ക് പററിയ തരത്തിലായിരുന്നു.

സോഷ്യലിസ്റ്റ്, സോവിയററ, യൂണിയൻറിപ്പബ്ലിക്കുകൾ— എന്നു പറഞ്ഞാൽ ദേശഭേദം, ഭാഷാഭേദം, വഗ്ഗഭേദം ഇവയെ അടിസ്ഥാനപ്പെടുത്തി സമുദായസമത്വനയം സ്വീകരിച്ച പല ഭരണകേന്ദ്രങ്ങളും റഷ്യയിലുണ്ട്. ഈ കേന്ദ്രങ്ങളെല്ലാം യോജിച്ച യൂണിയൻ ആയിട്ടുണ്ട്. ഈ യൂണിയനിൽപെടാതെയും ക്രമേണ പെട്ടുപോരുന്നതായും പല പ്രദേശങ്ങൾ ഇനിയും റഷ്യയിലുണ്ട്. യൂണിയനിൽപെട്ട സമത്വവാദം സ്വീകരിച്ച സോവിയററ റിപ്പബ്ലിക്കുകളാണ് സ്ഥായിയായ ഭരണരീതി. അവയെ യു. എസ്. എസ്. ആർ. എന്നു ചുരുക്കി പറയാം. ഇവകൾ വശപ്പെട്ടിട്ടുള്ള പ്രദേശങ്ങളിൽ ഇന്നു് എലിമെൻററി വിദ്യാലയങ്ങളിൽ ഒരു കോടി വിദ്യാത്ഥികൾ ചേന്നിട്ടുണ്ട്.

1914-ൽ ഇവയിൽ 70 ലക്ഷം വിദ്യാത്ഥികളാണുണ്ടായിരുന്നതു്. യുവാക്കന്മാരായ തൊഴിൽകാക്കുള്ളതും സാങ്കേതികവിദ്യാഭ്യാസം നൽകുന്നതുമായ സ്കൂളുകളിൽ 590000 വിദ്യാത്ഥികളുണ്ട്. ഇവയിൽ യുദ്ധത്തിന്നു മുമ്പിലത്തേക്കാൾ ഒന്നര ഇരട്ടിസംഖ്യ അധ്യാപകന്മാരു

മുണ്ടു്. 1914-ൽ 20 കലാശാല ഉണ്ടായിരുന്നിടത്തു് ഇന്നു് 136 കലാശാലകളും 30 ശതമാനം കൂടുതൽ വിദ്യാൎത്ഥികളും ഉണ്ടു്.

സ്കൂൾ ഡിസിപ്ലിൽവിഷയത്തിൽ വിപ്ലവവിജയം മറെറല്ലാവിഷയത്തെക്കാൾ പ്രത്യക്ഷമായിട്ടുണ്ടു്. പണ്ടത്തെ ഡിസിപ്ലിനും അടിശിക്ഷയും പാടേ നിറുത്തൽ ചെയ്തുപോയി. സ്കൂളുകളിൽവെച്ചുതന്നെ കുട്ടികളെ സ്വയം ഭരണം ശീലിപ്പിക്കേണ്ടതിലേക്കായി ഓരോ സ്കൂളുകളിലും സ്കൂൾ കമ്മററികൾ ഏൎപ്പെടുത്തീട്ടുണ്ടു്. ഇവയിൽ സ്കൂളിലുള്ള ക്ലാസ്സുകളിലേയും അദ്ധ്യാപകന്മാരുടെയും പ്രതിനിധികളാണു് അംഗങ്ങൾ. ഈ കമ്മററികൾ കുട്ടികളെ മാത്രമല്ല ഭരിക്കുന്നതു്. പഠിത്തവിഷയം, കളി, ശുചീകരണം മുതലായ സ്കൂൾ ആവശ്യങ്ങളെയും ഭരിക്കുന്നുണ്ടു്. ഇതിനും പുറമെ അവരുടെ യോഗങ്ങളിൽ സ്കൂളിന്റെ രക്ഷാകൎത്താവിനെയും, സമീപമുള്ള തൊഴിൽശാലകളെയും, ഗതാഗതസൌകൎയ്യങ്ങളേയും അവർ സന്ദൎശിക്കുന്നു. ഈ സ്ഥലങ്ങളിൽ കുട്ടികളുടെ കരകൌശലഫലങ്ങളേയും പ്രദൎശിപ്പിക്കാറുണ്ടു്. ഈ മാതിരി പരിശീലനത്തിന്റെ ഗുണം അവൎണ്ണനീയമാണു്.

മതം പഠിപ്പിക്കുക എന്ന ഏൎപ്പാടു തീരെ നിറുത്തൽ ചെയ്തു. സോവിയററുനിയമപ്രകാരം അതു ശിക്ഷാൎഹവുമായി. എന്നാൽ മതം അരുതെന്നു ശഠിക്കുന്നില്ല. മതത്തിന്നു പകരം ലെനിൻ മുതലായവരുടെ ഭരണതത്വങ്ങളേയും ഭൌതികശാസ്ത്രങ്ങളേയും പഠിപ്പിക്കുകമാത്രമേ ചെയ്യുന്നുള്ളു. മതപ്രതിപത്തിയുള്ളവൎക്കു മനസ്സിന്നു അസ്വാസ്ഥ്യമുണ്ടാക്കാൻ യത്നിക്കുന്നില്ല. സ്കൂളുകളിലും കലാശാലകളിലും നിരീശ്വരസംഘങ്ങളുണ്ടു്. തൊഴിൽകാരുടെ സ്ഥാപനങ്ങളിലും ഗ്രാമക്കാരുടെ ഇടയിലും ഈ സംഘങ്ങൾ ശക്തിയായി പ്രവൎത്തിക്കുന്നുണ്ടെങ്കിലും അവൎക്കു് ഗവൎമ്മെന്റുമായി യാതൊരുവിധത്തിലും ബന്ധമില്ല.

സ്കൂൾ പാഠപദ്ധതി സാമാന്യമായി യൂണിയൻ തീൎച്ചയാക്കും. എന്നാൽ ഓരോ റിപബ്ലിക്കിനും അതിൽ പൊതുനയം മാത്രം തെററാതെ വേണ്ട ഭേദഗതി ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ടു്. ഉദാഹരണമായി ഈ ന്യൂനപക്ഷക്കാരായ പ്രദേശക്കാരെ റഷ്യരാക്കി റഷ്യൻഭാഷ പഠിപ്പിക്കാൻ സാർ വളരെ ശ്രമിച്ചു. ഇപ്പോൾ ഓരോ റിപബ്ലിക്കുകാൎക്കും അവരുടെ ഭാഷയിൽതന്നെ വിദ്യാഭ്യാസം നടത്താം. ഈ ചെറിയ റിപബ്ലിക്കുകൾ സ്തുത്യൎഹമായ ഉത്സാഹത്തോടുകൂടി അവരവരുടെ സംസ്ഥാനത്തെ അനക്ഷരത കളയാനും പ്രത്യേക സംസ്കാരം സാധിക്കാനും ലോകചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്ത വിധം പരിശ്രമം ചെയ്തുവരുന്നുണ്ടു്. 'ജോൎജ്ജിയാ' റിപബ്ലിക്കിൽ സംസ്ഥാനത്തെ മുതലെടുപ്പിന്റെ 46 ശതമാനം വിദ്യാഭ്യാസത്തിനായി ഇന്നു് ഉപയോഗിക്കുന്നു. സാറിന്റെ ഭരണകാലത്തു് ഈ ഇനത്തിൽ ചെലവേ ഇല്ലായിരുന്നു.

യു. എസ്. എസ്. ആർ സംസ്ഥാനങ്ങളിൽ വിദ്യാഭ്യാസപ്രവർത്തകന്മാർക്ക് പാഠപദ്ധതി നിർണ്ണയിക്കുക, വിദ്യാലയഭരണം നടത്തുക, മുതലായ പ്രധാനജോലികൾ നേരിട്ടുതന്നെ ചെയ്യേണ്ടതുണ്ട്. വിദ്യാഭ്യാസത്തെപ്പററിയോ, അദ്ധ്യാപകന്മാരെപ്പററിയൊ യാതൊരു കാര്യവും അദ്ധ്യാപകസംഘത്തിന്റെ തീരുമാനമറിഞ്ഞല്ലാതെ ഭരണാധികാരികൾക്ക് നടത്താൻ പാടില്ല. സോവിയററു റഷ്യ(യു. എസ്. എസ്. ആർ.)യിൽ 28 വ്യവസായസംഘങ്ങളുള്ളവയിൽ ഒന്നാണ് വിദ്യാഭ്യാസപ്രവർത്തകസംഘം. അതിൽ എട്ടുലക്ഷം അംഗങ്ങളുണ്ട്. ഇവരിൽ അദ്ധ്യാപകന്മാർ മാത്രമല്ല ഉൾപ്പെട്ടുന്നത്. സ്കൂൾ ഭരണക്കാർ, സാങ്കേതികവിദഗ്ദ്ധന്മാർ, ഇങ്ങേ അററം സ്കൂൾ അടിച്ചുതളിവരെ സകലവിധ വിദ്യാഭ്യാസപ്രവർത്തകന്മാരും അംഗങ്ങളാണ്. ലോകത്തിൽ വെച്ചു ഏററവും വലിയ അദ്ധ്യാപകസംഘം ഇതുതന്നെയാണ്. ഇവരുടെ പ്രാധാന്യം സോവിയററു ഗവർമ്മെന്റുകളിൽ മാത്രമല്ല ലോകാദ്ധ്യാപകമഹാസംഘത്തിലും അംഗീകരിക്കപ്പെട്ടിരിക്കുന്നു.

സ്കൂളിൽ ചേരുന്നതിനുമുമ്പിൽ കുട്ടികൾക്കു ചില അഭ്യസനങ്ങൾ വേണം. ഗർഭിണികളായ മാതാക്കന്മാരിലാണ് ഈ അഭ്യസനം ആരംഭിക്കുന്നത്. യൂണിയൻസംസ്ഥാനങ്ങളിലൊക്കെ ശൈശവാരാമങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. മാതാക്കന്മാർ പണിയെടുക്കുന്ന തൊഴിൽശാലകളോട് സംബന്ധിച്ചാണ് ഈ വിദ്യാലയങ്ങൾ കാണുന്നത്.

ഇത്തരം ഒരു വിദ്യാലയം ഒരിക്കൽ ഒരു തൊഴിൽശാലയായിരുന്നു. ഇപ്പോൾ സ്കൂളാക്കിയിരിക്കയാണ്. അതിലേ ഹാളുകളും ക്ലാസ്സുമുറികളും വിസ്താരമുള്ളവയും പൊക്കമുള്ളവയുമാണ്. കാററും വെളിച്ചവും ധാരാളം വരും. ഹാൾ, കുട്ടികൾ, മഴപെയ്യുന്നസമയം കളിക്കാനും ഉപയോഗിക്കാറുണ്ട്. എന്നിട്ടും എല്ലാം ഏററവും ശുചിയാക്കിത്തന്നെ വെച്ചുകൊണ്ടിരിക്കുന്നു.

ഈ സ്കൂളിൽ അഞ്ഞൂറു കുട്ടികളുണ്ട്. അവർ 8വയസ്സുമുതൽ 18വയസ്സുവരെ പ്രായം ചെന്നവരാണ്. ഇവരെ ക്ലാസ്സു തിരിച്ചിരിക്കുന്നതു് വയസ്സിനെ മാത്രം അടിസ്ഥാനപ്പെടുത്തിയാണ്. എലിമെന്ററിയെന്നും സെക്കന്ററിയെന്നും വ്യത്യാസംതന്നെ ദീക്ഷിക്കുന്നില്ല. സോവിയററു റഷ്യയിൽ ഏതു സ്കൂളിലും ഈ സമ്പ്രദായംതന്നെയാണ് സ്വീകരിച്ചിരിക്കുന്നതു്. സ്ഥലം പോരാതെവരുന്ന ദിക്കിൽ ഷിഫ്ററ്സമ്പ്രദായം സ്വീകരിക്കുന്നുണ്ട്. ഒരു ഭാഗം രാവിലെയും ഒരു ഭാഗം ഉച്ചക്കും വന്നു പഠിക്കും. ഉച്ചക്കുശേഷമുള്ളതു പ്രായംചെന്നവക്കായിട്ടാണുപയോഗിക്കുന്നതു്. ജ്ഞാനവിതരണം വേഗം ചെയ്യേണ്ട ആവശ്യത്തിനായി മിക്ക ഇടങ്ങളിലും ഈ സമ്പ്രദായം സ്വീകരിച്ചിട്ടുണ്ട്. ഓരോ ക്ലാസ്സിലും 30 കുട്ടികളിൽ കൂടാൻ പാടില്ല. കുട്ടികളുടെയും വാദ്ധ്യാന്മാരു

ടെയും ഉത്സാഹവും സന്തോഷവും ധനാഢ്യഭരണത്തിലുള്ള രാജ്യങ്ങളിലെ ഒരു സ്കൂളിലും ഇതുപോലെ കാണുകയില്ല. ഇവിടെ സ്കൂൾ ഭരണം(ഡിസിപ്ലിൻ) എന്ന ഒന്നു തീരെയില്ല. എന്നിട്ടും സകലതും ക്രമമായിത്തന്നെ നടക്കുന്നു. ചില കുട്ടികളുടെ കയ്യിൽ ഒരു പാശബന്ധം കാണാം. അവരാണ് ഭരണാധികാരികൾ. ഇവർ സ്കൂൾ ഭരിച്ചുപോരുന്നതുകണ്ടാൽ ഏവനും അത്ഭുതംതോന്നും ആ സ്കൂളുകളിൽ ലഹളകളും സാധനനാശങ്ങളും മററുമില്ല. ഇതിന്നുകാരണം കുട്ടികളെ, ബാല്യംമുതൽക്കേ, തങ്ങൾ ഭാവി ഭരണാധികാരികളായ പൌരന്മാരാവാനുള്ളവരാണെന്നു പഠിപ്പിക്കുന്നതുതന്നെയാണ്. അതിനുള്ള ആരംഭശീലങ്ങളാണ് അവർ അനുവർത്തിക്കുന്നതു്.

ഒരു സ്കൂൾ കമ്മററിയോഗം ഏതാണ്ട് ഈവിധമാണ്. ഓരോ ക്ലാസ്സിൽനിന്നു മുമ്മൂന്നു പ്രതിനിധികളും അധ്യാപകന്മാരുടെ മുമ്മൂന്നു പ്രതിനിധികളും കൂടി കമ്മററിയോഗം കൂടും. 30 അംഗങ്ങളുള്ള ഒരു യോഗത്തിൽ ഒരു കുട്ടിതന്നെ അധ്യക്ഷം വഹിക്കും. ആ കുട്ടി സ്തുത്യർഹമാംവണ്ണം സംഘം നടത്തും. ഈ കമ്മററിയെത്തന്നെ മൂന്നായി തിരിച്ചിട്ടുണ്ട്. ഭരണകമ്മററി, ആരോഗ്യകമ്മററി, സംസ്കരണകമ്മററി. ഈ കമ്മററികൾ അധ്യാപകന്മാരുടെ സഹായം ലവലേശം കൂടാതെ സ്കൂൾഭരണം നടത്തും. കമ്മററിയിലെ അംഗങ്ങൾ കൂടക്കൂടെ മാറും. തിരഞ്ഞെടുപ്പ് വർഷത്തിൽ രണ്ടും മൂന്നും തവണയുണ്ടാവും. ഇതിന്റെ ഫലമായി ചില ക്ലാസ്സുകളിലെ കുട്ടികൾ ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ കമ്മററിയിൽ അംഗമായിരുന്നവരായിരിക്കും. ഭരിച്ചു ശീലിച്ചവരാകയാൽ അനുസരിക്കാനും അവർ പഠിക്കും. ഇന്നത്തെ അധ്യാപകന്മാരിൽ പലരും യുദ്ധത്തിനുമുമ്പും അധ്യാപകന്മാരായിരുന്നവരാണ്. അന്നത്തേക്കാൾ ഇന്നത്തെ രീതി തുലോം നല്ലതാണെന്നാണ് അവരുടെ മതം. ഒരു കമ്മററിയുടെ അധ്യക്ഷകൾ ക്ലാസ്സുകൾ അടിച്ചുവാരുക കൂടി തൊഴിലായിരുന്നു എന്നു പറയുമ്പോൾ നമുക്കു പരിചയമുള്ള അധ്യാപകാധ്യാപികമാർ ഇതു കുറെ കവിഞ്ഞുപോയി എന്നു പറയുമായിരിക്കും. പക്ഷെ തൊഴിൽ മാനമാണെന്നാകുന്നു റഷ്യരുടെ സിദ്ധാന്തവും വിശ്വാസവും. സ്കൂളിൽ കുട്ടികളുടെ ആവശ്യങ്ങളാണ് അധ്യാപകന്റെ സുഖസൌകര്യങ്ങളെക്കാൾ ദീക്ഷിച്ചുകാണുന്നതു്. അധ്യാപകന്മാരും കുട്ടികളും തങ്ങളിൽ നല്ല സൌഹാർദ്ദം കാണുന്നുണ്ട്. സ്കൂളിൽ 4മണിക്കൂറെ പഠിപ്പുള്ളു. തൊഴിലിനുപോയ മധ്യവയസ്കന്മാർക്ക് ഈ സ്കൂളുകളിൽ രാത്രിചെന്നു പഠിക്കാം. ഇങ്ങിനെ അധികം താമസിയാതെ അക്ഷരം അറിഞ്ഞുകൂടാത്ത ഒരുവനേയും അവിടെക്കാതാക്കാനാണ് ഗവമ്മെൻറിന്റേയും ജനങ്ങളുടേയും ശ്രമം.

സ്കൂൾചുമരുകളിൽ ജന്തുക്കളുടേയും സസ്യാദികളുടേയും പടങ്ങൾ തൂക്കിയിരിക്കും. ആരോഗ്യതത്വങ്ങളും, സമതത്വതത്വങ്ങളും വലിയ അക്ഷരത്തിൽ എഴുതിത്തൂക്കിയിരിക്കും. ഈ പുതിയ സമ്പ്രദായം വിശൃംഖലരായ ഒരുതരം യുവാക്കന്മാരെ റഷ്യക്ക പ്രദാനംചെയ്യുന്നുണ്ട്. ശരീരസംസ്കാരം, യുവാക്കന്മാൎക്ക വലിയ കാൎയ്യവും വിനോദവുമാണ്.

റഷ്യയിലും ദുർഗ്ഗുണപരിഹാരപാഠശാലകളുണ്ട്. 14 മുതൽ 16 വരെ വയസ്സു പ്രായമുള്ളവരായിരിക്കും ഈ ശാലകളിലെ കുട്ടികൾ. ഇവരെ തൊഴിലും പഠിപ്പിക്കുന്നുണ്ട്. നാം കാണുന്ന ശാലകളിലെപ്പോലെ ജെയിൽപുള്ളികളായിട്ടല്ല അവരെ വളൎത്തുന്നത്. അവർ ഉണ്ടാക്കുന്ന സാമാനങ്ങൾ വിററുവരുന്നതിൽ 15 ശതമാനം അവൎക്കുതന്നെ കൊടുക്കുന്നു. ശാലകളിലെ ചുമരുകളിന്മേൽ സസ്യശാസ്ത്രം, മൃഗശാസ്ത്രം, വിദ്യാഭ്യാസം മുതലായ വിഷയങ്ങളിലെ തത്വങ്ങളെ ദൃഷ്ടാന്തീകരിക്കുന്ന ചിത്രങ്ങൾ തൂക്കിയിരിക്കും. ഇവയിൽ ഉള്ള പെട്ടികൾക്കു പൂട്ടില്ല. ഒരു കാലത്തു പൂട്ടിന്റെ ആവശ്യമുണ്ടായിരുന്നു. പരിഷ്കൃതഭരണഫലമായി ആ ആവശ്യം തീരെ നശിച്ചുപോയി. ഈ ശാലകളുടെ പ്രധാന ഉദ്ദേശം ഇങ്ങിനെ ഒരുതരം സ്കൂൾ റഷ്യയിൽ ഇല്ലാതെയാക്കിത്തീൎക്കുകയാണ്. ഭരണം മിക്കവാറും തൊഴിലാളികളുടെ കൈവശമാകയാൽ കുററം ഇല്ലാതാക്കേണ്ടത് അവൎക്ക് ആവശ്യമാണല്ലോ.

ചുരുക്കത്തിൽ റഷ്യയിലെ വിദ്യാഭ്യാസം തൊഴിലാളിഭരണത്തിൽ പ്രശസ്തമാംവണ്ണം വൎദ്ധിച്ചുവരുന്നു. വിദ്യാഭ്യാസത്തിൽ ഇത്ര അഗാധമായും സ്ഥിരമായും ഉള്ള ഒരു ഉത്സാഹം മറെറാരു രാജ്യത്തും കാണുന്നില്ല. ഒരു രാജ്യത്തും ഏതുതരം വിദ്യാഭ്യാസവും ഇതുപോലെ ഏതു തൊഴിൽക്കാരൎക്കും പ്രവേശയോഗ്യമായി കാണുന്നുമില്ല. ധനാഢ്യഭരണമുള്ള രാജ്യങ്ങളിൽ വിദ്യാഭ്യാസം രണ്ടുതരം ആളുകളെ നിൎമ്മിക്കുന്നു. ഒന്നു ഭരണകൎത്താക്കന്മാരെയും, മറേറതു ദാസ്യമനോഭാവത്തോടെ അനുസരിക്കുന്ന കൂലിക്കാരെയുമാണ്. യു. എസ് എസ്. ആർ റഷ്യയിൽ മാത്രമേ വിദ്യാഭ്യാസംകൊണ്ടു ജനങ്ങളുടെ മനസ്സംസ്കാരം ഉയൎന്നുവരുന്നുള്ളു. ഈ വിഷയത്തിൽ റഷ്യയിലെ വിപ്ലവം സകല രാജ്യങ്ങളിലെ തൊഴിലാളികൾക്കും ഒരു നിദൎശനപാഠംതന്നെയാണ്. (ശ്രീനാഥൻ)

"പാമ്പുകൃഷി".

ഇക്കാലംവരെ നാല്ക്കാലികളെ വളൎത്തി അവയുടെ പാൽ കറന്നെടുത്തു ഉപയോഗിക്കുന്ന സമ്പ്രദായംമാത്രമേ നടപ്പിലുള്ളു. എന്നാൽ ഈയിടെ അമേരിക്കയിൽ ഒരു ഇഴജന്തുവായ പാമ്പിനെക്കൂടി വളൎത്തി അതിനെകറന്നു "പാലെ"ടുത്തു ആദായമാൎഗ്ഗമുണ്ടാക്കുന്ന ഒരു പാമ്പുകൃഷിയോണാർഡ്കീലരും അദ്ദേഹത്തിന്റെ സ്നേഹിതൻ വൃംസിയും

കൂടി തുടങ്ങിയിരിക്കുന്നു. ഇവരുടെ ചെറുപ്പകാലത്തിൽതന്നെ ഇവർക്കു പാമ്പുകളോടു വളരെ വാത്സല്യമുള്ളവരായിരുന്നു. പ്രായപൂർത്തിവന്നതിനുശേഷം ഇവർ കാലിഫോർണിയായിലെ തടാകങ്ങളും മലകളും ചുററിസഞ്ചരിച്ചതിന്നിടയിൽ വിശേഷതരങ്ങളായ പല പാമ്പുകളേയും കരസ്ഥപ്പെടുത്തി മെരുക്കി വന്നിരുന്നു. ഇവരുടെ പാമ്പിനോടുള്ള അസാധാരണമായ പ്രതിപത്തിമൂലമാണു പാമ്പുകളെക്കൊണ്ടും മനുഷ്യക്കു അനേകഗുണങ്ങൾ ഉണ്ടെന്നു തെളിയിക്കാനും അവക്കു അതിൽനിന്നു ആദായമുണ്ടാകുവാനും കഴിഞ്ഞതു്. ഇവരുടെ "തൊഴുത്ത്" 20 അടി ചതുരത്തിലും ഭൂമിയിൽനിന്നു 10 അടി പൊങ്ങിയിട്ടുമാണു് ഉണ്ടാക്കപ്പെട്ടിട്ടുള്ളതു്. വിഷസഞ്ചിയുടെ വലിപ്പംകൊണ്ടു വലിയ പാമ്പുകളിൽനിന്നാണു "പാൽ" അധികം കിട്ടിവരുന്നതു്. ശരൽക്കാലങ്ങളിൽ അവ തീററ ഒന്നും കഴിക്കാത്തതിനാൽ പാൽ കുറഞ്ഞുപോകാറുണ്ടു്. ഇതിനെ പരിഹരിക്കാൻ തീററിസാധനങ്ങൾ ഒരു കുഴലിൽനിറച്ചു, അവയുടെ വായ ശക്തിപ്രയോഗിച്ചു തുറന്നു, വായക്കകത്തേക്കു തള്ളുകയാണു് ചെയ്തുവരുന്നതു. ഏതെങ്കിലും ഒരു പാമ്പിനെ കറക്കേണ്ടസമയമായാൽ കൂട്ടിൽനിന്നു ഒരു കൊളുത്തിട്ടുപൊക്കി എടുത്തതിന്നുശേഷം അതിൻെറ തല വേറൊരു വടികൊണ്ടു അമത്തിപ്പിടിച്ചു തല അനക്കാൻ സാധിക്കാത്തവിധം കഴുത്തിലേക്കു വളച്ചുകെട്ടും. അതിന്നുശേഷം ഒരു കോൽകൊണ്ടു വായ പൊളിച്ചു, കണ്ണുകൾക്കു കുറച്ചുപിറകിലായി അര ഇഞ്ചു പുറകിലുള്ള വിഷസഞ്ചികൾക്കുനേരെ ചുവടെ ഒരു ചെറിയ പളുങ്കുപാത്രം വെക്കുകയും രണ്ടു വിരൽകൊണ്ടു വളരെ സൂക്ഷിച്ചു വിഷസഞ്ചികളെ അമത്തുകയും ചെയ്താൽ ഒരുതരം മഞ്ഞനിറത്തിലുള്ള ദ്രാവകം ഗ്ലാസ്സിലേക്കു ഇററുവീഴും. ഇങ്ങിനെ കറന്നെടുക്കുന്ന അനേകം പാമ്പുകളുടെ 'പാൽ' വൃത്തിയുള്ള പാത്രങ്ങളിൽ തുറന്നുവെച്ചാൽ കുറച്ചുദിവസങ്ങൾക്കകം ഒരുതരം പൊടിയായിത്തീരും. ഇങ്ങിനെ തെയ്യാറാക്കുന്ന പൊടി അവർ ചില രസതന്ത്രശാലക്കാക്കു അയച്ചുകൊടുക്കാറാണു് പതിവു. അവിടെ അവർ വലിയ വിഷമേറിയ പാമ്പുകടിക്കുകൂടി പ്രത്യൌഷധമായിത്തീരത്തക്കവണ്ണം അതുകൊണ്ടു ഒരു കൊഴുപ്പുണ്ടാക്കി വരുന്നു. ജീവാപായംകൂടി വിലവെക്കാതെ ഇക്കാലത്തു മനുഷ്യർ പണം സമ്പാദിക്കുവാൻ ഒരുക്കമാണെന്നതിന്നു ഈ "പാമ്പുകൃഷി" നല്ലൊരുദാഹരണമാണു.

(ഐക്യം)

---

ജനനംമുതൽ മൂകനായിരുന്ന ഒരു ബാലനു് ഈയിടെ അത്ഭുതകരമായവിധത്തിൽ മൂകത്വം മാറിയിരിക്കുന്നു. 8 വയസ്സായ ഈ ബാലൻ അമേരിക്കക്കാരനാണു്. ഈയാളെ 6000 അടി ഉയരത്തിൽ ആകാശവിമാനത്തിൽ കുറേനേരം പറപ്പിച്ചു. അപ്പോൾ പെട്ടെന്നു സംസാരശക്തിയുണ്ടാവുകയാണുണ്ടായതു. ഈ ബാലൻെറ പിതാവു് ഒരു വ്യോമയാന വിദഗ്ധനാണു.

(ഐക്യം)

---

# വിമൎശവീഥി.

പുളകാങ്കുരം.

ഗ്രന്ഥകൎത്താവ്—നാലപ്പാട്ട് നാരായണമേനോൻ.

പ്രസാധകൻ. സി. പി. ഗോവിന്ദൻനായർ ബി. ഏ., എൽ. ടി. വില ൧൦ ണ.

വായിച്ചാലും വായിച്ചാലും മതിയാവാത്ത കൃതികളാണ് യഥാൎത്ഥസാഹിത്യത്തിൽ ഉൾപ്പെടുന്നതെന്ന് ഒരാംഗ്ലേയനിരൂപകൻ അഭിപ്രായപ്പെടുകയുണ്ടായിട്ടുണ്ട്. ഈ അഭിപ്രായമനുസരിച്ച് നോക്കുന്നതാൽ ഇപ്പോൾ കവിപദംകൊണ്ടു കളിക്കുന്ന പലൎക്കും സ്ഥാനഭ്രംശം വന്നേക്കുമോ എന്ന് ഞങ്ങൾക്ക് സംശയമുണ്ട്. "കവനരത്നവ്യാപാരംകൊണ്ട് യശോധനസമ്പാദനം ചെയ്തുവരുന്ന വള്ളത്തോൾ കമ്പനിയി"ലെ ഒരു പ്രധാനാംഗമായ നാലപ്പാട്ട് നാരായണമേനവനാകട്ടെ അങ്ങിനെയൊരു ഭയത്തിന്ന് അവകാശമില്ലെന്നു മാത്രമല്ല ചില പ്രത്യേകസ്ഥാനമാനങ്ങൾക്കുള്ള അൎഹത സ്വായത്തമായിട്ടുമുണ്ട്. ആ വക സംഗതികളെല്ലാം സാഹിത്യലോകത്തിലുള്ള പലൎക്കും അറിയാവുന്നതുകൊണ്ട് ഇവിടെ വിസ്തരിക്കേണമെന്നു വിചാരിക്കുന്നില്ല. അറിയാതെകണ്ടു വല്ലവരും ഉണ്ടെങ്കിൽ അവരെ പ്രസ്തുത ഗ്രന്ഥത്തിന്ന് പ്രസാധകൻ എഴുതീട്ടുള്ള വലിയ മുഖവുര വായിക്കാനായി ക്ഷണിക്കയും ചെയ്തുകൊള്ളുന്നു.

കവികളും പ്രസ്ഥാനങ്ങളും നിമിഷംപ്രതി വൎദ്ധിച്ചുവരുന്ന ഇക്കാലത്ത് അവയിൽ ഗണ്യമായവയെക്കുറിച്ച് അറിയുന്നവർ എഴുതുന്നതായാൽ അതു പലൎക്കും ഉപകരിക്കുന്നതാണ്. പക്ഷെ നവീനപ്രസ്ഥാനമാഹാത്മ്യം വിവരിക്കുന്നതോടുകൂടി പണ്ടുള്ളവരുടെ വില കുറക്കുന്നതും ഒരു പരിഷ്കാരമായിട്ടുണ്ടെന്നു കാണുമ്പോൾ മുഖവുരകളുടെ പ്രയോജനത്തെപററി ഞങ്ങൾക്ക് സംശയം ജനിക്കാറുണ്ട്. കവിഹൃദയം കാട്ടുന്നതിൽ മേലെകിടയിൽനില്ക്കുന്ന ഈ മുഖവുരയിലെ "പണ്ടത്തെ മലയാളകവികളെ സ്മരിക്കുമ്പോൾ ഒന്നാമത് തുഞ്ചനും, രണ്ടാമത് കുഞ്ചനുമാണ് നമ്മുടെ സ്മൃതിപഥത്തിൽ എത്തുന്നത്. തുഞ്ചത്താചാൎയ്യനും ഒരു മഹാകവിതന്നെ. എന്നാൽ അദ്ദേഹത്തിന്റെ മഹാകവിത്വം തികച്ചും വെളിപ്പെടുത്തുവാൻ അക്കാലത്തെ ജനങ്ങളുടെ അവസ്ഥാവിശേഷം അനുവദിച്ചില്ല; ആളുകൾക്ക് കഥയുണ്ടാക്കിക്കൊടുക്കേണ്ട ഒരു കാലമായിരുന്നു അത്. ആ കൃത്യത്തിൽ എഴുത്തച്ഛൻ വിജയംതന്നെ നേടിതാനും. കുഞ്ചൻനമ്പിയാരാകട്ടെ ആളുകളെ ചിരിപ്പിപ്പാനാണ് അധികം ശ്രമിച്ചത്. അതിന്നു അദ്ദേഹം തന്റെ കവിതയെ പലപ്പോഴും, ആഭാസംകൂടിയായി തോന്നുന്നമട്ടിൽ തുള്ളികളിപ്പിച്ചുകൊണ്ടിരുന്നു. കുഞ്ചൻനമ്പിയാരുടെ കോമളങ്ങളായ കിളിപ്പാട്ടുകളെ ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ അവ സംസ്കൃതാലങ്കാ

രികന്മാരാൽ കെട്ടി പൊക്കപ്പെട്ട കൽത്തുറുങ്കിൽകിടന്നു പുരാണം ചൊല്ലുകയാണ് ചെയ്യുന്നതു്" എന്ന ഭാഗം വായിച്ചപ്പോൾ ഞങ്ങളുടെ സംശയത്തിന്നു ബലം കൂട്ടുകയും ചെയ്തു. ഭാഷയുടെ അപൂൎണ്ണതയും ഈ സംശയത്തെ സഹായിച്ചാൽ കവിതക്കു മാത്രമല്ല, മനസ്സിനും ദുഗ്രഹത വന്നേക്കാവുന്നതാണ്. മുഖവുരയേക്കാൾ പ്രാധാന്യം കൃതിക്കാണല്ലോ എന്ന സമാധാനമുള്ളതിനാൽ ഈ ഭാഗവും വിസ്തരിക്കാതിരിക്കുന്നതാണല്ലോ ഉചിതം.

പുളകാങ്കുരത്തിലുൾപ്പെടുത്തിയ നാലപ്പാടന്റെ കവനങ്ങളെല്ലാം വായനക്കാൎക്കും "പുളകോൽഗമകാരി"കളാവുമെന്നുള്ളതിലേക്കു ഞങ്ങൾക്കു രണ്ടുപക്ഷമില്ല.

അവതാരികയിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ ശ്രീമാൻ നാലപ്പാടന്റെ മാനസികപരിവൎത്തനത്തിന്നു പ്രസ്തുതഗ്രന്ഥം ഒരു നല്ല ദൃഷ്ടാന്തമാണ്. "വാനപ്രസ്ഥന്റെ വിരക്തി" "ഞാൻകണ്ട കുരുക്ഷേത്രം" "ഹിതകാരിത്വം" എന്നിവയുടെ കൎത്താവുതന്നെയാണോ "എങ്കിലും" "പ്രാണനും പ്രാണൻ' "നിസ്സാരം" എന്നീ കൃതികളുടെ കൎത്താവ് എന്നു സംശയിക്കത്തക്ക വ്യത്യാസം ആ കൃതികൾ തമ്മിലുണ്ട്. യൌവനത്തിളപ്പിൽ അറിയാതെ പോകുന്ന പ്രപഞ്ചശല്യങ്ങളോട് മല്ലിടുമ്പോൾ ഉണ്ടാകുന്ന ദേഷപരിഭവങ്ങളുടെ കൎക്കശശബ്ദങ്ങളാണ് ആദ്യത്തെ മൂന്നിലും കേൾക്കുന്നതെങ്കിൽ അവയെ നിശ്ശേഷം നിഗ്രഹിച്ച്, അവയുടെ പരമാൎത്ഥമറിഞ്ഞ ഒരു തത്വജ്ഞാനിയുടെ ഹൃദയത്തിൽനിന്നും പുറപ്പെടുന്ന ഒരു ശാന്തസംഗീതമാണ് മററുള്ളവയിൽ കുടികൊള്ളുന്നതു്. കവിയുടെ ഈ പുനൎജ്ജന്മത്തിന്നു അധികാരിയെന്നപോലെ "ഇന്നത്തെ അമ്മയും" സ്ഥിതിചെയ്യുന്നു. ഞാൻ കണ്ട കുരുക്ഷേത്രം തുഞ്ചത്താചാൎയ്യൻകണ്ട കുരുക്ഷേത്രത്തെ അനുസ്മരിപ്പിരിക്കുന്നു.

പ്രപഞ്ചത്തിന്റെ അന്ധകാരമയമായ ഭാഗത്തേക്ക് ആദ്യമായി വെളിച്ചം കാട്ടിത്തന്ന വിക്ടർ ഹ്യൂഗോ എന്ന ദിവ്യകവിയുടെ പ്രതിഭാവിലാസത്തെ "പാവങ്ങൾ"മൂലം നാലപ്പാടൻ ആരാധിക്കാൻ തുടങ്ങിയതും മേല്പറഞ്ഞ ഒരു പരിവൎത്തനത്തിന്നു ഒരു കാരണമായിത്തീൎന്നിരിക്കണം. മണിമാളികയെ ചുററിക്കൂടുന്ന സന്തോഷങ്ങളും വന്യാശ്രമത്തെ വളഞ്ഞുകൊണ്ടിരിക്കുന്ന വിശ്രമവിശ്രാന്തിയും നമുക്ക് പല കവീശ്വരന്മാരും അനുഭവപ്പെടുത്തീട്ടുണ്ട്. എന്നാൽ രണ്ടിനത്തിന്റെ

യും ഇടക്ക് ഇതു് രണ്ടിനേയും അനുസ്മരിക്കുന്നതും ചിലപ്പോൾ വിസ്തരിപ്പിക്കുന്നതും ആയ ഒരു ദീൎഘടശൃംഖലയുടെ കണ്ണികളുണ്ടെന്നും, ആ കണ്ണികളെ നിരത്തിനിൎത്തി ചങ്ങല ഇഷ്ടംപോലെ ഉപയോഗിക്കുവാൻ കഴിയുന്നതാണെന്നും അങ്ങിനെ ചെയ്താൽ രണ്ടററവും നമുക്ക് സ്വാധീനമാവുമെന്നും, "തിങ്കളീയല്ലിലാണെന്നു" എന്ന് ബോധമാകുമെന്നു ശ്രീമാൻ നാലപ്പാടനെപ്പോലെ ചുരുക്കം ചിലർ മാത്രമെ നമുക്ക് അനുഭവപൂൎവ്വം കാണിച്ചുതരുന്നുള്ളു. നവീനഭാഷാസാഹിത്യത്തിന്നു നാലപ്പാടൻെറ വകയായി ഉണ്ടായിട്ടുള്ള സംഭാവന മേൽ വിവരിച്ച മനോഭാവമാണ്. ഈ തത്വം അറിയാത്തവൎക്ക് നാലപ്പാടൻെറ കവിത ദുൎഗ്രഹമായിത്തന്നെയിരിക്കും.

പുസ്തകങ്ങളുടെ പ്രകൃതിക്കൊത്തവിധം ആകൃതിയും നന്നാക്കേണമെന്ന് ധരിച്ചിട്ടുള്ള മംഗളോദയം കമ്പനിയിലാണ് ഈ ഗ്രന്ഥവും അച്ചടിച്ചിട്ടുള്ളതെന്നു പറഞ്ഞാൽ പിന്നെ ഇതിൻെറ "മട്ടി"നെപ്പററി ഞങ്ങളൊന്നും പറയേണ്ടതായിട്ടില്ല.

---

ഞങ്ങളുടെ സാഹത്യനായകസംഘത്തിൽനിന്നും മി. സി. എസ്സ്. നായർ ഒഴിഞ്ഞ വിവരം കഴിഞ്ഞലക്കത്തിൽ അറിയിച്ചിരുന്നതു് വായനക്കാർ ഓൎക്കുന്നുണ്ടായിരിക്കാം. മി. നായരുടെ സാഹിത്യപരിശ്രമങ്ങളെപററി അറിയാത്തവർ സാഹിത്യലോകത്തിൽ ആരുംതന്നെ ഉണ്ടായിരിക്കയില്ല. അദ്ദേഹം ഞങ്ങളെ വിട്ടുപിരിഞ്ഞതിൽ ഞങ്ങൾ അത്യന്തം വ്യസനിക്കുകയും, അദ്ദേഹം അരുണോദയത്തിൻെറ ആരംഭം മുതൽ പിരിയുന്നതുവരെ സൎവ്വാത്മനാ ഞങ്ങളെ സഹായിച്ചതിന്നു വളരെ നന്ദിപറകയും ചെയ്തുകൊള്ളുന്നു.